*Financial Business (Contn...)*

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ഈ ബജറ്റിൽ പ്രത്യേകിച്ച് ഒരു വിസ്മയവുമില്ല. വിസ്മയം പ്രതീക്ഷിച്ച സർക്കാർ ജീവനക്കാർക്ക് ഉള്ളതുപോലും ലഭിക്കുമെന്ന് ഉറപ്പില്ലാത്ത സാഹചര്യമാണ്. ആദ്യത്തെ ബജറ്റിൽ ക്ഷേമ പെൻഷൻ 3000/- രൂപയായി വർധിപ്പിക്കുമെന്ന് പ്രതീക്ഷിച്ചവർക്കും വിസ്മയം ഉണ്ടായില്ല. പി.എം. ശ്രീ പദ്ധതി അറബിക്കടലിൽ വലിച്ചെറിയുമെന്ന് പറഞ്ഞവരും അത് നടപ്പാക്കിയില്ല. അതിലും വിസ്മയമില്ല. ഇങ്ങനെയുള്ള നിരവധി കാര്യങ്ങളിൽ ഒരു വിസ്മയവുമില്ലാത്ത ബജറ്റാണിത്. മലബാറിനെ പൊതുവെയും പാലക്കാട് ജില്ലയെ പ്രത്യേകിച്ചും പൂർണ്ണമായി അവഗണിച്ച ബജറ്റാണിത്. യു.ഡി.എഫ്.-ന് ഏറ്റവും കൂടുതൽ സീറ്റ് നൽകിയ മലബാർ പ്രദേശത്തിന് മറ്റുള്ള സ്ഥലങ്ങൾക്ക് നൽകിയതുപോലുള്ള പരിഗണന നൽകിയിട്ടില്ല. മുഖ്യമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പാലക്കാട് ജില്ലയ്ക്ക് ജയിൽ മാത്രമാണ് നൽകിയത്. പുതിയ ജയിൽ നിർമ്മിക്കുമെന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. മലപ്പുറം ജില്ലയിൽ സ്റ്റേഡിയം സ്ഥാപിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചതുപോലെ നോളജ് പാർക്ക് അടക്കമുള്ള കാര്യങ്ങളോ ധാതു സമ്പത്തുമായി ബന്ധപ്പെട്ട് കൊല്ലത്തിനും ബ്ലൂ ഇക്കോണമിയുടെ ഭാഗമായി ആലപ്പുഴയ്ക്കും സ്വർണ്ണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾക്ക് തൃശ്ശൂരിനും കൊച്ചിയ്ക്കും നൽകിയതുപോലുള്ള പരിഗണന മലബാർ മേഖലയ്ക്ക് നൽകിയിട്ടില്ല. ഇവിടെ കെ.എസ്.ആർ.ടി.സി.-യിലെ സൗജന്യ യാത്രയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയുകയുണ്ടായി. തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഓർഡിനറി എന്ന് പെർമനന്റായി എഴുതിയതിനുതാഴെ സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ ഒട്ടിച്ചിരിക്കുകയാണ്. പെർമനന്റായി എഴുതിയതിന്റെ പുറത്തുകൂടി സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ ഒട്ടിച്ചിരുന്നെങ്കിൽ ആളുകൾക്ക് കൺഫ്യൂഷൻ ഉണ്ടാകില്ലായിരുന്നു. മലബാറിൽ ഓർഡിനറി ബസ്സുകൾ വളരെക്കുറവായതിനാൽ ഇതിന്റെ പ്രയോജനം പോലും മലബാർ പ്രദേശത്തുള്ള സ്ത്രീകൾക്ക് ലഭ്യമാകുന്നില്ല. അതുകൊണ്ട് ഈ ബജറ്റിൽ മലബാറിനെയും പാലക്കാടിനെയും പ്രത്യേകമായി പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പുതിയ ജില്ലകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വരുന്നതായി അറിയാൻ കഴിഞ്ഞു. പട്ടാമ്പി കേന്ദ്രമാക്കി സാംസ്കാരികമായും ഭാഷപരമായും

മറ്റെല്ലാതരത്തിലും വള്ളുവനാടിന്റെ സംസ്കാരമുള്ള വള്ളുവനാട് ജില്ല രൂപീകരിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു.

ഈ ബജറ്റിൽ വീര്യം കുറഞ്ഞ മദ്യത്തിന് ഇളവ് പ്രഖ്യാപിച്ചിരിക്കുകയാണ്. വൻകിട കോർപ്പറേറ്റുകൾക്ക്, പ്രത്യേകിച്ച് ബക്കാർഡി കമ്പനിക്കുവേണ്ടി വകുപ്പുമന്ത്രിപ്പോലും അറിയാതെ ബജറ്റിൽ നികുതിയിളവ് പ്രഖ്യാപിച്ചിരിക്കുകയാണ്. 0.5 ശതമാനം മുതൽ 20 ശതമാനം വരെ ആൽക്കഹോൾ വീര്യമുള്ള ബിയർ, വൈൻ ഒഴികെയുള്ള മദ്യ ഉൽപന്നങ്ങളെ ലോ ആൽക്കഹോളിക് ബിവറേജ് എന്ന പ്രത്യേക വിഭാഗമായി പരിഗണിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ബിയറും വൈനും എന്തുകൊണ്ട് അതിൽ ഉൾപ്പെടുത്തിയില്ല? ഒരു പ്രത്യേക കമ്പനിക്കുവേണ്ടി മാത്രമാണ് അങ്ങനെ ചെയ്തത്. BECARDI Limited എന്ന കമ്പനി 2023-ൽ അപേക്ഷ നൽകിയിട്ടും നീങ്ങാത്ത ഫയൽ യു.ഡി.എഫ്. അധികാരത്തിലെത്തിയപ്പോൾ ശരവേഗത്തിലാണ് നീങ്ങിയത്. തിരഞ്ഞെടുപ്പിനുശേഷം അദാനിയുടെ ചാർട്ടേർഡ് വിമാനത്തിൽ അന്നത്തെ പ്രതിപക്ഷനേതാവ് കർണ്ണാടകയിലെ വലിയ ലോബികളെ പ്രത്യേകമായി കാണാൻ പോയതിന്റെ ഉദ്ദേശ്യം ഇതുകൂടിയായിരുന്നു എന്നതിന്റെ തെളിവല്ലേ അത്; അവിടെ പോയില്ലെന്ന് നിഷേധിക്കാൻ സാധിക്കുമോ; എന്തിനാണ് അവിടെ പോയത്; അവരുമായി ചർച്ച നടത്തിയത് കേരളത്തിന്റെ ഉത്തരവാദിത്വപ്പെട്ട പ്രതിപക്ഷ നേതാവായിരുന്നില്ലേ; അക്കാര്യം എന്താണ് സഭയിൽ പറയാതിരുന്നത്? കേരളത്തിലെ കർഷകരുടെ കൃഷി ഉൽപന്നങ്ങളും പഴവർഗങ്ങളുംകൊണ്ട് നിർമ്മിക്കുന്ന മദ്യത്തിന് ഇളവ് കൊടുക്കുകയാണെങ്കിൽ ഇവിടത്തെ കർഷകർക്ക് ഗുണം ലഭിക്കാനാണെന്ന് പറയാം. എന്നാൽ കർണാടകയിലെ സ്പിരിറ്റ് ലോബിയെ സഹായിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രി അറിയാതെ കേരളത്തിലെ ബജറ്റിൽ ഇങ്ങനെ ചെയ്യുന്നത് എന്തിനാണെന്നാണ് എന്റെ ചോദ്യം. ഇതുമാത്രമല്ല, വലിയ ഭൂകമ്പമുണ്ടാക്കുമെന്ന് പറഞ്ഞ് പുറപ്പെടുവിച്ചതാണ് ധവളപത്രം. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനും ലയിപ്പിക്കാൻ പോകുകയാണെന്ന് ധവളപത്രത്തിൽ പറയുന്നുണ്ട്. എല്ലായിടത്തും നമുക്ക് മദ്യം സുലഭമാക്കാനുള്ള സംവിധാനത്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ഞാൻ സത്യമായ കാര്യമാണ് പറയുന്നത്, (ധവളപത്രത്തിലെ പ്രസ്തുത ഭാഗം

വായിക്കുന്നു) 'ഇങ്ങനെ ചെയ്താൽ സിവിൽ സപ്ലൈസ് വിഭാഗത്തിനുണ്ടാകുന്ന നഷ്ടം ബിവറേജസ് വിഭാഗത്തിന്റെ ലാഭത്തിൽനിന്ന് നികത്താനും അതുവഴി സർക്കാരിന്റെ വലിയൊരു നികുതി ബാധ്യത ഒഴിവാക്കാനും സാധിക്കുമെന്ന് കമ്മിറ്റിയുടെ അഭിപ്രായമാണ്''. ഇതിലൂടെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനും ഒന്നാക്കി മാറ്റുകയെന്ന ഉദ്ദേശ്യമാണ്.

ഭരണപക്ഷത്ത് ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇരിക്കുന്നുണ്ട്, മദ്യ നിരോധനമായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷം ആവശ്യപ്പെട്ടത്, ഇപ്പോൾ വീര്യം കുറഞ്ഞ മദ്യം ഹലാൽ ആയോയെന്നുള്ള ഒരു ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. എന്താണ് ഇതിന്റെ സാഹചര്യം?

ഈ ബജറ്റിൽ ആദ്യം ഇവിടത്തെ പ്രധാനപ്പെട്ട പ്രയോരിറ്റികളെല്ലാം അതായത് മിനറൽസ്, പോർട്ടുകൾ, വിമാനത്താവളങ്ങൾ കൂടാതെ എല്ലാ പ്രധാന മേഖലകളും വിൽപന നടത്താനും അതുവഴി വരുമാനം ഉണ്ടാക്കാനുമുള്ള പ്രൊപ്പോസലുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ ഈ മേഖലകളിലൊക്കെ ബിസിനസ് കൈകാര്യം ചെയ്യുന്നത് അദാനി ഗ്രൂപ്പാണ്. ADANI–MODI NEXUS-നെക്കുറിച്ച് ഏറ്റവും ശക്തമായി പറയുകയും അദാനിക്കെതിരെ സംസാരിക്കാതിരിക്കാനാണ് എന്നെ അയോഗ്യനാക്കിയതെന്ന് പറഞ്ഞതും ശ്രീ. രാഹുൽ ഗാന്ധിയാണ്. അദ്ദേഹം എതിർത്ത അദാനിയുടെ ചാർട്ടേർഡ് ഫ്ലൈറ്റിൽ കേരളത്തിന്റെ ഉത്തരവാദിത്വപ്പെട്ട പ്രതിപക്ഷ നേതാവായിരുന്ന ഇപ്പോൾ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. വി. ഡി. സതീശൻ എന്തിന് പോയിയെന്ന് അറിയണ്ടേ? ശ്രീ. വി. എം. സുധീരൻ, ശ്രീ. കെ. സി. വേണുഗോപാൽ എന്നിവരടക്കമുള്ളവർ ഇതിൽ സംശയം പറഞ്ഞത് അതുകൊണ്ടാണ്, ഞങ്ങൾക്ക് മാത്രമല്ല സംശയമുള്ളത്. ബ്ലൂ ഇക്കോണമി, ഏവിയേഷൻ ഹബ് അടക്കമുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ട് കേരളത്തിന്റെ പ്രധാന മേഖലകൾ വൻകിട കോർപ്പറേറ്റുകൾക്ക് വിൽക്കാൻ ഒരുങ്ങുകയാണ്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സൗജന്യമാണെന്നാണ് ഈ ബജറ്റിൽ പറയുന്നത്, എന്നാൽ പിന്നീട് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് വളരെ പാവപ്പെട്ടയാളുകൾക്ക് പ്രീമിയം വേണ്ടെന്നും ബാക്കിയുള്ളവർ പ്രീമിയം അടയ്ക്കേണ്ടിവരുമെന്നുമാണ്. നിലവിൽ പണമുള്ള ആളുകൾ പ്രീമിയം അടച്ച് ആരോഗ്യ ഇൻഷ്വറൻസ് എടുക്കുന്നുണ്ട്. സർക്കാർ ഒരു കമ്പനിയെക്കൊണ്ടുവന്ന് കേരളത്തിലെ മുഴുവൻ ആളുകളും compulsory ആയി പ്രീമിയം അടയ്ക്കണമെന്നുപറയുന്നത് ഏത് കമ്പനിക്കുവേണ്ടിയാണെന്ന് വെളിപ്പെടുത്തണം. സർക്കാർ സൗജന്യ ചികിത്സയ്ക്കുള്ള ഫണ്ട് മാത്രം നൽകുകയും ആരോഗ്യമേഖലയിൽനിന്നും പിന്മാറുകയും ചെയ്തുകൊണ്ട്....., പ്രൈവറ്റ് ആശുപത്രികളിലേക്ക് പോകുമ്പോൾ ഇൻഷ്വറൻസ് ഉള്ളത് നല്ലതാണ്. പൊതുമേഖലയിൽ ഇൻഷ്വറൻസ് സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പാക്കിയാൽ നല്ലതുതന്നെയാണ്. കൃത്യമായ ചികിത്സ ഉറപ്പ് വരുത്തേണ്ടതുണ്ട്. 1 ലക്ഷം രൂപ ചികിത്സാ ചെലവ് 10 ലക്ഷം രൂപയാക്കി വാങ്ങിയെടുക്കാൻ പ്രൈവറ്റ് ആശുപത്രികൾ നോക്കിയാൽ, നാളെ ഇൻഷ്വറൻസ് ഇല്ലാതെ ഒരാൾ ആശുപത്രിയിലെത്തി ആ ചികിത്സയ്ക്ക് ചെലവ് കൂടിയാൽ, വിദേശ രാജ്യങ്ങളിലേതുപോലെ ഇൻഷ്വറൻസിനുവേണ്ടി കാലങ്ങളോളം കാത്തിരുന്ന് ചികിത്സ നേടേണ്ട സാഹചര്യമുണ്ടായാൽ ആരാണ് ഉത്തരം നൽകുക; അതിനുള്ള കൃത്യമായ ഗൈഡ്ലൈൻ തയ്യാറാക്കിയിട്ടുണ്ടോ? തീർച്ചയായും തയ്യാറാക്കേണ്ടതുണ്ട്. വെറും 10 കോടി രൂപ മാത്രമാണ് ഇതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ അദാനിയുടെ ബ്ലൂ ഇക്കോണമി അടക്കമുള്ള മേഖലകളിലേക്ക് 1500 കോടി രൂപയിലധികം വരുന്ന തുകയാണ് വകയിരുത്തിയിട്ടുള്ളത്. കാൻസർ അടക്കമുള്ള മാരക രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി സാധാരണക്കാർക്ക് ഒരു ആപ്പ് ഡെവലപ്പ് ചെയ്യുന്നതിന് 1 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അവരുടെ ചികിത്സ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പണത്തെക്കുറിച്ച് പറയുന്നില്ല. അദാനിക്ക് 1500 കോടി രൂപയും സാധാരണക്കാരുടെ ചികിത്സാ സംവിധാനത്തിനുള്ള ആപ്പ് ഡെവലപ്പ് ചെയ്യുന്നതിന് 1 കോടി രൂപയും എന്നതാണ് സാഹചര്യം. ഇന്ദിരാ ഗാരന്റിയുടെ മറവിൽ ഈ സർക്കാർ പൂർണമായും മോദിയുടെ ഗാരന്റി നടപ്പാക്കുകയാണ്. ഈ ഗാരന്റി നടപ്പാക്കുന്നത് യൂണിവേഴ്സിറ്റികളിൽ നാം കാണുകയാണ്. കഴിഞ്ഞ ദിവസത്തെ വാർത്ത

കണ്ടില്ലേ; മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ വിലയിരുത്തലിനായുള്ള വിദഗ്ധ സമിതിയിൽനിന്നും കേരളത്തിന്റെ പ്രതിനിധിയെ ഒഴിവാക്കിയതിൽ ഈ ഗവൺമെന്റിന് ഒരു പ്രതികരണവുമില്ല. മാത്രമല്ല, സംഘ്പരിവാർ എല്ലാമേഖലയിലും കടന്നുകൂടുകയാണെന്ന് നമുക്കറിയാം. പി. എം. ശ്രീ പദ്ധതി നടപ്പാക്കില്ലെന്ന് പറഞ്ഞ് അധികാരത്തിലെത്തി, നിങ്ങൾ എനിക്ക് വോട്ട് ചെയ്താൽ പി.എം. ശ്രീ പദ്ധതി അറബിക്കടലിൽ ഇടുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടാണ് ഇവിടത്തെ ഒരു മന്ത്രി തിരഞ്ഞെടുപ്പിനെ നേരിട്ടത്. ഈ പദ്ധതി അറബിക്കടലിൽ ഇടുന്നതിന് വോട്ടർമാർ കാത്തിരിക്കുന്നില്ല, കാരണം ഈ വാക്കിന്റെ വില എത്രയായിരിക്കുമെന്ന് അവർക്കറിയാം. എന്നാൽ കേരളത്തിലെ ജനങ്ങളോട് മറുപടി പറയണ്ടേ? പി.എം. ശ്രീ പദ്ധതി ആരംഭിച്ചപ്പോൾത്തന്നെ ഈ പദ്ധതിയിൽ ഏറ്റവും കൂടുതലായി ഒപ്പുവച്ചത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. 2023-ൽ ഛത്തീസ്ഗഡ് കോൺഗ്രസ് ഭരണത്തിലായിരുന്നപ്പോൾ പി.എം. ശ്രീ പദ്ധതിയിൽ ഒപ്പുവച്ചു. ഹിമാചൽ പ്രദേശ്, കർണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലൊന്നും കോൺഗ്രസ് പി.എം. ശ്രീ പദ്ധതിക്ക് എതിർപ്പ് പറഞ്ഞിട്ടില്ല. എന്നാൽ കേരളത്തിൽ ഈ പദ്ധതിക്ക് എതിർപ്പ് പറയുകയും 30 ദിവസത്തിനുള്ളിൽ പിൻവലിക്കാമായിരുന്നത് 22 ദിവസത്തിനുള്ളിൽത്തന്നെ ഞങ്ങൾ പി.എം. ശ്രീ പദ്ധതിയിലേക്ക് ഇല്ലെന്നുപറഞ്ഞ് കത്ത് നൽകിക്കൊണ്ട് അത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. നമുക്ക് മുമ്പിൽ പഞ്ചാബിന്റെ example ഉള്ളതുകൊണ്ട് ഈ പദ്ധതിയിൽനിന്നും ഇപ്പോൾ വേണമെങ്കിലും നമുക്ക് പിൻമാറാവുന്നതാണ്. ടി പദ്ധതി പിൻവലിക്കുമോയെന്ന് ചോദിക്കുമ്പോൾ കൃത്യമായ മറുപടിയില്ലാത്തത് എന്തുകൊണ്ടാണ്? സംഘ് പരിവാർ രാഷ്ട്രീയത്തിനുവേണ്ടി വളഞ്ഞുവളഞ്ഞ് നട്ടെല്ല് പൂർണമായും പൊട്ടിപ്പോകും, അത്രയും അപകടകരമായ സാഹചര്യത്തിലാണുള്ളത്. എന്താണ് സംശയം; എം. ജി. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെ നിയമിച്ചത് ആരാണ്?

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, പ്രസംഗം ചുരുക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: മാഡം, പ്രസംഗം ചുരുക്കുകയാണ്. സംഘ് പരിവാറിന്റെ അധ്യാപക സംഘടനയുടെ നേതാവിനെ എം. ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി നിയമിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭരിക്കുന്ന കേരളത്തിലാണ്. എന്തുകൊണ്ടാണ് ഇതിൽ അഭിപ്രായമില്ലാത്തത്; ബഹുമാനപ്പെട്ട ഗവർണറോട് ഏറ്റുമുട്ടാനില്ലെന്ന് പറഞ്ഞുകൊണ്ട് തലകുനിച്ച് നിൽക്കുകയാണ്. മാത്രമല്ല, പത്തൊൻപതോളം വരുന്ന സംഘ് പരിവാറുകാരെ ഈ സെനറ്റിലേക്ക് നിയമിച്ചപ്പോൾ ഒന്ന് ശബ്ദമുയർത്താൻപോലും തയ്യാറായില്ല. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ശബ്ദമുണ്ടോ? ഒന്നും പറയുന്നില്ല. ഗവർണറുടെ സ്വന്തം ആളെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. സംഘ് പരിവാർ രാഷ്ട്രീയം വിദ്യാഭ്യാസത്തിൽ മസ്തിഷ്കത്തിലേക്ക് കയറ്റിവിടാനും തലമുറയെ മാറ്റുന്നതിനും വേണ്ടിയാണ് ഇടപെടുന്നതെന്ന് പറയുമ്പോൾ അതിന് പച്ചപ്പരവതാനി വിരിച്ചുകൊടുക്കുകയാണ്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്, സമയം അധികമായി.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: മാഡം, ഇതൊക്കെ ഹറാം ആയിരുന്ന ലീഗിനും ഇന്ന് ഇത് ഹലാൽ ആയി മാറിയിരിക്കുകയാണ്. എന്നോട് എന്റെ നാട്ടിലെ ലീഗിന്റെ പ്രവർത്തകരടക്കമുള്ളവർ ഇക്കാര്യം ഇവിടെ പറയണമെന്ന് ആവശ്യപ്പെട്ടതാണ്. പി. എം. ശ്രീ-യിൽനിന്നും പിന്മാറാൻ ധൈര്യപൂർവം നിൽക്കേണ്ടതല്ലേ; അതിന് ആർജവമില്ലാത്തത് എന്തുകൊണ്ടാണ്?

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, സമയം കഴിഞ്ഞു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: മാഡം, എനിക്ക് ഒരു കാര്യം പറയാനുള്ളത്, പി.എം. ശ്രീ പദ്ധതിയിൽനിന്നും ഇനിയും പിന്മാറാൻ സമയമുണ്ട്. അതിന് സാധിക്കുകയും ചെയ്യും. പക്ഷേ നട്ടെല്ല് നിവർത്തിക്കൊണ്ട് അഭിപ്രായം പറയണം. വീര്യം കുറഞ്ഞ മദ്യത്തിന്റെ കാര്യത്തിൽ ഹലാൽ ആയിപ്പോയോ.....

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, സമയം കഴിഞ്ഞു, പ്ലീസ്, പ്ലീസ്.

ശ്രീ. മുഹമ്മദ് മുഹസിൻ: മാഡം, അദാനിക്കുവേണ്ടിയും മോദിക്കുവേണ്ടിയും ഇവിടം ഭരിക്കുന്ന സാഹചര്യത്തിലേക്ക് പോകുകയാണെങ്കിൽ അതിനെ ശക്തമായി എതിർക്കുന്നതാണ്. ഈ ബജറ്റിനെ എതിർക്കുകയാണ്.

ശ്രീ. അപ്പു ജോൺ ജോസഫ്: മാഡം, യുവജനങ്ങൾ മുതൽ വയോധികർ വരെയുള്ള കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

Gen-Z (Generation Z), ഉപാധിരഹിത പട്ടയം ക്രമവൽക്കരണം, വന്യജീവി സെൻസസ്, ബഹുവിള കൃഷി തുടങ്ങി കാർഷിക മേഖലയിൽ പ്രത്യേകമായി മലയോര മേഖലയ്ക്ക് വളരെയേറെ പ്രതീക്ഷ നൽകുന്ന ഒരു ബജറ്റാണ് ഇത്. നിലവിലുള്ള കെട്ടിടങ്ങൾ ഉപാധിരഹിതമായി ക്രമവൽക്കരിച്ച് നൽകുമെന്ന് പറയുമ്പോൾ ഇനി മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഇതേ കാര്യത്തിൽ ഒരു തീരുമാനം എടുക്കണമെന്ന് ഞാൻ താഴ്മയോടുകൂടി അഭ്യർഥിക്കുകയാണ്. തിരഞ്ഞെടുപ്പ് വാഗ്ദാനമായ ഉപാധി രഹിത പട്ടയത്തിന്റെ കാര്യത്തിലും ത്വരിതഗതിയിൽ തീരുമാനമെടുക്കണമെന്ന് ഞാൻ താഴ്മയോടെ അഭ്യർഥിക്കുകയാണ്. മറ്റൊരു വിപ്ലവകരമായ പ്രഖ്യാപനമാണ് 'മിഷൻ സമുദ്ര'. കേരളത്തിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള ഈ മേഖലയെക്കുറിച്ച് പറയുമ്പോൾ ഒരുകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പണ്ടുകാലങ്ങളിൽ കിഴക്കൻമേഖലകളിൽനിന്നുള്ള ചരക്കുകളും കാർഷിക ഉൽപന്നങ്ങളും സുഗന്ധവിളകളുമെല്ലാം ചരക്കുനീക്കം നടത്തിയിരുന്നത് കെട്ടുവള്ളങ്ങൾ മുഖേനയാണ്. കേരളത്തിലെ ആകെ 44 നദികളിൽ 41 എണ്ണവും കിഴക്കുനിന്ന് പടിഞ്ഞാറോട്ടാണ് ഒഴുകുന്നത്. ചരക്കുനീക്കത്തിന് പണ്ടുകാലത്ത് ഈ നദികളെയാണ് ആശ്രയിച്ചിരുന്നത്. ഇന്നും മേൽസൂചിപ്പിച്ച നദികളിൽ പ്രധാനപ്പെട്ട മൂന്ന് വലിയ നദികളായ പമ്പയും പെരിയാറും ഭാരതപ്പുഴയും കഴിഞ്ഞാൽ തൊടുപുഴ-മൂവാറ്റുപുഴയാർ, മണിമലയാർ, ചാലിയാർ, അച്ചൻകോവിലാർ തുടങ്ങിയ നിരവധി പുഴകൾ നമുക്കുണ്ട്. ഇവ സഞ്ചാരയോഗ്യമാക്കാനുള്ള ശ്രമം നടത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ പുഴകളിൽ പലയിടത്തും തടയണകളുണ്ടെന്ന് നമുക്കറിയാം. തടയണകളുള്ള പ്രദേശങ്ങളിൽ നൂതന

സാങ്കേതികവിദ്യകളായ വാട്ടർ എലവേറ്റേഴ്സ്, ബോട്ട് ഷൂട്ട്സ്, വാട്ടർ ബൈപ്പാസ് വിത്ത് ഷട്ടേഴ്സ്, ഡീഫ്ലേഷൻ ഡാമുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി വീണ്ടും ആ പാത തിരഞ്ഞെടുക്കുകയാണെങ്കിൽ ചരക്കുഗതാഗതം സുഗമമാക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഇന്ന് രാവിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം നമ്മുടെ വികസന അസമത്വവുമായി ബന്ധപ്പെട്ട് ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയായി ഒരു കമ്മീഷനെ രൂപവൽക്കരിക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈക്കൊണ്ടിട്ടുണ്ട്. 2023 മേയ് മാസത്തിൽ അന്നത്തെ സർക്കാരിന് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും ഫെബ്രുവരി മാസത്തിലാണ് അത് പബ്ലിഷ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്മീഷനെ നിയോഗിക്കുമ്പോൾ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനിലെ ന്യായമായ ആവശ്യങ്ങൾകൂടി പരിഗണിക്കണമെന്ന് താഴ്മയോടുകൂടി അഭ്യർഥിക്കുകയാണ്. അതുപോലെ ഭിന്നശേഷി സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം നമ്മുടെ ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പരമാവധി സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. അതായത്, 18 വയസ്സിൽ താഴെയുള്ള നൂറിലധികം വിദ്യാർഥികളുണ്ടെങ്കിൽ മാത്രമെ എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ അത് 23 വയസ്സാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ഭേദഗതികൾ വരുത്തണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ മൂവാറ്റുപുഴയിൽനിന്ന് തൊടുപുഴ വഴി ഇടുക്കിയിലേക്ക് കടന്നുപോകുന്ന പെരുമാങ്കണ്ടം-വെസ്റ്റ് കോടിക്കുളം-പരിയാരം-പാറമട റോഡിലെ 6 കോടി രൂപയുടെ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇതിനുവേണ്ടി രണ്ട് കോടി രൂപയാണ് അനുവദിച്ചത്. പക്ഷേ അതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അതിന്റെ പണിയും ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികളുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അതുപോലെ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരള ചരിത്രത്തിന്റെ ഭാഗമാകുന്ന നിയമസഭയിൽ, ഞാൻ എന്നും കണ്ടുകൊണ്ടിരിക്കുന്ന, നിയമസഭാ സെക്രട്ടറിയുടെ കീഴിൽ ജോലി ചെയ്യുന്ന നമ്മുടെ ഓരോ പ്രസംഗങ്ങളും വള്ളി പുള്ളി വിടാതെ രേഖപ്പെടുത്തുന്ന,

നമുക്കുവേണ്ടി ഈ സേവനം ചെയ്യുന്നവർക്കും വാച്ച് ആൻഡ് വാർഡ് ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥർക്കും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളുടെ പേരിലും എന്റെ വ്യക്തിപരമായ പേരിലും നന്ദി അറിയിക്കുകയാണ്. അവരെ ഞാൻ ഈ നിയമസഭയുടെ പേരിൽ പ്രണമിക്കുന്നു. നന്ദി അർപ്പിക്കുന്നു.

ശ്രീ. വി. മുരളീധരൻ: മാഡം, ഈ ബജറ്റ് വിസ്മയം തീർക്കുമെന്നാണ് ഭരണമുന്നണിയിലെ അംഗങ്ങൾ പറഞ്ഞിരുന്നത്. എന്നാൽ ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ വെറും വിസ്മയമല്ല വൻവിസ്മയമാണ് നമ്മളെല്ലാവരും കണ്ടത്. കാരണം, മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമെന്നുള്ളത് കാറ്റിൽ പറത്തുന്ന ഒരു സാഹചര്യമാണ് ബജറ്റിലൂടെ പുറത്തുവന്നത്. സഹകരണ-എക്സൈസ് വകുപ്പുമന്ത്രി അറിയാതെ ബജറ്റിൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. ഇതിനെയാണോ പുതുയുഗ കേരളം എന്നുപറയുന്നത്? ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനമാണ് വീര്യം കുറഞ്ഞ മദ്യം എന്നുള്ള പുതിയ കാറ്റഗറി. ആ നയം തിരുത്താനല്ലേ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തിരുന്ന ആളുകളെ ഇപ്പോൾ ഭരണപക്ഷത്തേക്ക് കൊണ്ടുവന്നിട്ടുള്ളത്. പക്ഷെ, കഴിഞ്ഞ സർക്കാർ കൈക്കൊണ്ട സമാന തീരുമാനമാണ് ഇപ്പോഴത്തെ സർക്കാരും സ്വീകരിക്കുന്നത്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനും യുവതലമുറയെ ലഹരിയിലേക്ക് നയിക്കാനുമുള്ള ഈ തീരുമാനമെടുക്കാൻ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രേരിപ്പിച്ച ഘടകം എന്താണ്? ഇവിടെ പല ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇതൊക്കെ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രമറിയുന്ന ആളുകൾക്കറിയാം. പഴയ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ കാലത്താണ് ബാർ കോഴ എന്ന വലിയൊരു സംഭവം നടന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങളും വാദപ്രതിവാദങ്ങളുമുണ്ടായി. ഇപ്പോഴത്തെ സർക്കാരിന്റെ തീരുമാനം രണ്ടാം ബാർ കോഴയാണോ എന്നാണ് കേരളത്തിലെ ജനങ്ങൾ സംശയിക്കുന്നത്. ഈ ബജറ്റിൽ നിരവധി പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. 'മിഷൻ സമുദ്ര', പലതരം വാലികളും സോണുകളും പ്രഖ്യാപിക്കുന്നു, പ്രാവർത്തികമാക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണോ ഇവയെല്ലാം പ്രഖ്യാപിച്ചത്?

തീരമേഖലയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തണമെന്നുള്ള നിലപാടാണ് മിഷൻ സമുദ്രയുടെ പിന്നിലെങ്കിൽ അവിടത്തെ സ്റ്റേക്ക് ഹോൾഡേഴ്സായിട്ടുള്ള തീരദേശ ജനതയുമായി ഇക്കാര്യം സംസാരിച്ചോ; അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോ; ഇന്നലെത്തന്നെ ഈ സഭയിൽ ഉയർന്ന പ്രധാനപ്പെട്ട വിഷയം തീരമേഖല നേരിടുന്ന കടലാക്രമണ ഭീഷണിയെ സംബന്ധിച്ചായിരുന്നു. മുതലപ്പൊഴി നമ്മുടെ തൊട്ടടുത്ത് കിടക്കുന്ന ഒരു തീരപ്രദേശമാണ്. അവിടെയുള്ള പ്രശ്നങ്ങൾ എത്രയോ കാലങ്ങളായി പരിഹരിക്കപ്പെടാതെ നിലനിൽക്കുകയാണ്. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ നടത്തുന്ന ഒരു വികസന പ്രഖ്യാപനങ്ങളും പ്രാവർത്തികമാകില്ലെന്നതിന് നമ്മുടെ മുന്നിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിവേഗ റെയിൽ എന്ന പദ്ധതിക്കായി കേരളത്തിലെ സാധാരണക്കാരുടെ അടുക്കളയിൽ കയറി കല്ലിട്ട കാര്യം നമുക്കെല്ലാവർക്കുമറിയാം. എന്നാൽ അതിന്റെ അവസാനം എന്തായി; അവസാനം അതെല്ലാം പിൻവലിക്കേണ്ടി വന്നില്ലേ? ഈയൊരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഇപ്പോൾ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ പ്രാവർത്തികമാകണമെങ്കിൽ അതിനുവേണ്ടിയിട്ടുള്ള അടിസ്ഥാനസൗകര്യ വികസനങ്ങളുണ്ടാകണം. കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളാണ് ഞാൻ. ടെക്നോപാർക്കിൽ 85000 പേരാണ് ജോലി ചെയ്യുന്നത്. ടെക്നോപാർക്കിന്റെ വികസനത്തിനുവേണ്ടി മാത്രം പണം അനുവദിച്ചതുകൊണ്ട് കാര്യമില്ല. അതിന്റെ തൊട്ടടുത്ത പ്രദേശമായ മുള്ളുവിളയിലെ വെള്ളക്കെട്ട് കാരണം അവിടെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. മാത്രമല്ല, ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന ആളുകൾ താമസിക്കുന്ന സമീപപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന വലിയൊരു കമ്പനിയുടെ ചുമതലക്കാരൻ കഴിഞ്ഞ ദിവസം എന്നെ കാണുകയും ആ കമ്പനിയിൽ മാത്രം കുടിവെള്ളത്തിനുവേണ്ടി പ്രതിവർഷം ഒരു കോടി രൂപയാണ് അവർ ചെലവിടുന്നുണ്ടെന്നുമാണ് പറഞ്ഞത്. ഇങ്ങനെയാണെങ്കിൽ ഞങ്ങൾ ഇവിടെ നിന്ന് വിട്ടുപോകേണ്ടി വരുമെന്നാണ് അവർ പറയുന്നത്. മറ്റ് സംസ്ഥാനങ്ങളെ

അപേക്ഷിച്ച് കേരളത്തിൽ ഓപ്പറേറ്റിങ് കോസ്റ്റ് കൂടുതലാകുന്ന ഒരു സ്ഥിതിവരികയാണ്. ഈ സാഹചര്യത്തിന് മാറ്റംവരുത്താതെ പ്രഖ്യാപനങ്ങൾ മാത്രം നടത്തിയതുകൊണ്ട് കാര്യമുണ്ടോ; ഭരണഘടനയുടെ ആർട്ടിക്കിൾ 202 പ്രകാരം ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ആണ് ബജറ്റ് എന്നത്. ബജറ്റ് ഒരു നയരേഖ മാത്രമല്ല, വ്യക്തമായിട്ടുള്ള വരവുചെലവുകൾ കാണിക്കുന്ന യഥാർഥ ധനകാര്യ പത്രികകൂടിയാണ്. പക്ഷെ, ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളതിൽ ഏതെങ്കിലും ആ തരത്തിലുള്ളവയാണോ? ഇവിടെ നടന്നിട്ടുള്ള പ്രഖ്യാപനങ്ങൾ കഴിഞ്ഞ കാലങ്ങളിലെ തുടർച്ചയാണ്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങളിൽ ഔട്ടർ റിങ് റോഡിന് 1000 കോടി രൂപയും ജ്യൂഡീഷ്യൽ സിറ്റിക്ക് 1000 കോടി രൂപയും കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 157 കോടി രൂപയും എല്ലാ പഞ്ചായത്തുകളിലും വർക്ക് നിയർ ഹോം പദ്ധതിക്ക് 10 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പക്ഷെ ഇതിൽ എന്താണ് നടന്നതെന്ന് നമുക്കറിയാം? 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 'കെ-ഹോംസ്' ടൂറിസം പദ്ധതിക്ക് 5 കോടി രൂപയും വിഴിഞ്ഞം-കൊല്ലം-പുനലൂർ ഗ്രോത്ത് ട്രയാംഗിളിന് 1000 കോടി രൂപയും വയനാട് ഉരുൾപൊട്ടൽ പുനരധിവാസ ടൗൺഷിപ്പിന് 750 കോടി രൂപയും കേരള സീപ്ലെയിൻ സർവീസിന് 50 കോടി രൂപയുമാണ് പ്രഖ്യാപിച്ചിരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടർന്ന പ്രഖ്യാപനങ്ങളുടെ പെരുമഴ.....

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം...

<u>ശ്രീ. വി. മുരളീധരൻ</u>: മാഡം, ആ പെരുമഴ തുടരാനാണോ ജനങ്ങൾ പഴയ സർക്കാരിനെ അധികാരത്തിൽനിന്ന് ഇറക്കിയിട്ട് അവിടെ മറ്റൊരു സർക്കാരിനെ അവരോധിച്ചത്; ഏത് കാലത്താണ് കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ ആരംഭിച്ചത്? മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി അവതരിപ്പിച്ച ബജറ്റിൽ 20 കോടി ഇയർമാർക്ക് ചെയ്തു. അതിനുശേഷം അധികാരത്തിൽ വന്ന അന്നത്തെ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് 2017-18-ൽ ലൈറ്റ് മെട്രോയുടെ വിശദമായ പ്രോജക്ട്

റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നാണ്. എന്നാൽ ഇത്തവണയും അനുവദിച്ചിരിക്കുന്നത് 20 കോടി രൂപയാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......പ്ലീസ്.....കൺക്ലൂഡ്

ശ്രീ. വി. മുരളീധരൻ: മാഡം, ഇങ്ങനെ പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്നതിനുപകരം.........ഞാൻ അവസാനിപ്പിക്കുകയാണ്. അവിടെയാണ് കേന്ദ്ര സർക്കാരിന്റെ ബജറ്റും കേരളത്തിൽ നാലഞ്ച് പതിറ്റാണ്ടുകളായി അവതരിപ്പിച്ച ബജറ്റുകളും തമ്മിലുള്ള വ്യത്യാസം. 2024-2025, 2025-2026 എന്നീ സാമ്പത്തിക വർഷങ്ങളിലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തിയാക്കിയ നിരവധി ഉദാഹരണങ്ങളുണ്ട്. 'പി.എം. സൂര്യഘർ' പദ്ധതിയിലൂടെ പ്രതിമാസം 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി നൽകുന്ന, 78,000 രൂപ കേന്ദ്ര സബ്സിഡി നൽകുന്ന, നാളിതുവരെ 35 ലക്ഷം റൂഫ് ടോപ്പ് ഇൻസ്റ്റലേഷൻ പൂർത്തിയായി.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.. പ്ലീസ് കൺക്ലൂഡ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. മുരളീധരൻ: മാഡം ഞാൻ അവസാനിപ്പിക്കുകയാണ്. കേന്ദ്ര സഹായമായിട്ട് 24,896 കോടി രൂപ വിതരണം ചെയ്തു. ഈ രീതിയിൽ പോകുന്നതിനുപകരം ശ്രീ. നരേന്ദ്ര മോദിയെ വിമർശിച്ചതുകൊണ്ട് കാര്യമില്ല. ശ്രീ. നരേന്ദ്ര മോദി പ്രഖ്യാപിക്കുന്നത് നടപ്പാകുന്ന പദ്ധതികളാണ്. ആ പദ്ധതികൾ നടപ്പാക്കുന്നത് (മൈക്ക് ഓഫ്)........

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അങ്ങ് ഇരിക്കണം. സമയ ക്ലിപ്തത പാലിക്കണമെന്ന് ഇന്ന് രാവിലെയും ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകമായി പറഞ്ഞതാണ്.

ശ്രീ. സജി ചെറിയാൻ: മാഡം, ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി മാത്രമാണ് ഈ ചർച്ച കേൾക്കാനായി സഭയിലിരിക്കുന്നത്. ഇപ്പോൾ വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രിയും വന്നു. ഇത് ശരിയായൊരു കാര്യമല്ല, അത് ശ്രദ്ധിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഇക്കാര്യങ്ങളെല്ലാം നോട്ട് ചെയ്യാനാണ് ഞാൻ ഇവിടെയിരിക്കുന്നത്.

ശ്രീ. ഉല്ലാസ് കോവൂർ: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു. ഒരു സ്വപ്നത്തിന്റെ കൈ പിടിച്ച് സാന്റിയാഗോ എന്ന ഇടയബാലൻ അവന്റെ ആഗ്രഹ സാക്ഷാത്കാരത്തിനായി നടത്തുന്ന കഠിനമായ ഒരു യാത്രയുണ്ട്. അതികഠിനമായ ആ യാത്ര ഉപേക്ഷിച്ച് അവന് സുരക്ഷിതമായ ജീവിതത്തിലേക്ക് മടങ്ങാമായിരുന്നു. എന്നാൽ പ്രതിസന്ധികൾ അതിജീവിച്ച് ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അവൻ തുടർന്നപ്പോൾ പൂർണ്ണമനസ്സോടെ ആഗ്രഹിച്ചത് നേടിയെടുക്കാൻ പ്രപഞ്ചം മുഴുവൻ അവന്റെയൊപ്പം നിന്നു. ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ്‌ലോയുടെ 'ആൽക്കെമിസ്റ്റ്' എന്ന വിഖ്യാത പുസ്തകത്തിലെ ഇടയബാലന്റെ ജീവിതയാത്രയ്ക്ക് സമാനമായൊരു യാത്രയായിരുന്നു കുന്നത്തൂരിലെ എന്റെ യാത്രയും. ആഗ്രഹ സഫലീകരണത്തിനായി പ്രപഞ്ചം മുഴുവനും സാന്റിയാഗോയ്ക്കൊപ്പം നിന്നപോലെ എന്റെ നാട്ടും എനിക്കൊപ്പം നിന്നു. എന്റെ പാർട്ടി ആർ.എസ്.പി.-യുടെയും യു.ഡി.എഫ്. മുന്നണിയുടെയും പരിപൂർണ്ണ പിന്തുണയോടെയുള്ള എന്റെ അതികഠിനമായ യാത്രയ്ക്കൊടുവിൽ 42 വർഷങ്ങൾക്കുശേഷം ആദ്യമായി കുന്നുകളുടെ ഊരിൽ കുന്നത്തൂരിൽ കാൽ ലക്ഷത്തിൽപ്പരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. കുന്നത്തൂരിന്റെ ഹൃദയം തൊടാൻ ഒരവസരം നൽകിയ എന്റെ പ്രിയ നാടിനും പ്രിയ നാട്ടുകാർക്കും നിർമ്മലമായ ഹൃദയവായ്പോടെ ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാനത്തിന്റെ സർവതല സ്പർശിയായ സമഗ്രവികസനത്തിന് പ്രതീക്ഷ നൽകുന്നൊരു ബജറ്റാണ് ഇക്കഴിഞ്ഞ ദിവസം നമ്മുടെ ബഹുമാന്യനും മനുഷ്യസ്നേഹിയുമായ മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചത്. കണക്ക് കൂട്ടലുകൾ ഇല്ലാതെയും നാടിന്റെ അവസ്ഥ, ഭാവി, യുവജനങ്ങളുടെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കാതെയും പിന്നാക്ക വിഭാഗങ്ങളെയും അരികുവൽക്കരിക്കപ്പെട്ടവരെ പരിഗണിക്കാതെയും ഒളിഞ്ഞുകിടക്കുന്ന അനന്ത വികസന സാധ്യതകളെക്കുറിച്ച് ചിന്തിക്കാതെയും പടുകൂറ്റൻ ഫ്ലക്സ് ബോർഡുകൾകൊണ്ട് യാഥാർഥ്യത്തെ മറയ്ക്കാൻ ശ്രമിച്ച് കേരളത്തിന്റെ പൊതുകടത്തെ 5

ലക്ഷം കോടി രൂപയിലെത്തിച്ചും 87,000 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയിലെത്തിച്ചും ഒരു സർക്കാർ കടന്നുപോയപ്പോൾ അരക്ഷിതാവസ്ഥയിലായ നാടിനെ വീണ്ടെടുക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ധനകാര്യ ആസൂത്രണരേഖയാണ് കഴിഞ്ഞ ദിവസം നാമിവിടെ കണ്ടത്. വ്യക്തവും ദിശാബോധമുള്ളതുമായ പ്ലാനിങ്ങിലൂടെ ഈ സാമ്പത്തിക വർഷത്തേയ്ക്കെന്നതല്ല, എല്ലാ കാലത്തേയ്ക്കും എന്നതാണ് ഈ ബജറ്റിനെക്കുറിച്ച് എന്റെ വിലയിരുത്തൽ. മതിലുകൾ നിർമ്മിക്കുന്നതല്ല ചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്, അവ പൊളിക്കുന്നതാണ്. മതിലുകളും അതിരുകളുമില്ലാത്ത കാലമാണ് മാനവികതയുടേത്. ഇത്തരമൊരു പൊളിച്ചെഴുത്താണ് അമ്മമാർക്കും സഹോദരിമാർക്കും മക്കൾക്കും സർക്കാർ ഏർപ്പെടുത്തിയ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി. ബജറ്റിനുമുമ്പ് തന്നെ സ്ത്രീകളുടെ സൗജന്യയാത്രയും രാജ്യത്തെ ആദ്യത്തെ വയോജന ക്ഷേമ വകുപ്പും ഉൾപ്പെടെ ഇന്ദിരാ ഗാരന്റിയിലെ വാഗ്ദാനങ്ങൾ പാലിച്ച സർക്കാർ ബജറ്റിലൂടെ നാടിന് നൽകുന്ന ധൈര്യവും പ്രതീക്ഷകളും ചെറുതല്ല. പണം എങ്ങോട്ടുപോയി എന്നാലോചിച്ച് വിഷമിക്കുന്നതിനെക്കാൾ പണം എങ്ങോട്ടുപോകണം എന്ന് കൃത്യമായി തീരുമാനിക്കുന്നതാകണം ഒരു ബജറ്റ്. എല്ലാ വിഭാഗങ്ങളെയും ഒരേസമയം ചേർത്തുപിടിക്കുന്നതിലൂടെ Equitable distribution of wealth അഥവാ സമ്പത്തിന്റെ നീതിപൂർവമായ വിതരണം എന്ന സോഷ്യലിസ്റ്റ് ആശയത്തിന്റെ കൃത്യമായ സാക്ഷാത്കാരം ഈ ബജറ്റിലുടനീളം കാണാൻ സാധിച്ചു. വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറൽ, തൊഴിലില്ലായ്മ എന്നിവയുൾപ്പെടെ യുവജനങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, വയോജനങ്ങളിലെ വാർധക്യബോധം ഇല്ലാതാക്കി അവരുടെ അനുഭവസമ്പത്തും നൈപുണ്യങ്ങളും പ്രയോജനപ്പെടുത്തി ആരോഗ്യമേഖലയെ പുനരുജ്ജീവിപ്പിച്ച് തീരദേശ മേഖലയുടെയും തീരവാസികളുടെയും ഉന്നമനം, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതി, പട്ടികവിഭാഗം വിദ്യാർഥികളുടെ ഗ്രാന്റുകൾ സമയബന്ധിതമായി നൽകൽ തുടങ്ങി സമൂഹത്തിന്റെ എല്ലാതലങ്ങളിലുമുള്ള ജനങ്ങളെ ചേർത്തുപിടിക്കുന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവച്ച ബജറ്റ് നിർദേശങ്ങൾ എന്നതിൽ യാതൊരു സംശയവുമില്ല. 'മിഷൻ സമുദ്ര' കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി, സാമ്പത്തിക

വളർച്ച കൈവരിക്കാനുള്ള ഇൻവെസ്റ്റ് കേരളം സെൽ, ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കമ്മിറ്റി, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, ഗ്ലോബൽ ജോബ് വാച്ച് ടവർ എന്നിവയൊക്കെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം കേരളത്തിന്റെ ഭാവി സാമ്പത്തിക വളർച്ചയുടെ നിർണായക ഘടകങ്ങളാകും എന്നതിൽ ഒരു തർക്കവുമില്ല. ധാതുസംസ്കരണത്തിന്റെയും അപൂർവ ധാതുക്കളുടെയും കേന്ദ്രമായ കൊല്ലം ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി സതേൺ കേരളാ ഇക്കണോമിക് കോറിഡോറിന്റെ ഭാഗമാക്കിയതിന് ഹൃദയാഭിവാദ്യങ്ങൾ ഈയവസരത്തിൽ അറിയിക്കുകയാണ്. കാരുണ്യ പ്രവർത്തനങ്ങൾക്ക് 'വൺ കേരള കരുതൽ മിഷൻ', ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകി യുവാക്കളെയും വിദ്യാർഥികളെയും ഇവിടെതന്നെ നിലനിർത്തുവാനുള്ള Kerala knowledge valley, ഗുണനിലവാരമുള്ള ആരോഗ്യമേഖലയ്ക്കായി കേരള ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി, വയോജനങ്ങളെ ഉൾപ്പെടുത്തി സിൽവർ ഇക്കോണമി, പുനരുപയോഗ ഊർജ സ്രോതസ്സുകൾക്കായുള്ള ഗ്രീൻ എനർജി പ്രോജക്ടുകൾ എല്ലാംതന്നെ വൻ പ്രതീക്ഷകൾ നൽകുന്നതാണ്. അരികുവൽക്കരിക്കപ്പെട്ട പട്ടികവിഭാഗങ്ങളെ സഹാനുഭൂതിയോടെ ഈ ബജറ്റ് കാണുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പക്കൽ ആവശ്യത്തിന് തുക ഉണ്ടായിരുന്നിട്ടും പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് ലഭ്യമാക്കാനുള്ള 377 കോടി രൂപ നൽകാതിരുന്നിടത്ത്, ഇന്ന് രചനാത്മകമായ രാഷ്ട്രീയ സൗന്ദര്യമുള്ള യു.ഡി.എഫ്. ഗവൺമെന്റ് ബജറ്റ് വഴി വിപ്ലവകരമായ മാറ്റമാണ് ഗോത്ര സമൂഹത്തെ പഠിപ്പിക്കുകയെന്നുള്ളത്, ഗോത്ര സമൂഹത്തെ അറിയുകയെന്നുള്ളത്. അതിനായി ട്രൈബൽ യൂണിവേഴ്സിറ്റി രൂപപ്പെടുകയാണ്. ഇതിനായി 50 കോടി രൂപയോളം മാറ്റിവയ്ക്കപ്പെടുന്നുണ്ട്. പേരിൽ മാത്രം ഉന്നതി രൂപപ്പെട്ട കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ പ്രക്രിയയിൽനിന്നും പട്ടികജാതി വിദ്യാർഥികൾക്ക് നൽകേണ്ടവ നൽകാതെ ആട്ടി ഓടിക്കപ്പെട്ടെങ്കിൽ, തദ്ദേശ വിജ്ഞാനത്തെ പ്രോത്സാഹിപ്പിച്ച് ഗോത്ര ഭാഷ, ഗോത്ര സംസ്കാരം, ഗോത്ര കല, ഗോത്ര അറിവുകൾ എന്നിവയിലൂടെ രാജ്യത്തെ ഒന്നാമത്തെ ട്രൈബൽ യൂണിവേഴ്സിറ്റിയായി നമ്മുടേത് മാറും. പട്ടികവിഭാഗങ്ങളെ അവഗണിക്കുകയല്ല, ആ വിഭാഗങ്ങളെ ശക്തീകരിക്കുകയാണ് ഈ ബജറ്റ്. പട്ടികവിഭാഗങ്ങൾ വളരെ

പ്രതീക്ഷയോടെയാണ് രണ്ടാം ഭൂപരിഷ്കരണ നിയമത്തെ നോക്കിക്കാണുന്നത്. ആടിനെ പച്ചില കാണിച്ച് കൊണ്ടുപോകുന്ന കാലമൊക്കെ കഴിഞ്ഞുപോയി എന്ന് ബോധ്യപ്പെടുത്തിയ, പതിനാറ് സംവരണ മണ്ഡലങ്ങളിൽനിന്നും പതിനൊന്ന് സീറ്റും യു.ഡി.എഫ്. നേടിയെടുത്ത കാലം അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. വികസന കാര്യത്തിൽ എല്ലാവരെയും ഹൃദയത്തോട് ചേർത്തുപിടിക്കുന്ന എന്റെ കുന്നത്തൂരിനെക്കൂടി ചേർത്തുപിടിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിനെ എങ്ങനെ പിന്തുണയ്ക്കാതിരിക്കും? അദ്ദേഹം അവതരിപ്പിച്ച ബജറ്റിന് ഒരായിരം ഹൃദയ പിന്തുണകൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ:</u> സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വളരെ സാമ്പത്തിക പരിമിതികളുള്ളിൽ നിന്നുകൊണ്ട് ക്ഷേമനടപടികൾക്കും പ്രാദേശിക വികസനത്തിനും വളരെയധികം ശ്രദ്ധ കേന്ദ്രീകരിച്ച ഈ ബജറ്റ് കേരളത്തിന്റെ സർവതോമുഖമായ വികസന പുരോഗതി ലക്ഷ്യംവച്ചുള്ളതാണ്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നിലവിലുള്ള പദ്ധതികൾ തുടരുന്നതോടൊപ്പം പുതിയ വികസന പദ്ധതികൾക്കൂടി അനുവദിച്ച് നൽകിയ, ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞാൻ ഏറെ അഭിനന്ദിക്കുകയാണ്. ഈ ബജറ്റിൽ പറഞ്ഞിട്ടുള്ള രണ്ടുമൂന്ന് കാര്യങ്ങൾ ഇതിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. '**കെ.എസ്.ആർ.ടി.സി. ബസുകളിൽ** സ്ത്രീകൾക്ക് സൗജന്യ യാത്ര' കേരളത്തിലെ ചരിത്രപ്രധാനമായ പദ്ധതിയാണ്. ചില പോരായ്മകളൊക്കെയുണ്ടാകാം, എന്നാൽ അതിന്റെ പേരിൽ അതിനെ വിമർശിച്ച് ഇല്ലാതാക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നത് ശരിയല്ല. ഒരു പുതിയ നിയമം നമ്മുടെ രാജ്യത്തുണ്ടായാൽ പല അപാകതകളുമുണ്ടായെന്ന് വരാം. അതൊക്കെ പിന്നീട് ചർച്ച ചെയ്ത് പരിഹരിച്ച ചരിത്രമാണ് കേരളത്തിനുള്ളത്. ഭൂപരിഷ്കരണ നിയമം മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ അതെല്ലാം പിന്നീട് ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിച്ചിട്ടുണ്ട്. അതുപോലെ ചരിത്രപ്രധാനമായ ഈ തീരുമാനത്തിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് ചർച്ച ചെയ്ത് പരിഹരിക്കാവുന്നതേയുള്ളൂ. എങ്കിലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും പരിപൂർണ്ണമായ പിന്തുണയുണ്ടാകേണ്ടതായിരുന്നു. ലഹരിക്കെതിരായി കൈക്കൊണ്ട നടപടികളാണ് മറ്റൊരു കാര്യം. സമയം

പരിമിതമായതിനാൽ ഞാൻ കൂടുതൽ വിശദീകരിക്കാൻ മുതിരുന്നില്ല. ലഹരിക്കെതിരായ നടപടികൾ, മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള വകുപ്പ്, യുവജനങ്ങൾ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള തൊഴിൽ സംരംഭങ്ങൾ ഒരുക്കലുൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ ഈ ചുരുങ്ങിയ ദിവസം കൊണ്ട് ബജറ്റിൽ മുഖ്യമന്ത്രി ഉൾപ്പെടുത്തിയത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്.

എനിക്ക് ഈ ബജറ്റിൽ ചില നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ട്. ഈ ബജറ്റിൽ ചില വികസന കാര്യങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഒന്ന്, എന്റെ നാട്ടിൽ ഇരിക്കൂർ നിയോജക മണ്ഡലത്തെയും തളിപ്പറമ്പ് നിയോജകമണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊളന്തക്കടവ് പാലമുണ്ട്. ആ പാലത്തിന്റെ കാര്യം ഇരിക്കൂർ അംഗമായ ശ്രീ. സജീവ് ജോസഫും ഞാനുംകൂടി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അത് നടപ്പിലാക്കണം. അതുപോലെ തളിമ്പറപ്പിൽ ഒരു ദ്വീപുമായി ബന്ധിപ്പിക്കുന്ന പാമ്പുരുത്തി പാലമുണ്ട്. ഈ രണ്ട് പാലങ്ങൾകൂടി ബജറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന അഭ്യർഥനയുണ്ട്.

നെയ്ത്തു തൊഴിലാളികളുടെ കാര്യം ഈ ബജറ്റിൽ ഉൾപ്പെടുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ ഹാൻവീവ്-ന്റെ ചെയർമാനായിരുന്നു. ആറുമാസത്തിലേറെക്കാലം നെയ്ത്തുതൊഴിലാളികൾക്ക് കൂലി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി അക്കാലത്ത് ഞാൻ മുട്ടാത്ത വാതിലുകളില്ല. സ്കൂൾ യൂണിഫോം തയ്യാറാക്കി കൊടുത്തത് നെയ്ത്ത് തൊളിലാളികളാണ്. എന്നിട്ടും അവർക്ക് കൂലി കൊടുക്കാൻ കഴിഞ്ഞിട്ടില്ല, ഇപ്പോഴും നെയ്ത്തുതൊഴിലാളികൾക്ക് ആറുമാസത്തിലേറെ കൂലി നൽകാൻ കുടിശ്ശികയുണ്ട്. ഈ സർക്കാർ അത് ഗൗരവമായെടുക്കണം.

ഇവിടെ 'കേരള ബാങ്ക്' എന്ന സ്ഥാപനമുണ്ട്. യഥാർഥത്തിൽ കേരള ബാങ്ക് കേരളത്തിലെ സാധാരണക്കാർക്ക് ഉപകരിക്കുന്ന ഒരു ബാങ്കല്ല. മുമ്പ് കൃഷിക്കാർക്കും പാവപ്പെട്ടവർക്കുമെല്ലാം ജില്ലാ ബാങ്ക് ഏറെ പ്രയോജനം ചെയ്തിരുന്നു. എന്നാൽ ഇന്ന് ജില്ലാ ബാങ്കുകളെല്ലാം കൂടിചേർത്ത് കേരള ബാങ്ക് ആക്കിയപ്പോൾ പാവപ്പെട്ട ജനങ്ങൾ ഒരു

പ്രയോജനവുമില്ല. അതിനാൽ കേരള ബാങ്കിനെ പഴയ സ്ഥിതിയിലേക്ക്, ജില്ലാ ബാങ്കിലേക്ക് മാറ്റിയെടുക്കണമെന്നുള്ള അഭിപ്രായം ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നു.

വരുമാനം വർധിപ്പിക്കാനുള്ള ചില നടപടികളിലേക്ക് ഗവൺമെന്റ് പോകണമെന്നൊരു നിർദേശവുമുണ്ട്. ഞാൻ കേരള ക്ലെയ്സ് ആൻഡ് സിറാമിക്സിന്റെ ചെയർമാനായിരുന്ന ഘട്ടത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ മുമ്പാകെ ഒരു നിർദ്ദേശം വച്ചിരുന്നു. കേരളത്തിലെ പുഴകളിൽ ചെളിയും മണലും നിറഞ്ഞ് കരകവിഞ്ഞൊഴുകുന്ന സ്ഥിതിയുണ്ട്. ഈ ചെളിയും മണലും നീക്കം ചെയ്താൽ പുഴയുടെ ആഴം കൂട്ടുകയും അതിലൂടെ വെള്ളപ്പൊക്കം തടയാനും റവന്യൂ വരുമാനം വർധിപ്പിക്കാനും സാധിക്കും. അന്ന് ഞങ്ങൾ ആ കമ്പനി മുഖാന്തരം ജിയോളജി വിഭാഗ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ കാര്യം ഞാൻ ഡോ. ടി. എം. തോമസ് ഐസക്കിനോട് പറഞ്ഞിരുന്നു. ഈ പുഴകളിൽ ഡീ-സിൽട്ടേഷൻ നടത്തിക്കഴിഞ്ഞാൽ പതിനായിരം കോടി രൂപയെങ്കിലും വാർഷിക റവന്യൂ വരുമാനം കണ്ടെത്താൻ സാധിക്കും.

വരുമാനം വർധിപ്പിക്കുന്നതിന് മറ്റൊരു നിർദേശം കൂടി മുന്നോട്ടുവയ്ക്കുകയാണ്. കേരളത്തിൽ ധാരാളം ബോർഡുകളും കോർപ്പറേഷനുകളുമുണ്ട്. സമാനസ്വഭാവമുള്ള ബോർഡുകളെയും കോർപ്പറേഷനെയും സംയോജിപ്പിച്ചാൽ ചെലവ് വളരെയധികം ചുരുക്കാൻ സാധിക്കും. അതുകൊണ്ട് അക്കാര്യം കൂടി ഈ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടാകണം. കഴിഞ്ഞ ദിവസം പ്രൊഫ. സി. രവീന്ദ്രനാഥ് നടത്തിയ പ്രസംഗം എനിക്ക് ഏറെ ഇഷ്ടപ്പെട്ടതാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ എ.കെ.ജി. സെന്ററിലാണ് ഇരിക്കുന്നതെന്ന് വിചാരിച്ചു. അങ്ങനെയുള്ളൊരു പ്രസംഗമാണ് രവീന്ദ്രൻ മാഷിന്റെ ഭാഗത്തുനിന്നുണ്ടായത്. ഈ ഗവൺമെന്റിന്റെ ബജറ്റാണ് ഫാസിസത്തിലേക്ക് എത്തിക്കാൻ പോകുന്നതെന്നാണ് അദ്ദേഹം പറയുന്നത്. ഇവിടെ ഒരു കാര്യം വ്യക്തമാണ്, ലോകത്തെ ഫാസിസത്തിലേക്ക് നയിക്കുന്ന, തീവ്ര വലതുപക്ഷത്തിന് മേൽകൈയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു ലോക സാഹചര്യം നിലനിൽക്കുകയാണ്. ആ ലോക സാഹചര്യത്തിൽ ഈ സാമ്രാജ്യത്വത്തിന് എതിരായി കമ്മ്യൂണിസ്റ്റുകാർ എടുക്കുന്ന നിലപാട് എന്താണ്? യഥാർഥത്തിൽ സോവിയറ്റ് യൂണിയനുണ്ടായിരുന്ന

കാലത്തുണ്ടായിരുന്ന പോലൊരു അവസ്ഥ ഇന്നുണ്ടോ; അങ്ങനെയുണ്ടായിരുന്നെങ്കിൽ പാലസ്തീനിലെ കുഞ്ഞോമനകൾ ഇങ്ങനെ കത്തിക്കരിയുമായിരുന്നോ; ചൈനയെപോലുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ആ കൃത്യം നിർവഹിക്കുന്നുണ്ടോ? യഥാർഥത്തിൽ ഇപ്പോഴുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ പഴയ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ നിന്നും വ്യത്യസ്തമായി മാറിയിരിക്കുന്നു. അവരുടെ രീതികളിലും നയങ്ങളിലും മാറ്റം വന്നിരിക്കുന്നു. ഈ യാഥാർഥ്യം നാം മനസ്സിലാക്കണം. ഇപ്പോൾ അമേരിക്ക ക്യൂബയെ ആക്രമിക്കാൻവേണ്ടി പോകുകയാണ്. എന്ത് ചെയ്യാൻ സാധിക്കും?

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, രണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. അത്തരം കാര്യങ്ങളിൽ എന്ത് നിലപാടെടുക്കുന്നു? സി.പി.ഐ.(എം) ഒരു നിലപാട് സ്വീകരിക്കണം. സാമ്രാജ്യത്വം ഫാസിസത്തിലേക്ക് നീങ്ങുന്ന സന്ദർഭത്തിൽ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വലിയ സാമ്രജ്യത്വം വിരുദ്ധ പ്രസ്ഥാനത്തിന് രൂപം കൊടുക്കണം. ഇന്ത്യയുടെ നിലപാട് അതാണെങ്കിൽ ഇവിടെയും അത് വേണം. ഇവിടെയുണ്ടായിരുന്നല്ലോ; ജോർജി ദിമിത്‌രോവിന്റെ ഫാസിസത്തിനെതിരായ പ്രസംഗം നമ്മളെല്ലാം ആഘോഷിച്ചിട്ടുണ്ട്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഒരു പ്രത്യേക കാര്യംകൂടി പറയാനുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യയിൽ സി.പി.ഐ.(എം.) എന്ത് നിലപാട് സ്വീകരിക്കുന്നു? ഫാസിസത്തിലേക്ക് നമ്മുടെ രാജ്യം പോകുമ്പോൾ ഫാസിസ വിരുദ്ധ മുന്നണി രൂപീകരിക്കുന്നതിന് സി.പി.ഐ.(എം.) മുൻകൈയെടുക്കുമോ? അങ്ങനെയാണെങ്കിൽ ഇന്ത്യാ മുന്നണിയെ ശക്തിപ്പെടുത്താൻ സി.പി.ഐ.(എം) മുൻകൈയെടുക്കുമോ? ഈ ചോദ്യം പ്രൊഫ. സി. രവീന്ദ്രനാഥിന്റെ പ്രസംഗം കേട്ടപ്പോൾ നമ്മുടെ മുന്നിൽ ഉയർന്നുവരുന്നുണ്ട്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സമയം ഒരുപാടായി. അടുത്ത അംഗത്തെ വിളിക്കണം, നമുക്ക് ഈ ചർച്ച തീർക്കേണ്ടതുണ്ട്.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, എന്റെ നാട്ടിൽ നടന്നൊരു സംഭവംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബജറ്റുമായി ബന്ധപ്പെട്ടതല്ല, എന്റെ നാട്ടിൽ നടന്നൊരു സംഭവമാണ്.

എന്റെ വീടിനടുത്ത് ഇന്നലെ ഒരു ബോംബ് സ്ഫോടനമുണ്ടായത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ വീട്ടിന്റെ അഞ്ഞൂറ് മീറ്ററിനടുത്താണ് സംഭവമുണ്ടായത്. വിവരങ്ങൾ അന്വേഷിച്ചപ്പോൾ പന്നിപടക്കമാണ് സ്ഫോടനത്തിന് കാരണമെന്നാണ് അറിയാൻ കഴിഞ്ഞത്. എന്റെ നാട്ടിൽ ഇന്നേവരെ പന്നിപടക്കം വച്ച് പന്നിയെ പിടിച്ചിട്ടില്ല. ഞാൻ ദിവസേന നടന്നുപോകുന്ന റോഡിൽനിന്നും നൂറ് മീറ്റർ അകലെയുള്ള കുറ്റിക്കാട്ടിൽ നിന്നാണ് സ്ഫോടനമുണ്ടായതും നാല് സ്ത്രീകൾക്ക് പരിക്കേറ്റതും. ഇത് ഗൗരവമേറിയ വിഷയമാണ്. ഇത് എങ്ങനെ വന്നുചേർന്നുവെന്നുള്ളത്..... ഞാൻ ആരുടെ നേർക്കും ആരോപണമുന്നയിക്കുന്നില്ല. നാട്ടിൽ കലാപമുണ്ടാകാനുള്ള ബോധപൂർവമായ ശ്രമം ഇതിനുപിന്നിലുണ്ടോയെന്ന് അന്വേഷിക്കണം. അത്രയേ ഞാൻ പറയുന്നുള്ളൂ. മറ്റൊരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ......(ബഹളം)......

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അദ്ദേഹം ഗൗരവതരമായ ഒരു പ്രശ്നം പറഞ്ഞതല്ലേ; പറഞ്ഞ് അവസാനിപ്പിക്കട്ടെ.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, അസഹിഷ്ണത വേണ്ട, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഞാൻ ഇന്ന് ഉയർത്തിയ കാര്യം സി.പി.ഐ.(എം)-ൽ അങ്ങോളമിങ്ങോളം ചർച്ച ചെയ്യുന്നുണ്ട്. എന്തിനാണ് എന്നെ പുറത്താക്കിയത്; ഞാൻ പറഞ്ഞ കാര്യമാണ് ഇന്ന് പാർട്ടിയിൽ ചർച്ച ചെയ്യുന്നത്. എന്നെ പുറത്താക്കിയപ്പോൾ തളിപ്പറമ്പിലെ എന്റെ ജനത രണ്ട് കൈയും ചേർത്ത് എന്നെ മാറോട് ചേർത്ത് പിടിച്ചു. തളിപ്പറമ്പിലെ ആ ജനതയ്ക്ക് നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ സമയം വിനിയോഗിക്കുന്നു.

<u>ശ്രീ. ടി. ഒ. മോഹനൻ</u>: സർ, ഈ സഭയ്ക്കകത്തുനിന്ന് സംസാരിക്കാൻ അവസരമൊരുക്കിയ എന്റെ പാർട്ടിയോടും എന്റെ വിജയത്തിനുവേണ്ടി അഹോരാത്രം കഷ്ടപ്പെട്ട യു.ഡി.എഫ്. പ്രവർത്തകരോടും കക്ഷി-രാഷ്ട്രീയത്തിനതീതമായി വോട്ടു ചെയ്ത് വിജയിപ്പിച്ച കണ്ണൂരിലെ ജനങ്ങളോടും എനിക്കുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുകയാണ്. ഈ ബജറ്റ് ഒരു തരത്തിലുള്ള ഭാരവും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നില്ല. ജെൻ-Z മുതൽ സ്ത്രീകൾക്കും

കുട്ടികൾക്കും വയോജനങ്ങൾക്കുംവരെ ഒരുപോലെ കരുതൽ നൽകിയ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. പ്രതിപക്ഷനേതാവും മുൻധനകാര്യ വകുപ്പുമന്ത്രിമാരായ ശ്രീ. കെ. എൻ. ബാലഗോപാലും ഡോ. ടി. എം. തോമസ് ഐസക്കും ഒരുപാട് പരതിയിട്ടും ഒരു എതിർപ്പും ബജറ്റിനെതിരെയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നലെ പ്രസംഗിച്ച പ്രൊഫ. സി. രവീന്ദ്രനാഥ് നവലിബറൽ നയത്തെക്കുറിച്ചും ഉദാരവൽക്കരണ നയത്തെക്കുറിച്ചുമൊക്കെ പറഞ്ഞ് 'The Road to Freedom' എന്ന പുസ്തകത്തെക്കുറിച്ച് ഇവിടെ ക്ലാസെടുത്തു. മാഷ് ഒരു കാര്യം ഓർക്കണം. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്ക് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചത് ഏത് കമ്മ്യൂണിസ്റ്റ് നയത്തിന്റെ പേരിലാണെന്നുകൂടി വ്യക്തമാക്കണം. അതുകൊണ്ടാണ് ഇത് ഇടതുപക്ഷമല്ല, തീവ്ര വലതുപക്ഷമാണെന്ന് നമ്മുടെ ബഹു. മുഖ്യമന്ത്രി നിരന്തരം പറഞ്ഞിരുന്നത്. റഷ്യയിൽ മഴ പെയ്താൽ ഇവിടെ കുടപിടിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാരെന്ന് പണ്ട് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോഴും റഷ്യയിലും ചൈനയും ക്യൂബയിലുമൊക്ക മഴപെയ്യുന്നത് നോക്കി പൊട്ടിപൊളിഞ്ഞ കുടയുമായി കാത്തിരിക്കുന്നവർ ഇവിടെയുണ്ട് എന്ന പ്രഖ്യാപനമാണ് ശ്രീ. വി. ജോയി നടത്തിയത്. ഇവിടെ ഒരംഗം കോൺഗ്രസ് തകർന്നുപോയെന്ന് പരിതപിക്കുന്നത് കേട്ടു. കേരളത്തിലും ബംഗാളിലും ത്രിപുരയിലും ഭരിച്ച് മൂന്ന് മുഖ്യമന്ത്രിമാരും ധാരാളം മന്ത്രിമാരും എം.എൽ.എ-മാരെക്കെയുണ്ടായിരുന്ന സി.പി.ഐ.(എം)-ന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഒന്നാലോചിക്കണമെന്നാണ് അവരോട് എനിക്ക് പറയാനുള്ളത്.

ഇന്ന് ഇന്ത്യയിൽ ആകെ പരതിയാൽ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രി മാത്രമേയുള്ളൂ. അത് നമ്മോടൊപ്പം നിൽക്കുന്ന യു.ഡി.എഫ്.-ന്റെ മന്ത്രി ശ്രീ. സി. പി. ജോൺ ആണ്. എന്തുകൊണ്ട് തോറ്റുവെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? 2024-ൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നപ്പോൾ 20 സീറ്റിൽ 19 സീറ്റിലും നിങ്ങൾ തോറ്റു. അതിനുശേഷം സംസ്ഥാന കമ്മിറ്റി ചേരുകയും പാർട്ടിക്ക് തെറ്റുപറ്റിയെന്ന് കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ വീടുകളിൽപോയി മാപ്പ് പറയണമെന്ന് പാർട്ടി പ്രവർത്തകരോട് നിങ്ങൾ പറഞ്ഞു. അതിനുശേഷം നടന്ന തദ്ദേശ സ്വയംഭരണ

തിരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റ് പാർട്ടി അവർക്കാവശ്യമുള്ള രൂപത്തിൽ വാർഡുകൾ വിഭജിച്ചിട്ടുണ്ടാക്കിയിട്ടുപോലും പാർട്ടി അമ്പേ പരാജയപ്പെട്ടു. അന്നും പാർട്ടിക്ക് തെറ്റുപറ്റി അത് തിരുത്തണമെന്ന് പറഞ്ഞു. അപ്പോഴും വീടുകളിൽപോയി മാപ്പുപറയണമെന്ന് പറഞ്ഞു. അന്നും മാപ്പുപറഞ്ഞു. എന്നിട്ടും ഈ അസംബ്ലി തിരഞ്ഞെടുപ്പിൽ പാർട്ടി മുന്നണി തകർന്നടിഞ്ഞു. എന്തുകൊണ്ടാണ്? മാപ്പുപറയാൻ പോയത് സാധാരണ പ്രവർത്തകരാണ്. തെറ്റു ചെയ്തവർ ആരാണ്? തെറ്റുചെയ്തവർ പാർട്ടി നേതാക്കൻമാരാണ്. അവർ മാപ്പുപറയാൻ തയ്യാറായിട്ടില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരുകുപ്പി വെള്ളവുമായാണ് സഭയിലെത്തിയത്. ആ കുപ്പിവെള്ളം ഉയർത്തിക്കാണിച്ചുകൊണ്ട് അദ്ദേഹം ഇവിടെ വികാരംകൊണ്ടു. നവകേരള സദസ്സിൽ റോഡിൽ കരിങ്കൊടി കാണിച്ചതിന് കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി ടൗണിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പൊലീസും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും ചേർന്ന് പൂച്ചെട്ടിയും ഹെൽമറ്റുംകൊണ്ട് അടിച്ചുനിലത്തിട്ടത് നമ്മൾ ഓർക്കണം. ഈ സഭയിലുള്ള ശ്രീ. എ. ഡി. തോമസിനെ മുൻമുഖ്യമന്ത്രിയുടെ ഗൺമാൻമാർ അവരുടെ കൈയിലുണ്ടായിരുന്ന നീളൻ വടി ഉപയോഗിച്ച് അതിക്രൂരമായി ആക്രമിച്ചു. അക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 'രക്ഷാപ്രവർത്തനം' എന്നാണ് നിങ്ങളതിനെ വിശേഷിപ്പിച്ചത്. എന്നാൽ ഇന്നലെ ബഹു. പ്രതിപക്ഷനേതാവ് ആ കുപ്പിവെള്ളം ഉയർത്തി കാണിച്ചപ്പോൾ അതുസംബന്ധിച്ച് അന്വേഷിക്കാമെന്നാണ് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. അതുതന്നെയാണ് ഇവിടെയുള്ള മാറ്റം. അല്ലാതെ, 'ഞങ്ങളല്ലാതെ മറ്റാര്' എന്ന ധാഷ്ട്യം നിറഞ്ഞ വാക്കുകളല്ല. 'കടക്ക് പുറത്ത്, മാറി നിൽക്ക് അങ്ങോട്ട്, വീട്ടിൽ പോയി ചോദിച്ചാൽ മതി' എന്നൊക്കെ കേട്ട് മടുത്തപ്പോഴാണ് സാഹിത്യ അക്കാദമി പ്രസിഡന്റായിരുന്ന ശ്രീ. കെ. സച്ചിദാനന്ദനെപ്പോലുള്ള ഇടതുസാംസ്കാരിക നായകൻപോലും നാടിന്റെ രക്ഷയ്ക്ക് ഇടത് ദുർഭരണം അവസാനിക്കണമെന്ന് പറഞ്ഞത്. നിങ്ങളുടെ ഭരണത്തെ വെറുത്ത പാർട്ടി സഖാക്കൻമാർപോലും ഞങ്ങൾക്കാണ് വോട്ട് ചെയ്തത്. അവർക്ക് പ്രതികരിക്കാൻപോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. 'അറബിക്കഥ' എന്ന സിനിമയിൽ ശ്രീനിവാസൻ അവതരിപ്പിച്ച 'ക്യൂബ മുകുന്ദൻ' എന്ന കഥാപാത്രം ബാത്ത് റൂമിൽ പോയി

കതകടച്ചിട്ട് പ്രതിഷേധിക്കുന്നത് നാം കണ്ടിട്ടുണ്ട്. അതുപോലെയാണ് ഇവിടത്തെ പല സഖാക്കൻമാരും നാട്ടിൽ പ്രതിഷേധിച്ചിരുന്നത്, അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. എന്നാൽ അവർക്കിപ്പോൾ സ്വാതന്ത്ര്യമുണ്ട്. പാർട്ടിയിൽ എല്ലാം തുറന്നുപറയണമെന്ന് ഇപ്പോൾ പറയുകയാണ്. ഇപ്പോൾ തുറന്നുപറഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ തുറന്നു പറയുന്നത് എങ്ങനെയാണെന്ന് നമ്മളിപ്പോൾ മാധ്യമങ്ങളിൽ കാണുകയാണ്. അതാണ് പാർട്ടിക്ക് വന്നിരിക്കുന്ന അവസ്ഥ. മാറ്റമുണ്ടാകുന്നുണ്ടോ; ഇന്ദിര ഗ്യാരന്റി പദ്ധതിയിലൂടെ ബസ് യാത്ര സൗജന്യമാക്കി. അതിന്റെ നേട്ടം ആർക്കാണ്; സ്ത്രീകൾക്കുമാത്രമാണോ? എല്ലാ കുടുംബങ്ങൾക്കും അതിന്റെ നേട്ടമുണ്ട്. യു.ഡി.എഫ്. അധികാരമേറ്റെടുക്കുന്നതിനുമുമ്പ് ഇത് നടപ്പാക്കിയിട്ടില്ലെന്ന് പറഞ്ഞ് ബി.ജെ.പി.-യിലെ മഹിളകൾ സമരം ചെയ്തു. ആ സമരം ചെയ്തവരോട് ചോദിക്കുകയാണ്; ഒരു സർക്കാർ ചുമതലയേറ്റെടുത്താൽ മാത്രമേ ഈ പദ്ധതി നടപ്പാക്കാൻ കഴിയൂവെന്നുള്ള പ്രാഥമിക വിവരം പോലുമില്ലാതെയാണോ നിങ്ങൾ സമരത്തിനിറങ്ങിയത്? ഇന്ത്യയിലെ ജനങ്ങൾക്കെല്ലാവർക്കും ബാങ്ക് അക്കൗണ്ടുകളിലൂടെ 15 ലക്ഷം രൂപ നൽകുമെന്ന് 2014-ൽ ലോകസഭാ തിരഞ്ഞെടുപ്പ് സമയത്ത് എൻ.ഡി.എ. സർക്കാർ പറഞ്ഞിട്ട് വർഷം 12 കഴിഞ്ഞല്ലോ; ആർക്കെങ്കിലും കിട്ടിയോ? ഏതായാലും നമുക്കൊരു കാര്യത്തിൽ സമാധാനിക്കാം. ഇന്ദിര ഗ്യാരന്റി പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കുള്ള സൗജന്യ യാത്ര നടപ്പാക്കിയപ്പോൾ കെ-റെയിൽ വരാത്തതിന്റെ പേരിൽ അപ്പം വിൽക്കാൻ സാധിക്കാത്ത സ്ത്രീകളുണ്ടായിരുന്നു. എന്നാൽ അവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ യാത്ര നടത്തി അപ്പം വിൽക്കാമെന്നൊരു ആശ്വാസം നമുക്കുണ്ടായിട്ടുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല, കണ്ണൂർ നിയോജകമണ്ഡലം എന്നുപറയുന്നത് ആ ജില്ലയുടെ ആസ്ഥാനമാണ്. കേരളം ഭരിച്ച ധാരാളം മുഖ്യമന്ത്രിമാർ കണ്ണൂരിൽനിന്നുള്ളവരാണ്. കഴിഞ്ഞ പത്തുവർഷവും കണ്ണൂരിൽനിന്നുള്ളവരായിരുന്നു മുഖ്യമന്ത്രി. എന്നാൽ കണ്ണൂരിന്റെ ജില്ലാ ആസ്ഥാനത്ത് പ്രധാനപ്പെട്ട വികസനങ്ങളൊന്നും നടന്നിട്ടില്ല. 2013-ൽ ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ച 'സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി' ഏകദേശം 13 വർഷം കഴിഞ്ഞിട്ടും എവിടെയും എത്തിയിട്ടില്ല. അതുകൊണ്ട് നഗരത്തിനകത്ത് ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. കണ്ണൂർ

ജില്ലയുടെ വികസനത്തിനായി ഏവിയേഷൻ ഹബ്ബിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഏറ്റവും അവസാനം സ്ഥാപിച്ച, ഏറ്റവും നല്ല വിമാനത്താവളം കണ്ണൂരിലാണ്. അതിന് പോയിന്റ് ഓഫ് കോൾ (പി.ഒ.സി) പദവി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ കണ്ണൂരിലെ മേലേ ചൊവ്വയിൽ അടിപ്പാത നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ നിർമ്മിക്കുന്നത് മേൽപ്പാലമാണ്. അവിടെ മേൽപ്പാലം നിർമ്മിക്കുന്നത് അശാസ്ത്രീയമാണ്. 1 ഏക്കർ 21.5 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ട സ്ഥലത്ത് കേവലം 57 സെന്റ് സ്ഥലം മാത്രം ഏറ്റെടുത്താണ് നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. അതിനാൽ അതിന്റെ നിർമ്മാണം പാതിവഴിയിൽ നിൽക്കും. അതുസംബന്ധിച്ച നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. അതുപോലെ കണ്ണൂർ-തലശ്ശേരി ബൈപ്പാസ് റോഡിൽ നിർമ്മാണം നടക്കുന്ന NH-66, അതിനിടയിലൂടെ നടാൽ റെയിൽവേ ഗേറ്റ് കഴിഞ്ഞാൽ തിരിച്ച് തലശ്ശേരിയിലേക്ക് പോകാൻ വീണ്ടും ചാല ജങ്ഷനിൽനിന്നും മൂന്നര കിലോമീറ്റർ വന്ന് തിരിഞ്ഞ് മറുവശത്തൂടെ വീണ്ടും മൂന്നര കിലോമീറ്റർ യാത്രചെയ്യണം. അങ്ങനെ ഏഴ് കിലോമീറ്ററിലധികം യാത്ര ചെയ്താൽ മാത്രമാണ് തലശ്ശേരിയിലേക്ക് പോകാൻ കഴിയുകയുള്ളൂ. അതിനാൽ അവിടെ ഒരു അണ്ടർ പാസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. കണ്ണൂരിലെ ഗതാഗതക്കുരുക്കും യാത്രാ പ്രശ്നവും പരിഹരിക്കാൻ ആവശ്യമായ ഇടപെടൽകൂടി നടത്തണം. വിമാനത്താവളത്തിലേക്ക് പോകാനുള്ള റോഡിന്റെ പ്രശ്നവും വലുതാണ്. വളരെ ദൂരത്തുനിന്ന് രണ്ടുംമൂന്നും മണിക്കൂർകൊണ്ടും വിമാനത്തിൽ എത്തുന്നവർക്ക് തിരിച്ച് നാട്ടിലെത്താൻ കുറച്ച് കിലോമീറ്റർ സഞ്ചരിക്കുന്നതിനുപകരം അതിനേക്കാൾ കൂടുതൽ സമയമെടുക്കേണ്ടി വരുന്ന സാഹചര്യവുണ്ട്. അതിനാൽ ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാൻ മനസ്സുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ദിശാബോധമുള്ള ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. സാധാരണഗതിയിൽ അസുഖം ബാധിച്ച ഒരാളിന് ഏറ്റവും നല്ല ചികിത്സയാണ് നൽകേണ്ടത്. നിലവിലെ സാമ്പത്തിക സ്ഥിതി നമുക്കറിയാവുന്നതാണ്. എല്ലാ പരിശോധനയും നടത്തി, എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ആവശ്യമായ നിർദേശങ്ങളോടെ സർക്കാരിനെ ഉയർത്തി നിർത്താൻ കഴിയുന്ന രീതിയിലുള്ള

ഒരു ബജറ്റ് അവതരിപ്പിച്ച കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ബഹുമാന്യനായ മുഖ്യമന്ത്രിയെ സർവാത്മനാ അഭിനന്ദിച്ചുകൊണ്ട് ഈ റിവൈസ്ഡ് ബജറ്റിന് എല്ലാവിധ പിന്തുണയും അർപ്പിക്കുന്നു.

திரு. எஃப். ராஜா (ശ്രീ. എഫ്. രാജ): மாண்புமிகு சபாநாயகர் அவர்களுக்கு என்னுடைய பணிவான வணக்கம்,

"திருக்குறள்:

அஞ்சாமை ஈகை அறிவூக்கம் இந்நான்கும்
எஞ்சாமை வேந்தர்க் கியல்பு."

பொருள்: அஞ்சாமை என்பது மக்களுக்கு பாதிப்பு ஏற்படும் போது துணிவுடன் செயல்படுதல். ஈகை என்பது இல்லாதவர்களுக்கு வழங்கும் வள்ளல் தன்மை. அறிவு என்பது நாட்டைச் சரியாக வழிநடத்தும் கூர்மையான சிந்தனை. ஊக்கம் என்பது சோர்வின்றி மக்களுக்காக எப்போதும் சுறுசுறுப்புடன் பணியாற்றும் பண்பு ஆகிய நான்கு குணங்களும் குறைவில்லாமல் இருப்பதே ஒரு நல்ல ஆட்சியாளரின் இயல்பாகும். இந்தக் குறளை தலைமை ஏற்றுக்கொண்டு, இந்தச் சபையை வணங்கி எனது உரையைத் தொடங்குகிறேன்.

தேவிகுளம் தொகுதியில் போட்டியிட வாய்ப்பு வழங்கிய தலைமைக்கும், என்னை வெற்றி பெறச் செய்த எனது தொகுதி மக்களுக்கும் எனது மனமார்ந்த நன்றியைத் தெரிவித்துக் கொள்கிறேன். அவர்களுக்கு தலை வணங்குகிறேன்.

அகங்காரமும், ஊழலும், வஞ்சனையும் நிறைந்த கடந்த எல்.டி.எஃப். ஆட்சிக்கு மக்கள் முற்றுப்புள்ளி வைத்துவிட்டார்கள். யு.டி.எஃப். அறிவித்த ஐந்து இந்திரா கேரண்டி உறுதித் திட்டங்கள் கேரள பெண்களின் சமூக வளர்ச்சிக்கும் மற்றும் முதியோர்களின் பாதுகாப்பிற்கும் மிகவும் பயனுள்ளதாக அமைந்துள்ளன. குறிப்பாக இலவச மகளிர் பேருந்து பயணத் திட்டம் தோட்டத் தொழிலாளர்களுக்கும், பள்ளிக்குச் செல்லும் மாணவிகளுக்கும் மிகப்பெரிய வரப்பிரசாதமாக அமைந்துள்ளது.

கடந்த எல்.டி.எஃப். அரசாங்கம், குறிப்பாக எனது தேவிகுளம் தொகுதியில் எஸ்.சி., எஸ்.டி. உள்ளிட்ட அனைத்து சமூகத்தினருக்கும் கிடைக்க வேண்டிய ஜாதிச் சான்றிதழ்களை வழங்குவதில் தடைகளை ஏற்படுத்தி வைத்திருந்தது. இதன் காரணமாக பாவப்பட்ட தோட்டத் தொழிலாளர்களின் குழந்தைகள் பள்ளிகளில் சேருவதற்கும், உயர்கல்வி கற்பதற்கும், அரசாங்கத்தின் பல்வேறு சலுகைகளைப் பெறுவதற்கும் முடியாமல் போய்விட்டது. இதனால் அவர்களது வேலைவாய்ப்புகளும் பறிபோகின்றன. ஆகவே, நமது அரசாங்கம் உடனடியாக இதற்கு தீர்வு காண வேண்டும் என்று கேட்டுக் கொள்கிறேன்.

எனது தொகுதியில் எஸ்டேட் பகுதிகளில் வசிக்கும் மக்கள், 1800-ஆம் ஆண்டு காலகட்டத்தில் பிரிட்டிஷ்காரர்கள் வழங்கிய லைன் வீடுகளில் தலைமுறை தலைமுறையாக வாழ்ந்து வருகின்றனர். சுமார் ஐந்து, ஆறு தலைமுறையாக ஒரே வீட்டில், ஒரு அறையில் வாழ்ந்து வருகின்றனர். இவர்கள் எஸ்டேட் பணியிலிருந்து ஓய்வு பெற்ற பிறகு வாழ்வதற்கு வேறு வீடோ, இடமோ இல்லாத நிலையில் உள்ளனர். ஆகவே, இவர்களின் வாழ்க்கைத் தரத்தை மேம்படுத்தும் வகையில், அவர்கள் பிறந்து வளர்ந்த இடங்களிலேயே நிலமும் வீடும் வழங்கி உதவ வேண்டும் என்று கேட்டுக் கொள்கிறேன்.

நாட்டின் முதுகெலும்பாக விளங்கும் விவசாயிகளின் நிலைமை இன்று மிகவும் பரிதாபகரமாக உள்ளது. இதற்கு ஒரு நல்ல தீர்வு காணப்பட வேண்டும். தற்போது வனவிலங்குகளின் தாக்குதலால் விவசாயிகளின் விளைச்சல்கள் சேதமடைந்து வருகின்றன. மேலும் பல விவசாயிகள் உயிரிழக்கும் சூழ்நிலையும் உருவாகியுள்ளது. புலிகளின் தாக்குதலால் வளர்ப்பு மிருகங்களும் உயிரிழந்து வருகின்றன. கடந்த எல்.டி.எஃப். அரசாங்கம் இதனைத் தடுக்க எந்த நடவடிக்கைகளும் எடுக்கவில்லை. ஆகவே, உடமைகளையும் உயிர்களையும் இழந்து வாடும் மக்களுக்கு உரிய இழப்பீடும், நிரந்தரத் தீர்வும் உடனடியாக வழங்கப்பட வேண்டும்.

பாவப்பட்ட மக்களுக்கு வீடு கட்டுவதற்காக எனது தொகுதியில் உள்ள பதிமூன்று கிராமங்களில் என்.ஓ.சி. வழங்குவதில் உள்ள தடைகளை நீக்கி, கைவசமுள்ள நிலங்களுக்கு பட்டயம் வழங்க அரசாங்கம் நடவடிக்கை எடுக்க வேண்டும்.

"தென்னக காஷ்மீர்" என்று வர்ணிக்கப்படும் மூணாறு, ஆனச்சால், அடிமாலி, மறையூர், காந்தலூர் மற்றும் வட்டவடை போன்ற பகுதிகளில் சுற்றுலாப் பயணிகளுக்குத் தேவையான அடிப்படை வசதிகள் போதுமான அளவில் இல்லை. சாலை வசதிகள், வாகன நிறுத்துமிடங்கள், போக்குவரத்துத் துறை போலீஸ், டூரிசம் போலீஸ் உள்ளிட்ட வசதிகள் இல்லாத நிலை உள்ளது. மூணாறில் முறையான பேருந்து நிலையம் இல்லை. அங்கு வரும் சுற்றுலாப் பயணிகளுக்குத் தேவையான நவீன கழிப்பறை வசதிகளும் இல்லை.

கடந்த பத்து ஆண்டுகளாக மூணாறும், மூணார் மக்களும் இடதுசாரி அரசால் புறக்கணிக்கப்பட்டுள்ளனர். மாண்புமிகு முன்னாள் முதலமைச்சர் திரு. கே. கருணாகரன் அவர்கள் காலத்தில் மூணாறுக்கு வழங்கப்பட்ட அரசு கலைக் கல்லூரி கட்டிடம் இயற்கைச் சீற்றத்தால் சேதமடைந்துவிட்டது. இதன் காரணமாக அங்கு பயிலும் மாணவர்கள் பெரும் சிரமத்திற்குள்ளாகி வருகின்றனர். ஆகவே, அரசாங்கம் இதில் தலையிட்டு நிரந்தரமான இடத்தை ஒதுக்கி தர வேண்டும் என்று கேட்டுக் கொள்கிறேன்.

நேரியமங்கலம் முதல் வாளரா வரையிலான நெடுஞ்சாலைப் பணிகள் கடந்த எல்.டி.எஃப். அரசாங்கத்தால் பல்வேறு காரணங்களைக் கூறி தடைசெய்யபட்டு வைக்கப்பட்டுள்ளன. நமது அரசாங்கம் உடனடியாக தலையிட்டு அந்தத் தடைகளை நீக்கி பணிகளை விரைவுபடுத்த வேண்டும்.

மூணாறில் முந்தைய யு.டி.எஃப். அரசாங்கத்தால் கொண்டுவரப்பட்ட விளையாட்டு அரங்கம் தற்போது மிகவும் மோசமான நிலையில் உள்ளது. அதனை தேசிய அளவிலான

விளையாட்டு அரங்கமாக மேம்படுத்துவதற்கான நடவடிக்கைகள் மேற்கொள்ளப்பட வேண்டும்.

மூணாறு, ஆனச்சால், அடிமாலி பகுதிகளில் சுற்றுலா சீசன் காலங்களில் கடுமையான போக்குவரத்து நெரிசல் ஏற்படுகிறது. இதனால் உள்ளூர் மக்களும், சுற்றுலாப் பயணிகளும் மிகுந்த சிரமத்திற்கு உள்ளாகின்றனர். ஆகவே, இதற்கு உடனடியாக தீர்வு காணப்பட வேண்டும்.

കേരളത്തിൽ ഒരു ബസ്സ് സ്റ്റാൻഡില്ലാത്ത സ്ഥലമേതെന്ന് ചോദിച്ചാൽ അത് മൂന്നാറിലാണ്. **ലോക വിനോദസഞ്ചാര** ഭൂപടത്തിൽ മൂന്നാറിന് ആറാം സ്ഥാനമാണുള്ളത്. ഇത്രവർഷമായിട്ടും മൂന്നാറിൽ ഒരു ബസ്സ് സ്റ്റാൻഡോ ടോയ്‌ലെറ്റ് സൗകര്യമോ ഇല്ലാത്ത അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും മൂന്നാറിൽ വന്നിട്ടുണ്ട്. മൂന്നാർ സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ അഞ്ച് മുതൽ ആറുമണിക്കൂർ വരെ ട്രാഫിക്ക് ബ്ലോക്കിൽ കുടുങ്ങിപ്പോകുന്ന പോകുന്ന അവസ്ഥയാണുള്ളത്. ട്രാഫിക് ബ്ലോക്കിൽപ്പെട്ട് വാഹനങ്ങൾക്ക് കടന്നുപോകാൻ സാധിക്കാത്തതുകാരണം മൂന്നുനാല് മരണങ്ങൾ വരെ അവിടെ സംഭവിച്ച സാഹചര്യമുണ്ടായിട്ടുണ്ട്.

സ്വാതന്ത്ര്യം ലഭിച്ച് ഇത്രയും വർഷമായിട്ടും ഒരു സെന്റ് സ്ഥലമോ വീടോ ഇല്ലാത്ത ആളുകൾ എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോഴുമുണ്ട്. അടിയന്തര സാഹചര്യത്തിൽ ആശുപത്രിയിൽ പോകണമെങ്കിൽ നാല് മണിക്കൂർ യാത്ര ചെയ്ത് കോട്ടയം വരെ പോകേണ്ട അവസ്ഥയാണ്. അതുകൊണ്ടുതന്നെ ആശുപത്രിയിൽ പോകുന്ന വഴിക്കുതന്നെ രോഗികൾ മരിച്ചുപോയ സംഭവങ്ങളും നിരവധി ഉണ്ടായിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ജനങ്ങൾക്ക് കടന്നുപോകാൻ സാഹചര്യമില്ലാത്ത ഒരു സ്ഥലമായി മൂന്നാർ മാറിയിട്ടുണ്ട്. അതിനാൽ അവിടെ നല്ലൊരു ആശുപത്രി നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം ചുരുക്കു.

<u>திரு. எஃப். ராஜா (ശ്രീ. എഫ്. രാജ)</u>: எனது தொகுதியின் வளர்ச்சிக்காக முன்வைத்துள்ள இந்த கோரிக்கைகளை மாண்புமிகு முதலமைச்சர் அவர்கள்

பரிசீலித்து நிறைவேற்றி தருவார் என்ற நம்பிக்கையுடன் எனது உரையை நிறைவு செய்கிறேன். நன்றி. வணக்கம்.

ശ്രീ. നീലകണ്ഠൻ: സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയിൽ ഒരംഗമാകാനും പ്രസംഗിക്കാനുമുള്ള അവസരം നൽകിയ പാർട്ടിയോടും യു.ഡി.എഫ്.-നോടും ഉദുമ നിയോജകമണ്ഡലത്തിൽനിന്നും എന്നെ വിജയിപ്പിച്ച നല്ലവരായ വോട്ടർമാരോടും നന്ദിയും കടപ്പാടും അറിയിക്കുകയാണ്. കേരളം ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. നിലവിലുള്ള ബാധ്യതകളുടെ സാമ്പത്തിക ഞെരുക്കം പൊതുധനകാര്യത്തിൽ കൂടുതൽ സമ്മർദ്ദം സൃഷ്ടിക്കുന്നുണ്ട്. അവിടെയാണ് ലക്ഷ്യബോധം നിറഞ്ഞ ബജറ്റ് കേരളത്തിലെ ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചത്. അതിവേഗ റെയിൽപ്പാതയിൽക്കൂടി അതിവേഗം സഞ്ചരിച്ച് കേരളത്തിലേക്കെത്താനുള്ള കേരള ജനങ്ങളുടെ സ്വപ്നങ്ങൾക്ക് കരുത്തുപകർന്ന ധീരമായ ചുവടുവയ്പാണ് ഈ സഭയിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റ്. പുതിയ കാലഘട്ടത്തിനനുയോജ്യമായ ആധുനികവും ശാസ്ത്രീയവുമായ ധനകാര്യ മാനേജ്മെന്റിന്റെ പ്രതിഫലനമാണ് ഈ ബജറ്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റ് മുഴുവനും വായിച്ചുതീർന്നപ്പോൾ കേരളം ഒന്നടങ്കം എഴുന്നേറ്റുനിന്ന് കൈയടിച്ചത് ബഹു. മുഖ്യമന്ത്രിയുടെ ഈ ധനകാര്യ വൈദഗ്ധ്യത്തിന്റെ മുന്നിലാണ്. കടം വാങ്ങി കടം വാങ്ങി കടക്കെണിയിലായി പൂട്ടിപോകാറായ ഒരു ഖജനാവിനെ അഭിമാനത്തോടെ തുറന്നുവയ്ക്കാൻ ഗവൺമെന്റിനെ പ്രാപ്തമാക്കുന്നതാണ് ഈ ബജറ്റ്. ഭാവി കേരളം എന്താകണമെന്നും എങ്ങനെയാകണമെന്നും വരച്ചുവയ്ക്കുന്നതാണ് ഈ ബജറ്റ്. പഴകി തഴമ്പിച്ച മുദ്രാവാക്യങ്ങളുടെ പിറകെ നടന്ന് നമ്മുടെ പത്തുവർഷമാണ് നഷ്ടമായത്. ധൂർത്തിന്റെ അന്ത്യമാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നാം നമ്മളെ തിരിച്ചറിയുന്ന ഒരു പുതുയുഗമാണ് മേയ് 4-ാം തീയതി പിറന്നത്. ലോകമറിയുന്ന ബേക്കൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുള്ള നിയോജകമണ്ഡലമാണ് എന്റേത്. അറബിക്കടലിന് അഭിമുഖമായി തലയുയർത്തി നിൽക്കുന്ന ബേക്കൽകോട്ട ഞങ്ങളുടെ സ്വകാര്യ അഹങ്കാരമാണ്. കടലുമായും കടലോരമായും മത്സ്യബന്ധനവുമായും ബന്ധപ്പെട്ട് ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ അത് ഉദുമ

നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളിലുണ്ടാക്കിയ സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്. 'മിഷൻ സമുദ്ര' പദ്ധതി തികച്ചും ഭാവനാ സമ്പന്നവും നൂതനവുമാണ്. ജലഗതാഗതത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുമെന്ന് ബജറ്റിൽ പറയുന്നു. കോവളം-ബേക്കൽ ജലപാത യാഥാർഥ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എൻഡോസൾഫാൻ ബാധിതരുടെ ദുരിതം എന്നും കാണുന്നവരാണ് ഞങ്ങൾ. എൻഡോസൾഫാൻ ദുരിതബാധിതർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്നും ദുരിത ബാധിതരായ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമെന്നുള്ള പ്രഖ്യാപനം ബജറ്റിലെ മാനുഷികമൂല്യത്തിന്റെ മുഖമാണ് കാണിക്കുന്നത്. അതോടൊപ്പം, കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർഥ്യമാക്കുമെന്ന ചിരകാല സ്വപ്നം പൂർത്തിയാക്കുമെന്ന സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. നാട്ടിലെ സ്ത്രീകളെല്ലാം വളരെ ആവേശത്തിലാണ്. അവർക്ക് കൂട്ടത്തോടെ യാത്ര ചെയ്യാൻ സാധിക്കുന്ന രീതിയിലുള്ള സ്ത്രീ സൗഹൃദമാണ് ഈ ബജറ്റ്. കല്യോട്ട് അതിക്രൂരമായി കൊലചെയ്യപ്പെട്ട കൃപേഷിന്റെയും ശരത് ലാലിന്റെയും മണ്ണിനെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. കേരളത്തിൽ അങ്ങോളമിങ്ങോളം കൊലപാതകം സംരക്ഷിക്കുന്ന ഭരണകൂടമാണ് കഴിഞ്ഞ പത്തുവർഷം കേരളം ഭരിച്ചത്. എല്ലാ നിയമങ്ങളും ചട്ടങ്ങളും കാറ്റിൽപ്പറത്തി കൊലപാതകരെ സംരക്ഷിക്കാൻ സംസ്ഥാന ഖജനാവിൽനിന്ന് കോടികളാണ് ചെലവഴിച്ചത്. 1.3 ശതമാനം തുക മാത്രം മൂലധന ചെലവിന് ലഭിക്കുന്ന സംസ്ഥാനം; 77.6 ശതമാനം ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയവയ്ക്ക് ചെലവാക്കുന്ന സംസ്ഥാനം; എങ്കിലും ഈ സംസ്ഥാന ഖജനാവിന്റെ ഉണർത്തുപ്പാട്ടാണ് ഈ ബജറ്റ്.

നാട്ടിലെ കളിക്കളം മുതൽ വിദ്യാലയങ്ങൾ വരെ, നാട്ടിൻപുറത്തെ സാധാരണ തൊഴിൽശാല മുതൽ ഉന്നത കേന്ദ്രങ്ങൾവരെ നീളുന്ന മയക്കുമരുന്ന് ശൃംഖലകളുടെ വേരറുക്കാനുള്ള 'ഓപ്പറേഷൻ തൂഫാൻ' അക്ഷരാർഥത്തിൽ ഒരു കൊടുങ്കാറ്റായി മാറിയിരിക്കുകയാണ്. കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഏതുനിയമവിരുദ്ധ പ്രവർത്തനത്തെയും അടിച്ചമർത്താനുള്ള കരുത്തും ഇച്ഛാശക്തിയുമുണ്ട്. ഏത് ഗൂഢകേന്ദ്രങ്ങളിലും കയറി മയക്കുമരുന്ന് മാഫിയയെ തകർക്കുമെന്ന പ്രഖ്യാപനം

കേരളത്തിന് ആശ്വാസമാണ്. മയക്കുമരുന്ന് മാഫിയ തകർന്നുകഴിയുമ്പോൾ നാട്ടിലെ നാനാവിഭാഗം ജനങ്ങളും അവരുടെ പ്രാർഥനയിൽ ഈ സർക്കാരിനെ ഉൾപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ആധുനിക മയക്കുമരുന്നുകൾ തിരിച്ചറിയാൻ കഴിയാത്തത് പ്രതിസന്ധിയുണ്ടാകാറുണ്ട്. അത് പരിഹരിക്കാൻ ഉദ്യോഗസ്ഥർ ആധുനിക ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കുമെന്ന ബജറ്റ് പ്രശംസനീയമാണ്.

കാസർഗോഡ് മലയോര മേഖലയിലെ പ്രധാന കൃഷികളിലൊന്നായ റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചത് ആശ്വാസമാണ്. കാസർഗോഡിലെ മറ്റൊരു പ്രധാന കൃഷിയാണ് അടയ്ക്ക. വ്യാപകമായ ഇലപ്പുള്ളി രോഗവും മറ്റുരോഗങ്ങളും കാരണം കർഷകർ ഏറെ കഷ്ടത്തിലാണ്. അവർക്കും ആശ്വാസം ലഭിക്കാനുള്ള പദ്ധതി ഉണ്ടാകേണ്ടതാണ്. യഥാർഥത്തിൽ, സമൂഹത്തിൽ ഏറ്റവും താഴെ പ്രവർത്തിക്കുന്നവരെ ചേർത്തുപിടിക്കാൻ കഴിയുന്ന ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആശാവർക്കർമാരുടെ ഓണറേറിയവും അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനവും പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ അധ്യാപകരുടെ പ്രതിമാസ ഓണറേറിയവും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി പാചകത്തൊഴിലാളികളുടെ വേതനവും വർധിപ്പിച്ചത് അതിനുദാഹരണമാണ്. അതുകൊണ്ട് എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ച് മുന്നോട്ടുപോകുവാൻ സാധിക്കുന്ന ഈ ബജറ്റിലെ എല്ലാ ആശയങ്ങളെയും നിർദേശങ്ങളെയും സ്വാഗതം ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ധനകാര്യ വകുപ്പുമന്ത്രി കൂടിയായ കേരളത്തിലെ മുഖ്യമന്ത്രി അവതരിപ്പിച്ച 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് ആകെ പരിശോധിച്ചിട്ടുണ്ട്. അതിന്റെ നിരീക്ഷണങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ബജറ്റ് ഹൈലൈറ്റ്സ് എന്നത് പ്രധാനമായും അഞ്ച് കാര്യങ്ങളാണ്. ജി.എസ്.ഡി.പി.-യുടെ ഗ്രോത്ത്, എക്സ്പെൻഡിച്ചർ എക്സ്ക്ലൂഡിങ് ഡെബിറ്ററി പേമെന്റ്, റെസീപ്റ്റ് എക്സ്ക്ലൂഡിങ് ബോറോയിങ്സ്, റവന്യൂ ഡെഫിസിറ്റ്, ഫിസ്കൽ ഡെഫിസിറ്റ്. പോളിസി ഹൈലൈറ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹെൽത്ത് ഇൻഷ്വറൻസ്, മാരിടൈം സെക്ടർ, ടാക്സ് ഓൺ വെഹിക്കിൾസ്, അഗ്രികൾച്ചർ പ്രോഡക്ട്സ് പ്രൈസിങ് സപ്പോർട്ട് ടു എം.എസ്.എം.ഇ.,

എൻവയോൺമെന്റൽ പൊല്യൂഷൻ. ആകെ പരിശോധിക്കുമ്പോൾ സ്വപ്നങ്ങൾ കാണിക്കുക എളുപ്പമാണ്. എന്നാൽ ആ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്നത് ഉത്തരവാദിത്തമുള്ള ഭരണമാണ്. 'മനുഷ്യന് മതം ഒന്നേയുള്ളൂ, അത് പുരോഗതിയാണ്' എന്ന് മഹാകവി വള്ളത്തോൾ നാരായണമേനോൻ പറഞ്ഞിട്ടുണ്ട്. ഈ സഭയുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബജറ്റ് പരിശോധിക്കുമ്പോൾ സ്വാഭാവികമായും ഉയരുന്ന ചില സംശയങ്ങളുണ്ട്. ഇത് കേരളത്തിന്റെ വികസനത്തിനുള്ള സമഗ്രമായ സാമ്പത്തിക രൂപരേഖയാണോ; വലിയ പ്രഖ്യാപനങ്ങളുടെയും ആകർഷകമായ തലക്കെട്ടുകളുടെയും ഒരു രാഷ്ട്രീയ അവതരണമാണോ? ഒരു ബജറ്റിന്റെ ശക്തി അതിലെ വാഗ്ദാനങ്ങളുടെ എണ്ണത്തിലല്ല, ആ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള സാമ്പത്തിക സത്യസന്ധതയിലാണ്. 'വിത്തില്ലാതെ വിളവില്ല' - നമ്മുടെ നാട്ടിൻപുറങ്ങളിലെ ജീവിതാനുഭവമാണ്. പണമില്ലാതെ വികസനവുമുണ്ടാകില്ല. അതുകൊണ്ട് ഈ ബജറ്റിനെ വിലയിരുത്തുമ്പോൾ ആദ്യം നോക്കേണ്ടത് പ്രഖ്യാപനങ്ങളെയല്ല അവയ്ക്ക് പിന്നിലെ സാമ്പത്തിക അടിത്തറയെയാണ്. നിർഭാഗ്യവശാൽ ഈ ബജറ്റിൽ വികസനത്തിന്റെ ഉറച്ച അടിത്തറയേക്കാൾ പ്രഖ്യാപനങ്ങളുടെ അലങ്കാരമാണ് കൂടുതലായും കാണുന്നത്. മുൻകാല വികസന ക്ഷേമ മാതൃകകളെ ദുർബലപ്പെടുത്തുന്ന ഒരു രാഷ്ട്രീയ സമീപനമാണ് ഇവിടെ പ്രകടമാകുന്നത്. പ്രഖ്യാപനങ്ങൾകൊണ്ട് ചരിത്രം എഴുതാനാവില്ല, പ്രവർത്തനങ്ങൾകൊണ്ടാണ് ചരിത്രം സൃഷ്ടിക്കപ്പെടുന്നത്. ഈ ബജറ്റ് വികസനത്തിന്റെ രേഖയല്ല, പ്രഖ്യാപനങ്ങളുടെ പ്രദർശനമാണ്. സ്വപ്ന പദ്ധതികളുടെ ഒരു നീണ്ട പട്ടിക അവതരിപ്പിച്ചാൽ വികസനം സംഭവിക്കില്ല. അതിന് പണം വേണം. ആ പണം എവിടെനിന്നാണ് കണ്ടെത്തുക എന്നതാണ് ബജറ്റിന്റെ അടിസ്ഥാന ചോദ്യം. നിർഭാഗ്യവശാൽ അതിനുള്ള ഉത്തരം ഈ ബജറ്റിൽ കാണാനില്ല. ബജറ്റിന്റെ അടിസ്ഥാന ധർമ്മം പദ്ധതികൾക്ക് ധനസമാഹരണം ഉറപ്പാക്കുക എന്നതാണ്. എന്നാൽ ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത് മറ്റൊരു രീതിയാണ്; വലിയ പ്രഖ്യാപനങ്ങൾ, ചെറിയ വകയിരുത്തലുകൾ, വലിയ വാഗ്ദാനങ്ങൾ, ടോക്കൺ പ്രൊവിഷനുകൾ. ജനങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ വീട് പണിയാൻ ഒരു ഇഷ്ടിക കയ്യിൽ കൊടുക്കുന്നു, വീട് നിർമ്മിക്കാൻ പറയുന്നു. വീട് നിർമ്മിക്കാനാകുമോ? കഴിഞ്ഞ ഒരു

ദശാബ്ദക്കാലത്ത് കേരളം വികസനത്തിന്റെ കാര്യത്തിൽ കൈവരിച്ച മുന്നേറ്റങ്ങൾ ആർക്കും നിഷേധിക്കാനാവില്ല. ദേശീയപാത വികസനം, വിഴിഞ്ഞം തുറമുഖം, ഐ.ടി. മേഖലയുടെ വ്യാപനം, മെഡിക്കൽ കോളേജുകളുടെ വികസനം, പൊതുവിദ്യാഭ്യാസത്തിന്റെയും പൊതുജനാരോഗ്യത്തിന്റെയും ശക്തിപ്പെടുത്തൽ ഇവയൊന്നും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിയ പദ്ധതികളായിരുന്നില്ല. എന്നാൽ ഈ ബജറ്റിൽ കാണുന്നത് അതിന് നേർവിപരീതമായ സമീപനമാണ്. ലൈഫ് പദ്ധതി, അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടം, സ്ത്രീ സുരക്ഷയ്ക്കായുള്ള പ്രത്യേക ഇടപെടലുകൾ, യുവജനങ്ങൾക്ക് പ്രതീക്ഷ നൽകിയ തൊഴിൽ പദ്ധതികൾ ഇവയൊക്കെ എവിടെയാണ്? സാധാരണക്കാരന്റെ ജീവിതത്തെ സ്പർശിച്ച നിരവധി പദ്ധതികളെക്കുറിച്ച് ഈ ബജറ്റ് നിശ്ശബ്ദത പാലിക്കുകയല്ലേ ചെയ്തത്? ചില പദ്ധതികളുടെ പേരുകൾ നിലനിർത്തിയിട്ടുണ്ടാകാം. പക്ഷേ പദ്ധതികൾ പേരുകൊണ്ടല്ല ജീവിക്കുന്നത്, പണം കൊണ്ടാണ്. ഈ ബജറ്റിന്റെ ഏറ്റവും അപകടകരമായ വശം ക്ഷേമരാഷ്ട്ര സങ്കല്പത്തിൽനിന്നുള്ള പിന്മാറ്റമാണ്. നെഹ്റുവിയൻ കാഴ്ചപ്പാടുകൾ, ക്ഷേമരാഷ്ട്ര സങ്കല്പം ഇവ ഈ ബജറ്റിൽ എവിടെയാണ്? 1956-ലെ ആവഡി സോഷ്യലിസത്തിൽ ഉയർത്തിയ സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി ഈ ബജറ്റിൽ എവിടെയാണ്? കാർഷിക അനുബന്ധ മേഖലയ്ക്കുള്ള വിഹിതം, മൃഗസംരക്ഷണ - മത്സ്യബന്ധന മേഖലയ്ക്കുള്ള വിഹിതം, വനം-വന്യജീവി മേഖലയ്ക്കുള്ള വിഹിതം, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം, പൊതുജനാരോഗ്യ മേഖലയ്ക്കുള്ള വിഹിതം എന്നിവ കുറച്ചു. ഈ കുറവുകൾ വെറും കണക്കുകളല്ല. ഈ കുറവുകൾ ഗ്രാമീണ സമ്പദ് വ്യവസ്ഥയെയും കർഷകരെയും മത്സ്യത്തൊഴിലാളികളെയും പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളെയും ബാധിക്കും. കേരളത്തിന്റെ വികസന മാതൃകകളുടെ ശക്തി, വികേന്ദ്രീകരണമായിരുന്നു. എന്നാൽ ഈ ബജറ്റ് ആ ശക്തിയെ ദുർബലപ്പെടുത്തുകയാണ്. ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് തൊഴിലില്ലായ്മയാണ്. നമ്മുടെ യുവജനങ്ങൾ തൊഴിൽ തേടി നാടുവിടുകയാണ്. ഉയർന്ന വിദ്യാഭ്യാസം നേടിയവർപോലും തൊഴിലിനായി കാത്തിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ യുവജനങ്ങളുടെ തൊഴിൽ സുരക്ഷ,

നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ട സമയമായിരുന്നു ഇത്. പക്ഷേ ഈ ബജറ്റിൽ യുവജനങ്ങൾക്ക് വ്യക്തമായ പ്രതീക്ഷ നൽകുന്ന ഒരു സമഗ്ര കാഴ്ചപ്പാട് കാണാൻ കഴിയുന്നില്ല. ഒരു തലമുറയുടെ പ്രതീക്ഷകളെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നോട്ട് പോകാനാവില്ല. കാരണം, യുവത്വം പ്രതീക്ഷ നഷ്ടപ്പെടുന്നിടത്താണ് സമൂഹത്തിന്റെ ഭാവി ഇരുണ്ടുപോകുന്നത്.

ആരോഗ്യ രംഗത്തെ പ്രഖ്യാപനങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പറയേണ്ടതുണ്ട്. ഓരോ കുടുംബത്തിനും 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് നൽകുമെന്ന പ്രഖ്യാപനം കേൾക്കുമ്പോൾ ആർക്കും സന്തോഷം തോന്നും. പക്ഷേ ഒരു ബജറ്റിനെ വിലയിരുത്തേണ്ടത് കയ്യടിയുടെ അടിസ്ഥാനത്തിലല്ല, കണക്കുകളുടെ അടിസ്ഥാനത്തിലാണ്. പദ്ധതിയുടെ യഥാർഥ സാമ്പത്തിക ബാധ്യത എത്രയാണ്; അതിന് ആവശ്യമായ പ്രീമിയം എത്രയാണ്; എത്ര കുടുംബങ്ങളെ ഉൾപ്പെടുത്തും; ധനസമാഹരണം എങ്ങനെയാണ്? ഈ ചോദ്യങ്ങൾക്കൊന്നും വ്യക്തമായ ഉത്തരം ബജറ്റിലില്ല. അതുപോലെ പുതിയ മെഡിക്കൽ കോളേജുകളുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. പക്ഷേ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് ഒരു വാർത്താ സമ്മേളന പ്രഖ്യാപനമല്ല. നൂറ് കണക്കിന് കോടികളുടെ നിക്ഷേപം ആവശ്യമായ ദീർഘകാല പദ്ധതിയാണ്. അതിന് ആവശ്യമായ സാമ്പത്തിക അടിത്തറ ഈ ബജറ്റിൽ കാണുന്നില്ല. ഈ ബജറ്റിന്റെ മറ്റൊരു പ്രത്യേകത, സ്വകാര്യവൽക്കരണത്തിലേക്കുള്ള പാതയാണ്. ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്തുമെന്ന പ്രഖ്യാപനം. മിഷൻ സമുദ്ര, മാരിടൈം പോളിസി, വിവിധ നിക്ഷേപ പദ്ധതികൾ എന്നിവ പരിശോധിക്കുമ്പോൾ പൊതുവിഭവങ്ങളെ സ്വകാര്യ മൂലധനത്തിന് കൂടുതൽ തുറന്നുകൊടുക്കാനുള്ള പ്രവണതയാണ് ഈ ബജറ്റിലൂടെ കാണാൻ കഴിയുന്നത്. ഈ അടുത്ത കാലത്ത് 'ഗ്രേറ്റ് നിക്കോബാർ പദ്ധതി' സംബന്ധിച്ച് ശ്രീ. രാഹുൽ ഗാന്ധി സ്ഫടികംപോലെ കിടക്കുന്ന കടലിന്റെ ആഴങ്ങളിലേക്ക് എത്തി അവിടെ ഭൗതിക കടൽസമ്പത്തുകൾ കൊള്ളയടിക്കാനിടയുള്ള ശ്രീ. നരേന്ദ്ര മോദിയും അദാനിയുമായി ബന്ധപ്പെട്ട ഒരു പുതിയ പ്രോജക്ട് പാടില്ലെന്ന് പ്രഖ്യാപിച്ചത് നാം കണ്ടില്ലേ; നാളെ ഈ കടൽത്തീരങ്ങളിൽ എന്താണ് സംഭവിക്കുക എന്ന് പറയാൻ സാധിക്കുമോ? കേരളത്തിന്റെ

വളർച്ചയുടെ ചരിത്രം പൊതുമേഖലയുടെയും പൊതുനിക്ഷേപത്തിന്റെയും ചരിത്രമാണ്. ഈ നാടിനെ മുന്നോട്ട് നയിച്ചത് വിപണിയുടെ കാണാക്കരങ്ങളല്ല, ജനാധിപത്യ സർക്കാരുകളുടെ സാമൂഹിക ഇടപെടലുകളാണ്. അതുകൊണ്ട് പൊതുമേഖലയെ ദുർബലപ്പെടുത്തുന്ന ഏത് സമീപനവും കേരളത്തിന്റെ വികസന മാതൃകയ്ക്ക് എതിരായ വെല്ലുവിളിയാണ്. അധ്യാപകരോടും ജീവനക്കാരോടും പെൻഷൻകാരോടും ബജറ്റ് നീതി പുലർത്തുന്നില്ല. പ്രഖ്യാപനങ്ങൾ ഉണ്ട്; പക്ഷേ വ്യക്തതയില്ല. വാഗ്ദാനങ്ങൾ ഉണ്ട്; പക്ഷേ സമയക്രമമില്ല. ഉറപ്പുകൾ ഉണ്ട്; പക്ഷേ സാമ്പത്തിക പിന്തുണയില്ല. അതുകൊണ്ടാണ് ജനങ്ങൾ ചോദിക്കുന്നത് ഇത് ബജറ്റാണോ അതോ പരസ്യപുസ്തകമാണോയെന്ന്. കേരളത്തിന്റെ വികസന ചരിത്രം നമ്മെ ഒരു വലിയ പാഠം പഠിപ്പിക്കുന്നുണ്ട്. വികസനമെന്നത് മന്ദിരങ്ങളുടെ ഉയരമല്ല. മനുഷ്യരുടെ ജീവിത നിലവാരമാണ്. ഈ ബജറ്റിനെക്കുറിച്ച് അവസാനമായി ഒരു കാര്യംകൂടി പറയാതെ വയ്യ. സർക്കാർ മാറാം, മന്ത്രിമാർ മാറാം എന്നാൽ ജനങ്ങളുടെ പ്രതീക്ഷകളും വികസനത്തിന്റെ ആവശ്യകതകളും മാറുന്നില്ല. അതുകൊണ്ടാണ് ഓരോ പുതിയ സർക്കാരിൽനിന്നും ജനങ്ങൾ ഓരോന്നും പ്രതീക്ഷിക്കുന്നത്. മുൻകാല നേട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്ന സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. കേരളം ഇതുവരെ വളർന്നത് കോർപ്പറേറ്റുകളുടെ കരുണ കൊണ്ടല്ല, കർഷകരുടെ അധ്വാനം, തൊഴിലാളികളുടെ വിയർപ്പ്, അധ്യാപകരുടെയും ആരോഗ്യ പ്രവർത്തകരുടെയും സമർപ്പണം, പൊതുമേഖലയുടെയും സഹകരണ മേഖലയുടെയും കരുത്ത്, സാമൂഹിക നീതിയെ അടിസ്ഥാനമാക്കിയ നയങ്ങൾ ഇവ കൊണ്ടാണ്. ഈ കേരളത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ട്. 'വഴിയുണ്ടാക്കിയവരെ മറക്കുന്ന സമൂഹങ്ങൾക്ക് വഴി നഷ്ടപ്പെടും' എന്നൊരു പഴമൊഴിയുണ്ട്. കേരളം കൈവരിച്ച വികസന നേട്ടങ്ങളുടെ അടിത്തറപാകിയ ജനകീയ നയങ്ങളെയും ക്ഷേമ പദ്ധതികളെയും മറന്നുകൊണ്ടുള്ള ഒരു സാമ്പത്തിക സമീപനവും ഈ നാടിന് ഗുണകരമാവില്ല. അതിനാൽ ഈ ബജറ്റിന്റെ രാഷ്ട്രീയ ദിശയും സാമ്പത്തിക യാഥാർഥ്യവും പുനഃപരിശോധിക്കണമെന്നും പ്രഖ്യാപനങ്ങൾക്കുപകരം നടപ്പാക്കലിനും പ്രചാരണത്തിനുപകരം ജനക്ഷേമത്തിനും മുൻഗണന നൽകണമെന്നും ഈ സഭയിലൂടെ

സർക്കാരിനോട് ആവശ്യപ്പെടുകയാണ്. കേരളത്തിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമാണ് ബജറ്റ്. ഈ ബജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. എം. എ. സമീർ: സർ, ഈ സഭയിൽ കന്നിപ്രസംഗം നടത്താൻ അവസരം നൽകിയ അങ്ങേയ്ക്കുള്ള നന്ദി ആദ്യംതന്നെ രേഖപ്പെടുത്തട്ടെ. എന്നെ വിശ്വസിച്ച് ഈ സഭയിലേക്ക് തിരഞ്ഞെടുത്തയച്ച തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വോട്ടർമാരോടും എന്നെ ഞാനാക്കി മാറ്റിയ എന്റെ പ്രസ്ഥാനത്തോടും നേതാക്കന്മാരോടുമുള്ള ആദരവും നന്ദിയും ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. മഹാത്മാ ഗാന്ധിയുടെ പ്രശസ്തമായ ഒരു വാചകം ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ് - 'ഒരു സമൂഹത്തിന്റെ യഥാർഥ വികസനം അളക്കപ്പെടുന്നത്, അവിടത്തെ ഏറ്റവും താഴെത്തട്ടിലുള്ള, ഏറ്റവും പാവപ്പെട്ട മനുഷ്യന്റെ ജീവിതനിലവാരം നോക്കിയാണ്'. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പുതുക്കിയ ബജറ്റിന്റെ രേഖകൾ പരിശോധിക്കുമ്പോൾ നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത സങ്കല്പത്തോട് നൂറ് ശതമാനവും നീതിപുലർത്തുന്ന ഒരു വികസന രേഖയാണ് പുതുക്കിയ ബജറ്റ്. കേവലം സർക്കാരിന്റെ വരവുചെലവ് കണക്കുകൾക്കപ്പുറം കേരളത്തിന്റെ ശോഭനമായ ഭാവിയിലേക്കുള്ള ഒരു വഴികാട്ടിയാണ് ഈ പുതുക്കിയ ബജറ്റ്. അതുകൊണ്ടുതന്നെ അതിയായ അഭിമാനത്തോടെ, തികഞ്ഞ ഉത്തരവാദിത്വത്തോടെ, ഞാൻ ഈ പുതിയ ബജറ്റിനെ പൂർണ്ണമായി അനുകൂലിക്കുന്നു. എന്തിനാണ് ഈ ബജറ്റിനെ അനുകൂലിക്കുന്നതെന്ന് ചോദിച്ചാൽ, അതിനുള്ള ഉത്തരം ഈ ബജറ്റിൽ തന്നെയുണ്ട്. ബഹുമാന്യരായ അംഗങ്ങൾ ഇവിടെ അതിലെ വിശദാംശങ്ങൾ ഒത്തിരി തവണ ആവർത്തിച്ച് പറഞ്ഞതാണ്. ഈ ബജറ്റിൽ വിസ്മയമില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞൊരു കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ സഭയിൽ ധവളപത്രം സമർപ്പിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഫിനാൻഷ്യൽ ഹെൽത്ത് റിപ്പോർട്ടാണത്. ബജറ്റ് രൂപപ്പെടുത്തുന്നതിന് മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വലിയ എക്സ്പീരിയൻസുള്ള എക്സ്പേർട്ട് കമ്മിറ്റിയുമായി ചേർന്ന് ഫിനാൻഷ്യൽ ഹെൽത്ത് റിപ്പോർട്ട് പബ്ലിഷ് ചെയ്തപ്പോൾ ഈ സംസ്ഥാനത്തിന്റെ കടബാധ്യതയും

സാമ്പത്തികനിലയും കേരളത്തിലെ മുഴുവൻ ആളുകൾക്കും മനസ്സിലാക്കാൻ സാധിച്ചുവെന്ന പോയിന്റിൽ നിന്നാണ് പിന്നീട് നടത്തിയ ഹോംവർക്കിലൂടെ കഴിഞ്ഞ ഗവൺമെന്റ് അവതരിപ്പിച്ച സമ്പൂർണ്ണ ബജറ്റിന്റെ അവസ്ഥയെന്താണെന്നുള്ളത് മനസ്സിലായത്. അതിൽ നടത്തിയ ഹോംവർക്കും പരിമിതമായ വിഭവങ്ങളും അനുഭവിക്കേണ്ടി വരാവുന്ന വെല്ലുവിളികളെയും ഉൾക്കൊണ്ടുകൊണ്ട് കൃത്യമായി നടപ്പാക്കാൻ സാധിക്കുന്ന പ്രഖ്യാപനങ്ങളിലൊതുങ്ങാത്ത ഒരു വർക്കിങ് ഡോക്യുമെന്റായാണ് റിവൈസ്ഡ് ബജറ്റ് ഈ കേരളത്തിന് സമർപ്പിച്ചിട്ടുള്ളത്. ഏറ്റവും വലിയ വിസ്മയം അതുതന്നെയല്ലേ? ഇരുപതിനായിരത്തി അഞ്ഞൂറ് കോടി രൂപയുടെ ഗ്രാന്റ് പ്രതീക്ഷിച്ചത് കിട്ടില്ലെന്ന് വന്നപ്പോൾ, എൺപതിനായിരത്തിലധികം കോടിയുടെ ബാധ്യതകളുള്ളപ്പോൾ, അതിനെ എങ്ങനെയാണ് ഒൻപത് മാസം മാത്രം ബാക്കിനിൽക്കുന്ന ഒരു സാമ്പത്തിക വർഷത്തിൽ കൃത്യമായി നടപ്പാക്കാൻ കഴിയുകയെന്നുള്ളതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ വിസ്മയം. ഇല്ലാത്തതിൽനിന്ന് യാഥാർത്ഥ്യത്തിലേക്കുള്ള ബ്രിഡ്ജാണ്, ഈ ഫുൾ ബജറ്റിൽനിന്നും റിവൈസ്ഡ് ബജറ്റിലേക്കുള്ള ദൂരം. അതുതന്നെയാണ് ഏറ്റവും വലിയ വിസ്മയം. എല്ലാ മേഖലകളും അടിസ്ഥാന പശ്ചാത്തല വികസനത്തിലേക്ക് ഫണ്ട് വയ്ക്കുമ്പോൾതന്നെ ഇവിടുത്തെ ക്ഷേമപ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാനുള്ള തീരുമാനങ്ങൾക്കൂടി ഇതിലുണ്ടായിട്ടുണ്ട്. മിനറൽസ് ടവറാണെങ്കിലും നൂതന പദ്ധതികളാണെങ്കിലും എല്ലാം കേരളത്തിന്റെ ഭാവിയിലേക്കുള്ള ആശയങ്ങൾ ഒരു നോളജ് ഇക്കോണമി എക്സ്പെക്റ്റ് ചെയ്യുന്ന ഒരു കാലത്ത് എങ്ങനെയാണ് ഈ സംസ്ഥാനം മുന്നോട്ടുപോകേണ്ടതെന്നുള്ള റൂട്ട് മാപ്പ് ഈ ബജറ്റ് രേഖയിലുണ്ട്. ഞാൻ വരുന്നത് തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിന്നാണ്. മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിനിധീകരിച്ച മണ്ഡലം, ആ മണ്ഡലത്തിലെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ കൊണ്ടുവരുന്നതിനായി അഭ്യർഥിക്കാനുള്ളത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, രജീന്ദർ സച്ചാർ കമ്മിറ്റിയുടെയും പാലോളി കമ്മിറ്റിയുടെയും നിർദേശപ്രകാരം കേരളത്തിലെ ന്യൂനപക്ഷങ്ങൾ തിങ്ങിപാർക്കുന്നിടത്ത് ആരംഭിക്കേണ്ട വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിട്ടാണ് എൽ.ബി.എസ്.-ലെ Integrated Institute of Science and Technology ഉമ്മൻ ചാണ്ടി സർക്കാർ

ആരംഭിച്ചത്. അന്ന് അതിനുവേണ്ടി 137 കോടി രൂപ വകയിരുത്തുകയും അതിൽ 1 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് വന്ന പത്ത് വർഷം ആ പദ്ധതിയിലേക്ക് ഒരു രൂപ പോലും ചെലവഴിക്കാനോ റിലീസ് ചെയ്യാനോ ഇടതുപക്ഷ സർക്കാർ തയ്യാറായിട്ടില്ല. ആ പദ്ധതിയിൽ എഞ്ചിനീയറിങ് കോളേജ്, പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ട്, ആർട്സ് & സയൻസ് കോളേജ്, ഡിപ്ലോമാ കോഴ്സുകൾ എന്നിവയെല്ലാമുള്ള ഒരു എഡ്യൂക്കേഷൻ ഹബ്ബ് ഉണ്ട്. ലാൻഡ് എടുക്കാനുള്ള പ്രൊസീജിയർ തുടങ്ങി, നെഗോഷ്യേറ്റഡ് പർച്ചേസ് സ്കീമിലേക്ക് കൊണ്ടുവന്നു. അതിന്റെ സർവേ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മലപ്പുറം ജില്ലാ കളക്ടർ നടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാക്കാനായി ഭൂമിയേറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. രണ്ട്, എന്റെ നിയോജകമണ്ഡലമായ പരപ്പനങ്ങാടി ഒരു തീരദേശ മേഖലയാണ്. ഒരു വീട്ടിൽത്തന്നെ മൂന്നും നാലും കുടുംബങ്ങൾ താമസിക്കുന്ന, മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന, ആ ജനത ഉൾക്കൊള്ളുന്ന സ്ഥലം തന്നെ എടുക്കാം. മനസ്സിലാകുന്നതിനായി ഇവിടെ ഒരു കണക്ക് ഉദാഹരണമായി പറയാം - പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ മാത്രം 841 കുടുംബങ്ങൾക്ക് വീടില്ല. ആ വീടില്ലാത്ത കുടുംബങ്ങൾ ഉൾക്കൊള്ളുന്ന, ഈ പ്രദേശം ആശ്രയിക്കുന്ന നെടുവാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിലനിൽപ്പ് ഇന്ന് വളരെയധികം ശോചനീയാവസ്ഥയിലാണ്. ഹോസ്പിറ്റലിലേക്ക് പോകുമ്പോൾ ഹോസ്പിറ്റൽ കെട്ടിടത്തിന് എന്തെങ്കിലും സംഭവിച്ച് പുതിയ വിപത്തുണ്ടാകുമോയെന്ന ആശങ്കയുണ്ട്. ആ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ച് നൽകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. മൂന്ന്, ഫണ്ട് അനുവദിക്കേണ്ടാത്ത മികവിന്റെ കാര്യമാണ് പറയാനുള്ളത്. ഏറ്റവും മികച്ച താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ സംസ്ഥാന അവാർഡ് രണ്ട് തവണ നേടിയ ആശുപത്രിയാണ് ഞങ്ങളുടെ തിരൂരങ്ങാടി താലൂക്ക് ആശുപത്രി. കേരളത്തിലെ ഏറ്റവും കൂടുതൽ ലാൻഡുള്ള, 4.68 ഏക്കർ ഭൂമിയുള്ള, ബിൽഡിങ്ങുള്ള ഒരു ദിവസം തന്നെ തൊണ്ണൂറ് ആളുകൾക്ക് ഡയാലിസിസ് സൗകര്യം ചെയ്യുന്ന ആ ആശുപത്രിയെ ജനറൽ ആശുപത്രിയായി കൺവെർട്ട് ചെയ്യണമെന്നാണ് അഭ്യർഥിക്കാനുള്ളത്. ഞാനൊരു കമ്പനി സെക്രട്ടറിയാണ്.

രണ്ട് പതിറ്റാണ്ടായി ഞങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഇവിടുത്തെ വ്യാപാരികളും വ്യവസായികളും പ്രോജക്ടുമായി വരുന്നയാളുകൾക്ക് അവർ ഗവൺമെന്റിൽനിന്നും ഒരുപാട് ഇൻസെന്റീവൊന്നും പ്രതീക്ഷിക്കുന്നില്ല. അവർക്കുവേണ്ട നിയമപരമായ പെർമിഷനുകളും അപ്രൂവലും സമയബന്ധിതമായി നടപ്പാക്കാനുള്ള ഒരു സിസ്റ്റമാണിവിടെ കൊണ്ടുവരേണ്ടത്. ആ സിസ്റ്റത്തിന്റെ ഏറ്റവും വലിയ Indication കൂടിയാണ് ഈ ബജറ്റിൽ പറയുന്നത്. വലിയ പദ്ധതികളെ കോ-ഓർഡിനേറ്റ് ചെയ്യാൻ വേണ്ടി Investment promotion board കൊണ്ടുവരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ കൊണ്ടുവന്നാലേ കാലതാമസം ഒഴിവാക്കി ഈ പ്രൊമോട്ടർമാർക്ക്, Entrepreneur's-ന് ഇവിടെ ബിസിനസ്സ് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ചയാണ് ഇവിടെ നടക്കുന്നത്. സാധാരണ ഒരു സ്ഥാപനത്തിന്റെ വരവുംചെലവും പോലെ തന്നെയാണ് ഒരു സംസ്ഥാനത്തിന്റെയും വരവുംചെലവും. കൃത്യമായി, അക്കൗണ്ടന്റിന്റെ ഭാഷയിൽ പറഞ്ഞാൽ ബാലൻസ് ഷീറ്റില്ലാത്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ഒരു സംസ്ഥാനത്തിന്റെ ബജറ്റെന്ന് പറയുന്നത്. ആ ഫിനാൻസ് ഡാറ്റ വച്ചു നോക്കുമ്പോൾ നമുക്ക് വരവ് അധികരിച്ച് വരേണ്ടതുണ്ട്. അങ്ങനെ വരവ് അധികരിച്ച് വരണമെങ്കിൽ നല്ല ഭൂമി, നല്ല കാലാവസ്ഥ, അതിലും മിടുക്കരായ മാൻപവറുള്ള ആളുകൾക്ക് ജോലി ചെയ്യാനുള്ള അവസരം ഈ സംസ്ഥാനത്തുണ്ടോ എന്നുള്ളതാണ്. ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ പത്തുകൊല്ലമായി ഐ.ടി.ഐ.-ൽ ഉണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. ഐ.ടി.-യിലെ പി.എസ്.യു സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് നോക്കിയാൽ അവർ നേടുന്ന ടേണോവറും അതിലുള്ള നെറ്റ് പ്രോഫിറ്റും കുറയുന്നതിന്റെ ഡാറ്റാ നമുക്ക് പബ്ലിക്ക് ഡോക്യുമെന്റിൽ കാണാൻ സാധിക്കും. ഇന്ന് ഐ.ടി. മേഖല ടെക്നോപാർക്കിൽ നിന്ന് ജി.സി.സി. (Global Capability Centre)ലേക്ക് മാറ്റമുണ്ടായിട്ടുണ്ട്. അഭിമാനപൂർവം എനിക്ക് പറയാം, എന്റെ ഫിനാൻസ് മിനിസ്റ്റർ പോകുന്ന റോഡ് മാപ്പിൽ, ഐ.ടി. മേഖല ടെക്നോപാർക്കിൽ നിന്നും ജി.സി.സി.-യിലേക്കുള്ള നാഴിക ആ റോഡ് മാപ്പ് കൃത്യമായി വരച്ച് കാണിക്കുന്നുണ്ട്. അവിടെയാണ് ഈ തലമുറ ജോലി പ്രതീക്ഷിക്കുന്നത്.

ചെയർപേഴ്സൺ: അങ്ങ് ചുരുക്കൂ..

ശ്രീ. പി. എം. എ. സമീർ: സർ, മിടുക്കന്മാരായ ആളുകൾക്ക് ജോലി വേണമെങ്കിൽ ഇവിടെ വരുന്ന പദ്ധതികളെ വെൽക്കം ചെയ്തുകൊണ്ട് അവരുടെ പദ്ധതികൾ ഇവിടെ തുടങ്ങാനാവശ്യമായ സമയത്തിന്റെ ഡിലേ കുറയ്ക്കണമെന്നുകൂടി അഭ്യർഥിക്കുകയാണ്. ഞാൻ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിന്നും ആദ്യമായിട്ടാണ് ഒരു സ്ഥാനാർഥിയായി മത്സരിക്കുന്നത്. ഞാനൊന്നും പറഞ്ഞിട്ടില്ല, പുതുയുഗ കേരളത്തിനായി അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളാണ് ഞാൻ വോട്ടർമാരോട് പറഞ്ഞത്. വോട്ട് എണ്ണിക്കഴിഞ്ഞപ്പോൾ 10,000 വോട്ട് ഭൂരിപക്ഷമുണ്ടായിരുന്ന മണ്ഡലത്തിൽ നിന്ന് 63,387 വോട്ടിന്റെ, കേരളത്തിലെ രണ്ടാമത്തെ ഭൂരിപക്ഷം, ഭൂരിപക്ഷത്തിലാണ് ഞാൻ ജയിച്ചത്. അത് എനിക്ക് നൽകിയത് പാർട്ടിക്കാരല്ല, മുന്നണിയുടെ ആളുകൾ മാത്രമല്ല. അവിടെയുള്ള പൊതുജനങ്ങളും പൊതുവോട്ടർമാർ ഒരുമിച്ച് ഈ പുതുയുഗകേരളത്തിനായി ലൈനപ്പ് നിർത്തിയിട്ടാണ് എന്നെ ഇങ്ങോട്ട് പറഞ്ഞയച്ചത്. അതുകൊണ്ട് ഈ പുതുയുഗ കേരളത്തിന്റെ ഏറ്റവും വലിയ സിഗ്നേച്ചറായ 2026-2027-ലെ റിവൈസ്ഡ് ബജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. ജയ്ഹിന്ദ്.

ശ്രീ. സിറിയക് തോമസ്: സർ, പീരുമേട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് കേരള നിയമസഭയിൽ മൂന്ന് പ്രാവശ്യം അംഗമായിരുന്ന എന്റെ പിതാവ് കെ. കെ. തോമസിനെയും എന്റെ രാഷ്ട്രീയ ഗുരുസ്ഥാനീയരും ആദരണീയരുമായ ഉമ്മൻചാണ്ടിയുടെയും പി. ടി. തോമസിന്റെയും ഓർമ്മകൾക്കു മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട് ഈ സഭയിൽ എനിക്ക് സംസാരിക്കാൻ അവസരം നൽകിയ പീരുമേടിലെ നല്ലവരായ ജനങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി സതീശൻ അവതരിപ്പിച്ച ബജറ്റ് ഒരു പുതുയുഗ കേരളത്തിനുവേണ്ടിയുള്ള ആദ്യ ചുവടുവയ്പ്പാണ്. ഈ ബജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

കേരളത്തിലെ സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസിൽ സൗജന്യയാത്ര അനുവദിച്ചതും ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചകതൊഴിലാളികൾ എന്നിവരുടെ വേതനം വർധിപ്പിച്ചതും കേരളത്തിലെ വ്യവസായ സംരംഭകർക്കുവേണ്ടി

സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയും പതിനായിരം എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം പ്രഖ്യാപനങ്ങളും ഏറെ പ്രതീക്ഷ നൽകുന്നവയാണ്. യുവജനങ്ങളേയും നിക്ഷേപകരെയും കേരളത്തിൽ നിലനിർത്തുന്നതിന് ഉതകുന്ന പദ്ധതികളും പുതിയ വയോജന വകുപ്പും സിൽവർ ഇക്കോണമിയും ഈ ബജറ്റിലൂടെ സൃഷ്ടിച്ചത് വിപ്ലവകരമായ മാറ്റത്തിന് കാരണമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾമൂലം വൻ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങായി മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും മാരകരോഗങ്ങൾക്ക് അടിമപ്പെട്ടവരെയും അഗതികളെയും അശരണരെയും സഹായിക്കാനായി പ്രഖ്യാപിച്ച 'വൺ കേരള കരുതൽ മിഷൻ' പദ്ധതിയുമൊക്കെ സർക്കാരിന്റെ കരുതലിന്റെയും ചേർത്തുപിടിക്കലിന്റെയും ഉദാഹരണങ്ങളാണ്. കഴിഞ്ഞ പത്തുവർഷമായി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരള ജനതയെ ഏറെ ബുദ്ധിമുട്ടിച്ച സാമൂഹിക വിപത്തായിരുന്ന ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും അതിന്റെ ഭാഗമായുള്ള ലഹരി മാഫിയയുടെ അഴിഞ്ഞാട്ടവും കേരളത്തിലെ ക്രിമിനൽ കുറ്റകൃത്യങ്ങളുടെ ബാഹുല്യവുമൊക്കെ ഇന്നും നമ്മുടെ ഓർമ്മയിലുണ്ട്. ഒരു കുടുംബത്തിന്റെ പ്രതീക്ഷയായിരുന്ന, മയക്കുമരുന്ന് അടിമകളുടെ ഇരയായ ഡോ. വന്ദന ദാസും സിദ്ധാർഥനുമൊക്കെ കേരള മനസ്സാക്ഷിക്ക് വേദനിക്കുന്ന ഓർമ്മകളായി ഇന്നും നിലനിൽക്കുന്നു. ഏറെ ആദരണീയനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ ഒരു കൊടുങ്കാറ്റുപോലെ കേരളത്തിൽ ആഞ്ഞടിക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി ഏറെ അഭിനന്ദനാർഹമാണ്. പട്ടയവിതരണത്തിനുള്ള നടപടികളും പട്ടയ ഭൂമിയിൽ നിലവിലുള്ള നിർമ്മാണങ്ങളും ഉപാധിരഹിതമായി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ ബജറ്റിലൂടെ നിർദേശിക്കപ്പെട്ടത് മലയോര കർഷകർക്ക് ഏറെ ആശ്വാസകരമായി. മലയോര മേഖലയിൽ ബഹുഗുണ കൃഷിരീതി പ്രോൽസാഹിപ്പിക്കുന്നതിനും തോട്ടം മേഖലയിൽ കൂടുതൽ സ്ഥലം ടൂറിസത്തിന് ഉപയോഗിക്കുന്നതിനായി സഹായിക്കുന്ന വിധത്തിൽ

ആവശ്യമായ നിയമനിർമ്മാണം നടത്തുമെന്ന പ്രഖ്യാപനം കേരളത്തിലുടനീളവും പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ പീരുമേടിലും വളരെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നത് ഉറപ്പാണ്. വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകൾക്കായി പ്രത്യേക പാക്കേജുകൾ നടപ്പാക്കുമെന്ന പ്രഖ്യാപനത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു. ഇടുക്കി പാക്കേജിന് കൂടുതൽ തുക വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ പീരുമേടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. പീരുമേട് നിയോജകമണ്ഡലത്തിലെ പകുതിയിലധികം പ്രദേശവും തോട്ടം ഭൂമിയാണ്. തോട്ടം വ്യവസായം അതീവ ഗുരുതരമായ പ്രതിസന്ധികൾ അഭിമുഖീകരിക്കാൻ തുടങ്ങിയിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞു. പ്രധാന തോട്ടങ്ങളിൽ മൂന്നിലൊന്നും ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. പല തോട്ടങ്ങളിലും തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത അവസ്ഥയാണ്. പലപ്പോഴും മാരകരോഗങ്ങളും പകർച്ച വ്യാധികളുംമൂലം തൊഴിലാളി ജീവിതം ദുസ്സഹമായിരിക്കുകയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത്, തോട്ടം വ്യവസായം ആരംഭിച്ച സമയത്ത് നിർമ്മിച്ച ലയങ്ങൾ എന്നു വിളിക്കുന്ന പാർപ്പിടങ്ങളിലാണ് തൊഴിലാളികൾ ഇന്നും താമസിക്കുന്നത്. പ്രസ്തുത പാർപ്പിടങ്ങളിൽ ഭൂരിഭാഗവും ഏത് സമയവും തകർന്നുവീഴാവുന്ന തരത്തിൽ ജീർണാവസ്ഥയിലാണ്. ലയമെന്ന ചിന്താഗതി മാറ്റി മെച്ചപ്പെട്ട താമസസൗകര്യങ്ങൾ ഉറപ്പാക്കുന്ന വസതികൾ നിർമ്മിക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മാനേജ്മെന്റുകൾ പി.എഫ്.-ഉം ഗ്രാറ്റുവിറ്റിയുമൊക്കെ നൽകാതെ, പത്തും പതിനഞ്ചും വർഷം കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് കിട്ടേണ്ട സ്റ്റാറ്റ്യൂട്ടറി പെൻഷൻപോലും ലഭിക്കാത്തൊരു അവസ്ഥയുണ്ട്. ഇതൊക്കെ പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് തോട്ടം മേഖലയ്ക്ക് അനുവദിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. പീരുമേടിലെ ആരോഗ്യരംഗത്തെ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. താലൂക്കാശുപത്രികളും മറ്റ് പ്രൈമറി ഹെൽത്ത് സെന്ററുകളും ഉണ്ടെങ്കിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും ആവശ്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയുമൊക്കെ കുറവും ആധുനിക ചികിത്സാ സൗകര്യങ്ങൾ വേണ്ടവിധത്തിൽ

ലഭ്യമാക്കാത്തതും വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. കാൻസർപോലുള്ള മാരക രോഗങ്ങൾ ചികിൽസിക്കുന്നതിനായി വളരെ ദൂരെയുള്ള കോട്ടയം, തേനി മെഡിക്കൽ കോളേജുകളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പീരുമേട് കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ മെച്ചപ്പെട്ടതും കൂടുതൽ തൊഴിൽദായകവുമായ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാർഥികൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പീരുമേടിൽ ഒരു ഗവൺമെന്റ് ആർട്സ് കോളേജ് ആരംഭിക്കുന്നതിനും നിലവിലുള്ള പോളിടെക്നിക് കോളേജുകളിൽ ആധുനിക കാലത്തെ കൂടുതൽ തൊഴിൽ സാധ്യതയുള്ള ഓട്ടോ മൊബൈൽ, എ.ഐ. സാങ്കേതിക വിദ്യ, ഫുഡ് പ്രൊഡക്ഷൻ തുടങ്ങിയ മേഖലയിലുള്ള കോഴ്സുകൾകൂടി അനുവദിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. പൂട്ടികിടക്കുന്ന തോട്ടം മേഖലകളിൽ വളരെയധികം ഭൂമി ഇപ്പോൾ ലഭ്യമാണ്. ഇത് ഏറ്റെടുത്ത് ഐ.ടി. അടക്കം ബഹുമുഖ വ്യവസായങ്ങൾക്ക് ഉതകുന്നവിധത്തിൽ ഒരു മൾട്ടി പർപ്പസ് വ്യവസായ പാർക്ക് ആരംഭിക്കണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര ഭൂപടത്തിൽ ഇടം പിടിച്ചിട്ടുള്ള തേക്കടി, വാഗമൺ ടൂറിസ്റ്റ് കേന്ദ്രങ്ങളും പുതിയതായി വളർന്നുവരുന്ന പരുന്തുംപാറ, പാഞ്ചാലിമേട് തുടങ്ങിയ ടൂറിസം ഡെസ്റ്റിനേഷനുകളുമൊക്കെ എന്റെ നിയോജകമണ്ഡലത്തിലാണ്. അടിസ്ഥാനസൗകര്യ വികസനം ഇവിടെ സാധ്യമാക്കണം. പ്രകൃതിരമണീയമായ വളരെയധികം പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന എന്റെ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ തയ്യാറാക്കുമ്പോൾ മുന്തിയ പരിഗണന നൽകണമെന്നും ഞാൻ അഭ്യർഥിക്കുന്നു. തേക്കടി കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ട് വിഭാവനം ചെയ്ത് നടപ്പാക്കണമെന്നും ആവശ്യപ്പെടുകയാണ്. മനുഷ്യ-വന്യജീവി സംഘർഷം വർധിച്ചുവരുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. മൂന്ന് ജീവനുകളാണ് ഈ അടുത്ത കാലത്തായി ഇവിടെ പൊലിഞ്ഞുപോയത്. കടുവയും പുലിയും കാട്ടുപോത്തും കരടിയുമൊക്കെ മനുഷ്യന്റെ സ്വൈര്യവിഹാരത്തെ തടസ്സപ്പെടുത്തുകയാണ്. ഇതിനെല്ലാം ശാശ്വതപരിഹാരമായി പ്രതിരോധ മാർഗങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ

ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. അതുപോലെതന്നെ ആലടി പ്രദേശത്ത് പെരിയാറിന് കുറുകെ സഞ്ചരിക്കുന്നതിനായി സ്കൂൾ കുട്ടികളടക്കം ആശ്രയിക്കുന്നത് ചങ്ങാടമാണ്. വെള്ളപ്പൊക്ക കാലത്തൊക്കെ വളരെയധികം ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് ഉണ്ടാകുന്നു. അവിടെ വാഹന ഗതാഗതം സ്ഥാപിക്കുന്ന വിധത്തിൽ ഒരു പാലം പണിയുന്നതിന് ബജറ്റിലൂടെ പണം അനുവദിച്ചതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നന്ദി അറിയിക്കുകയാണ്. അതിന്റെ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. തോട്ടം തൊഴിലാളി ക്ഷേമത്തിനായി ഇപ്പോൾ നിലവിലുള്ള പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ടിലേക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഈ ബജറ്റ് നിർദേശങ്ങളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. മനോജ് മൂത്തേടൻ: സർ, മഹാരഥന്മാരായ ഒരുപാട് നേതാക്കന്മാർ സവിശേഷവും നേതൃത്വപരവുമായ ഇടപെടലുകളാൽ സമ്പന്നമാക്കിയ ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭയിൽ കടന്നുവരാൻ അവസരം നൽകിയ പെരുമ്പാവൂരിലെ പ്രിയപ്പെട്ട വോട്ടർമാരോടും എന്റെ പ്രസ്ഥാനത്തോടും നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ നിയമസഭയെ പ്രോജ്ജ്വലമാക്കിയ മുൻ മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായർ, നിയമസഭയിൽ സ്പീക്കറായിരുന്ന പി. പി. തങ്കച്ചൻ, മുൻ മന്ത്രിയായിരുന്ന ടി. എച്ച്. മുസ്തഫ, സാംസ്കാരിക പ്രതിഭയായ പി. ഗോവിന്ദപിള്ള തുടങ്ങിയ മഹാരഥന്മാരായ നേതാക്കളുടെ കർമ്മഭൂമിയായ പെരുമ്പാവൂരിൽനിന്ന് ജനപ്രതിനിധിയാകാൻ അവസരം ലഭിച്ചത് വലിയ ഭാഗ്യമായി കരുതുകയാണ്. തകർച്ചയുടെയും ദുരിതത്തിന്റെയും പ്രയാസമേറിയ ജീവിതസാഹചര്യങ്ങളുടെയും നടുവിൽ, കഴിഞ്ഞ പത്തുവർഷം നിരാശയുടെ പടുകുഴിയിലേക്ക് തള്ളപ്പെട്ട ഒരു ജനതയെ, മോചനത്തിന്റെ പുതിയ മന്ത്രവുമായി ഒരു പുതുയുഗത്തിലേക്ക് നയിക്കാൻ തയ്യാറെടുത്ത് മുന്നോട്ടുവന്നിട്ടുള്ളതാണ് ഐക്യജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ്. ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ് കേരളത്തിന്റെ ഭാവിയിലേക്കുള്ള ഒരു ചുവടുവയ്പായി

കാണുന്നു. ഈ ജനകീയ ബജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന പെരുമ്പാവൂർ, തടി വ്യവസായത്തിന്റെ ഏറ്റവും വലിയ കേന്ദ്രമാണ്. ഏറ്റവും അനന്തസാധ്യതയുള്ള വ്യവസായമേഖലയുടെ വളർച്ചയ്ക്കായി ലോകോത്തര നിലവാരത്തിലുള്ള ഒരു 'ഗ്ലോബൽ ഫർണിച്ചർ ഹബ്ബ്' ഈ ബജറ്റിലൂടെ പ്രഖ്യാപിച്ച ബഹുമാന്യനായ മുഖ്യമന്ത്രിയെ പ്രത്യേകമായി ഒരിക്കൽക്കൂടി ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിന്റെ എല്ലാ മേഖലയെയും സ്പർശിച്ചുകൊണ്ട് പൊതുസമൂഹത്തിനാകെ ഗുണകരമായ മാറ്റങ്ങൾ സാധ്യമാക്കുന്ന ഈ ബജറ്റ് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും കർഷകർക്കും തൊഴിലാളികൾക്കും മാത്രമല്ല, സമൂഹത്തിനാകമാനം വലിയ പ്രതീക്ഷ നൽകുന്നതാണ്. എല്ലാവിഭാഗം ജനങ്ങളുടെയും സാമൂഹികനീതിയും അവകാശവും ഉറപ്പുവരുത്തുന്ന മികച്ച പ്രഖ്യാപനങ്ങളോടുകൂടിയാണ് യു.ഡി.എഫ്. സർക്കാർ ഈ ബജറ്റ് അവതരിപ്പിച്ചത്. ജനങ്ങളോടുള്ള കടപ്പാടിന്റെ പ്രതിഫലനമായി ഈ ബജറ്റ് മാറുമെന്ന കാര്യത്തിൽ സംശയമില്ല. യാഥാർത്ഥ്യങ്ങളും സ്ഥിതിവിവര കണക്കുകളും മറച്ചുവച്ച് ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുകയും എന്നാൽ ഒന്നും നടപ്പിലാക്കാൻ കഴിയാത്ത ജനദ്രോഹ നിലപാടുകൾ തുടർച്ചയായി സ്വീകരിക്കുകയും ചെയ്ത മുൻസർക്കാരിനെതിരായ കേരള സമൂഹത്തിന്റെ ശക്തമായ വിധിയെഴുത്തായി ഈ തിരഞ്ഞെടുപ്പിന്റെ പ്രഖ്യാപനം വന്നപ്പോൾ, ഇനിയെങ്കിലും നിങ്ങൾക്കുണ്ടായ പരാജയം ഉൾക്കൊണ്ടുകൊണ്ട് ഈ ജനകീയ ബജറ്റിനെ അംഗീകരിക്കണമെന്നാണ് സ്നേഹപൂർവം നിങ്ങളെ ഓർമ്മപ്പെടുത്താനുള്ളത്. പത്തുവർഷം മുമ്പുവരെ നമ്മുടെ നാട്ടിലെ വീടില്ലാത്തതും ഭൂമിയില്ലാത്തതുമായ ആളുകൾക്ക് "ഇന്ദിരാ ആവാസ് യോജന" എന്ന പദ്ധതിയിലൂടെ വാർഡുതലങ്ങളിൽ ഗ്രാമസഭാ യോഗങ്ങൾകൂടി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഒരു മുൻഗണനാക്രമം തയ്യാറാക്കി അർഹരായ മുഴുവൻ ആളുകൾക്കും വീട് നൽകിയിരുന്ന പദ്ധതിയെ മാറ്റിയാണ് കഴിഞ്ഞ സർക്കാർ "ലൈഫ് പദ്ധതി" കൊണ്ടുവന്നത്. ലൈഫ് പദ്ധതിയിൽ ധാരാളം ആളുകൾ വീടിനുവേണ്ടി അപേക്ഷ നൽകി കാത്തിരുന്നവരും അവസാനം വീട് നിർമ്മാണം ആരംഭിച്ചശേഷം അത് പൂർത്തിയാക്കാൻ

സാധിക്കാത്തവരുമുണ്ടെന്ന് നമുക്കറിയാം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട മൂന്നാം ഗഡു തുക പോലും നൽകാതെ ഈ നാട്ടിലെ പാവപ്പെട്ടവരെ വഞ്ചിച്ച ഇടതുപക്ഷത്തിനെതിരെ ശക്തമായ വിധിയെഴുത്ത് ഈ തിരഞ്ഞെടുപ്പിൽ കേരളത്തിലെമ്പാടും അലയടിച്ചു. പാവപ്പെട്ടവരായ ആളുകളുടെയും വീട് നിർമ്മിക്കാൻ കഴിയാത്തവരുടെയും വീട് പൂർത്തീകരിക്കാൻ കഴിയാത്തവരുടെയുമെല്ലാം ഒരു ശാപമായാണ് ഇന്ന് പ്രതിപക്ഷം അപ്പുറത്തിരിക്കേണ്ടിവന്നതെന്ന് കേരളീയ സമൂഹം നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. മൂന്നാം ഗഡു തുക പോലും അനുവദിക്കാതെ കേരളത്തിലെ ലോക്കൽ ബോഡികളെ കൂച്ചുവിലങ്ങിട്ട് ഞെരുക്കിക്കൊല്ലുന്ന ഒരു ഗവൺമെന്റ് മാറി പ്രത്യാശയുടെ പുതിയ ഗവൺമെന്റാണ് അധികാരത്തിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഈ ബജറ്റ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ സഹായകരമാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റ് നമുക്കറിയാം. കേരളത്തിൽ ഓരോ ബജറ്റുകൾ പ്രഖ്യാപിക്കുന്ന സമയത്തും പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം നൽകാതെ പലപ്പോഴും പ്രഖ്യാപനങ്ങൾ മാത്രമായി ഒതുക്കിക്കൊണ്ട് മുന്നോട്ടുപോയ സാഹചര്യത്തിൽനിന്ന് വ്യത്യസ്തമായി, യാഥാർഥ്യബോധത്തോടുകൂടി വളരെ കൃത്യമായ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുന്ന ഒരു വിസ്മയകരമായ, ജനകീയമായ ബജറ്റാണ് കേരളത്തിലെ മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചത്. യാഥാർഥ്യബോധത്തിൽ ഊന്നി കേരളത്തിന്റെ വികസനം സാധ്യമാക്കുന്ന ഒരു ബജറ്റാണിതെന്ന് കേരളീയ സമൂഹത്തെ നമുക്ക് ബോധ്യപ്പെടുത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ടെന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് മുൻതൂക്കം നൽകുന്നതോടൊപ്പം പത്തുവർഷക്കാലം പുറകോട്ടുപോയ കേരളത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യക്ഷേമ മേഖലകളെയും വീണ്ടെടുക്കാൻ കഴിയുന്ന നിരവധി പദ്ധതികളാണ് ഈ ബജറ്റിലുള്ളത്. അത് നമുക്ക് വലിയ പ്രതീക്ഷ നൽകുന്ന കാര്യംകൂടിയാണ്. സ്വന്തം പെറ്റമ്മയെപ്പോലും തലയ്ക്കടിച്ച് കൊലപ്പെടുത്താൻ മടിയില്ലാത്തൊരു തലമുറ ലഹരി എന്ന മാരകമായ വിപത്തിന്

അടിമപ്പെട്ട് വളർന്നുവരുന്ന സാഹചര്യത്തിൽ, നമ്മുടെ നാട്ടിലെ യുവതലമുറയെ വീണ്ടെടുക്കാനുള്ള "ഓപ്പറേഷൻ ഇൗഫാൻ" പദ്ധതിയെന്ന ഏറ്റവും വലിയ ജനകീയ പോരാട്ടം കേരളത്തിൽ ഈ ഗവൺമെന്റ് ആരംഭിക്കുകയുണ്ടായി. കേരളീയ സമൂഹത്തിന്റെ അമ്മമാരുടെയും സഹോദരിമാരുടെയുമെല്ലാം വലിയ പിന്തുണയോടുകൂടി ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുമ്പോൾ, അതിനെ ശക്തമായി മുന്നോട്ടുനയിക്കാൻ നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആഭ്യന്തരമന്ത്രിയെയും പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ അധികാരമേറ്റെടുത്ത ദിവസംതന്നെ പ്രതിവർഷം 750 കോടി രൂപ ബാധ്യതയുണ്ടാകുമെന്നറിഞ്ഞിട്ടുപോലും ജനങ്ങൾക്ക് നൽകിയ വാഗ്ദാനം കൃത്യമായി പാലിച്ചുകൊണ്ട് ഇന്ദിരാ ഗാന്ധിയുടെ പേരിൽ "പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി" കേരളത്തിൽ നടപ്പാക്കിയ ഇച്ഛാശക്തിയുള്ളൊരു ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്ന് അഭിമാനത്തോടെയാണ് ഞങ്ങൾ പറയുന്നത്. സ്ത്രീ സൗജന്യയാത്രാ പദ്ധതിയിൽ വിനോദയാത്രയ്ക്ക് അവസരമുണ്ടാകുമെന്ന് വാഗ്ദാനം നൽകിയിട്ടും അതെവിടെ എന്നാണ് ഇന്നലെ വർക്കല നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ. സഭയിൽ പരാമർശിച്ചത്. എന്നാൽ, എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽനിന്ന് മൂന്നാറിലേക്ക് ധാരാളം ബസ്സുകളുണ്ട്. അവയിൽ സൗജന്യയാത്രാ പദ്ധതി സ്കീമിലുള്ള ബസ്സുകളുമുണ്ട്. ധാരാളം ബസ്സുകൾ ആലപ്പുഴ ജില്ലയിലേക്കുണ്ട്. അവിടെ ബോട്ടിങ്ങിന് പോകാൻ കഴിയും. ധാരാളം ബസ്സുകൾ കുമളിയിലേക്കുമുണ്ട്. യു.ഡി.എഫ്. സർക്കാർ വാഗ്ദാനത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങളും സമയബന്ധിതമായി പാലിച്ചുകൊണ്ട് സ്ത്രീ സൗജന്യ യാത്രാ പദ്ധതി ഒരു നിബന്ധനകളുമില്ലാതെ മുഴുവൻ വനിതകൾക്കും യാഥാർഥ്യമാക്കിയത് ഈ ഗവൺമെന്റാണ്. അതോടൊപ്പംതന്നെ ഒരു ഇരട്ടിമധുരം കൂടിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് സംസ്ഥാനതലത്തിൽ ഉദ്ഘാടനം ചെയ്ത സൗജന്യയാത്രാ പദ്ധതിയിലെ വാഹനത്തിന്റെ സാരഥിയായിരുന്നത് പെരുമ്പാവൂരിൽനിന്നുള്ള ഒരു പ്രിയപ്പെട്ട സഹോദരിയായിരുന്നുവെന്നത് എനിക്ക് വളരെ അഭിമാനം നൽകുന്നൊരു കാര്യംകൂടിയാണ്. ഒരു വിഷയംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സൗജന്യ യാത്രയുടെ

കാര്യത്തിൽ ഇവർ ആക്ഷേപം പറയുകയും കള്ളപ്രചരണങ്ങൾ നടത്തുകയും ചെയ്തല്ലോ; ഈ ഗവൺമെന്റ് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന് വാഗ്ദാനത്തിൽ പറഞ്ഞിരുന്നു. ആദ്യത്തെ കാബിനറ്റിൽതന്നെ വയോജനക്ഷേമ വകുപ്പ് രൂപീകരിക്കാനാണ് തീരുമാനമെടുത്തത്. നമ്മുടെ വീടുകളിലെ രക്ഷകർത്താക്കൾ ഉൾപ്പെടെ ജീവിതത്തിന്റെ സായന്തനത്തിൽ വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ കഴിഞ്ഞുപോകേണ്ടിവരുന്ന ധാരാളംപേരുണ്ട്. മക്കളാൽ പുറന്തള്ളപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന ഒരുപാട് രക്ഷകർത്താക്കൾ നമുക്ക് ചുറ്റിലുമുണ്ട്. ആ രക്ഷകർത്താക്കളെ ചേർത്തുപിടിച്ച് അവർക്ക് കരുതലും സാന്നിധ്യവും സാമീപ്യവുമാകാൻ ഒരു ഗവൺമെന്റുണ്ടെന്ന് കൃത്യമായി അവരെ ബോധ്യപ്പെടുത്തിക്കൊണ്ടാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കുന്നത്.

ഒരുലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായ പെരുമ്പാവൂരിൽ അനന്തമായ ഒരുപാട് സാധ്യതകൾ നമുക്കുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ ഓപ്പറേഷൻ ഡിഫാന്റെ ഭാഗമായി ലഹരിക്കെതിരായ പോരാട്ടം നടക്കുമ്പോഴും അവിടെ അന്യസംസ്ഥാന തൊഴിലാളികളുടെ വലിയ കുടിയേറ്റമുണ്ടെങ്കിലും പെരുമ്പാവൂർ എന്നുപറയുന്ന പ്രദേശം വലിയ സാധ്യതയുള്ള സ്ഥലമാണ്.

<u>ചെയർപേഴ്സൺ</u>: പ്ലീസ്... കൺക്ലൂഡ്.... ഒന്നുചുരുക്കു....

<u>ശ്രീ. മനോജ് മൂത്തേടൻ</u>: സർ, തടി വ്യവസായം, അരി വ്യവസായം, പ്ലാസ്റ്റിക്, സ്റ്റീൽ ഫർണിച്ചറുൾപ്പെടെ ധാരാളം ഫർണിച്ചർ വ്യവസായങ്ങളുള്ള ഒരു നാട്ടിൽ, അനന്തമായ സാധ്യതകളുള്ള പെരുമ്പാവൂരിനുവേണ്ടി നിരവധി പദ്ധതികൾ ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇനിയും ഏത് വകുപ്പിനും ഓരോ പദ്ധതികൾ നടപ്പാക്കാൻ കഴിയുന്ന ഭൗതിക സാഹചര്യമുള്ളൊരു നാട്ടുകൂടിയാണ് പെരുമ്പാവൂർ. ആ നാട്ടിൽ നിരവധി വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്ന് സ്നേഹപൂർവം ഞാൻ അഭ്യർഥിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ പത്തുവർഷക്കാലം ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ചുമതല വഹിച്ച് സേവനം ചെയ്തയാളാണ് ഞാൻ. ഈ പത്തുവർഷവും സംസ്ഥാന ഗവൺമെന്റ് ബജറ്റ് അവതരിപ്പിക്കുമ്പോൾ ലൈവായി

കാണുകയും ആ ബജറ്റിൽ ഞങ്ങൾക്കെന്തെങ്കിലുമൊക്കെ ഉണ്ടാകുമെന്ന് കരുതി വലിയ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയും ചെയ്തിട്ടുണ്ട്. പക്ഷെ, കഴിഞ്ഞ പത്തുവർഷക്കാലവും ഇടതുപക്ഷ ഗവൺമെന്റിന്റെ ബജറ്റ് അവതരണം കഴിഞ്ഞ് നിരാശയോടുകൂടി മാത്രം ബജറ്റിനെ നോക്കിക്കണ്ട ഒരാളെന്ന നിലയിൽ യു.ഡി.എഫ്. സർക്കാരിന്റെ ബജറ്റ് മുഖ്യമന്ത്രി അവതരിപ്പിച്ച അവസരത്തിൽ ഈ സഭയിലിരുന്ന് അത് കാണാൻ സാധിച്ചതിൽ വലിയ അഭിമാനമുണ്ടായി.

<u>ചെയർപേഴ്സൺ</u>: പ്ലീസ്... അങ്ങ് അവസാനിപ്പിക്കൂ. സമയം കഴിഞ്ഞു.

<u>ശ്രീ. മനോജ് മൂത്തേടൻ</u>: സർ, കാരണം, പത്തുവർഷക്കാലത്തെ വഞ്ചനയുടെയും നിരാശയുടെയും ഒരു ബജറ്റ് മാറി പ്രതീക്ഷയുടെ ബജറ്റ് അവതരിപ്പിച്ച കേരളത്തിന്റെ മുഖ്യമന്ത്രി ഈ നാടിന് നൽകുന്ന വലിയ പ്രതീക്ഷ, ഒരു പുതുയുഗത്തിലേക്കുള്ള നാന്ദിയായി ഈ ബജറ്റ് മാറുന്നുവെന്നുള്ളത് വലിയ അഭിമാനമായി കാണുകയാണ്. അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്ക് പ്രതീക്ഷയാകുന്ന ഈ ജനകീയ ബജറ്റിനെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. റെജി ചെറിയാൻ</u>: സർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബജറ്റ് പാവപ്പെട്ടവർക്കും നമ്മുടെ സംസ്ഥാനത്തെ എല്ലാ തരം ജനങ്ങൾക്കും ആശ്വാസം പകരുന്ന ഒന്നാണ്. കടക്കെണിയിലായ ഒരു നാടിനെ എങ്ങനെ വീണ്ടെടുക്കാം എന്നതിന്റെ ഉത്തമ ഉദാഹരണവും വികസനത്തിലേക്ക് ഒരു നാടിനെ എങ്ങനെ നയിക്കാം എന്നതിന്റെ തെളിവുമാണ് ഈ ബജറ്റ്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന കുട്ടനാടിനെ കഴിഞ്ഞ 20 വർഷമായി ഒരു വികസനവുമില്ലാതെ, കടക്കെണിയിലായ കർഷകരും കാൻസർ രോഗികളും നിറഞ്ഞ് നല്ല റോഡുകളോ നടവഴികളോ ഇല്ലാതെ കാലങ്ങളായി വൃത്തിയാക്കാതെ പായലും കടകലും വളർന്ന് മലിനജലത്താൽ ചുറ്റപ്പെട്ട്, കുട്ടികൾക്ക് പഠിക്കാൻ നല്ല സ്കൂളുകളില്ലാത്ത, കുടിക്കാൻ വെള്ളമില്ലാത്ത, നല്ലൊരു ആശുപത്രിയില്ലാത്ത, സംസ്ഥാനത്ത് ഏറ്റവും പിന്നാക്കം ചെന്ന ഒരു മണ്ഡലമാക്കി കഴിഞ്ഞ പത്ത് വർഷം ഭരിച്ചവരുടെ നവകേരള സൃഷ്ടിയാക്കി

മാറ്റിയെന്നമാത്രമല്ല, ഈ ബജറ്റിന് ഒരു അടിത്തറയുമില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. ഉള്ള അടിത്തറ തോണ്ടിക്കൊണ്ട് പോയിക്കഴിഞ്ഞാൽ പിന്നെ എന്ത് അടിത്തറയാണുള്ളത്. ഈ നാടിനെ വികസനത്തിലേക്ക് കൊണ്ടുപോകാൻ രണ്ടാമത് അടിത്തറ ഇട്ടുവരണം. സാധാരണ മനുഷ്യർക്ക് ജീവിക്കാനുള്ള ചുറ്റുപാടെങ്കിലും നൽകാൻ ഈ ബജറ്റിന് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ഇരുപത് വർഷം കുട്ടനാടിനെ നയിച്ചിരുന്നത് ഇടതുപക്ഷ ജനപ്രതിനിധികളായിരുന്നു. പത്ത് വർഷം ഭരണമുണ്ടായിട്ടും ആ നാടിനെ ഇവരാരും തിരിഞ്ഞുനോക്കിയിട്ടില്ല. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവർ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത തരത്തിൽ കുട്ടനാട്ടിൽ പരാജയമുണ്ടായത്. ഈ കേരളത്തിലെ എല്ലാ ജനങ്ങൾക്കുമറിയാം, കൈനകരി, കാവാലം പഞ്ചായത്തുകൾ മാർക്സിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ കോട്ടകളായിരുന്നുവെന്ന്. ആ കോട്ടകളെ പൊട്ടിച്ചുകൊണ്ട് 20600 വോട്ടിന്റെ ഏറ്റവും വലിയ ഭൂരിപക്ഷം അവിടത്തെ ജനങ്ങൾ എനിക്ക് നൽകി. അത് ആ നാടിന്റെ ഒരു മാറ്റത്തിനുവേണ്ടിയാണ്. ആ നാട് ഇനി മാറും, മാറ്റാൻവേണ്ടി കഴിവുള്ള ഒരു മുഖ്യമന്ത്രി ഈ നാടിനുണ്ടായി. ആ മുഖ്യമന്ത്രി രാജാവല്ല; അദ്ദേഹത്തിന്റെ അടുത്ത് എപ്പോഴും ഏതൊരാൾക്കും ഓടി ചെല്ലാനും കാര്യങ്ങൾ പറയാനും സാധിക്കും. പരാതികൾ കേൾക്കുകയും പരിഹാരമുണ്ടാക്കാൻ മുന്നിൽ നിൽക്കുകയും ചെയ്യുന്ന ഒരു മുഖ്യമന്ത്രിയെയാണ് ഇന്ന് ഈ സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കഴിവ് ഈ നാടിന് പ്രയോജനമുണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവും ഞങ്ങൾക്കാർക്കുമില്ല. ഈ നാടിനെ വീണ്ടെടുക്കാനാണ് ഈ ബജറ്റിലെ എല്ലാ പദ്ധതികളും.

നമുക്കെല്ലാവർക്കുമറിയാം, 'മിഷൻ സമുദ്ര' എന്നുപറഞ്ഞപ്പോൾ പ്രതിപക്ഷം എന്താണ് പറഞ്ഞത്? 'കടൽ കച്ചവടം ചെയ്യാൻ പോകുന്നു' എന്നാണ്. ഇവർ ഈ ലോകത്തെങ്ങും സഞ്ചരിക്കുന്നവരല്ലേ? ഇവർ ഈ നാട്ടിൽ മാത്രം ജീവിച്ച് ഈ നാടിനെ എങ്ങനെ വികസനമില്ലാതെയാക്കാം എന്ന് ചിന്തിക്കുന്ന ഒരു വിഭാഗമായാണ് മാറിയത്. അങ്ങനെ ശോഷിച്ച് 35 പേരായിട്ടും ഇവർ പഠിച്ചിട്ടില്ല. ഇവർ ഇനി എന്ന് പഠിക്കും എന്നുള്ളതാണ് കാണേണ്ടത്.  ഇങ്ങനെ പോയാൽ, ഇവർ അടുത്ത പ്രാവശ്യം ഇതിന്റെ പകുതിപോലും സഭയിൽ കാണില്ല.  ഈ സഭയിൽ ഇത്രയും നല്ലൊരു ബജറ്റ് ഈ നാടിനുവേണ്ടി

അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ ആ രീതിയിലാണ് ഇവർ ഓരോ ദിവസവും ചോദ്യങ്ങൾ ചോദിക്കുന്നത്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, ദയവായി അവസാനിപ്പിക്കുക.

ശ്രീ. റെജി ചെറിയാൻ: സർ, കഴിഞ്ഞ ദിവസം സഭയിൽ പ്രൊഫ. സി. രവീന്ദ്രനാഥ് പ്രസംഗിച്ചത് കേട്ടു. സത്യത്തിൽ ആ തത്വവും ശാസ്ത്രവും ഗണിതവുമൊന്നും ഞങ്ങൾക്കാർക്കും മനസ്സിലായില്ല. കാരണം, ഈ ബജറ്റ് ഈ നാടിനെ എവിടെയൊക്കെയോ കൊണ്ടെത്തിക്കുമെന്ന് എന്തൊക്കെയോ പറയുന്നുണ്ട്. കമ്മ്യൂണിസം എന്നുപറയുന്നത് ഇവർ പറയുന്ന കമ്മ്യൂണിസമല്ല. നാടിനുവേണ്ടിയുള്ളതാണ് കമ്മ്യൂണിസം. അത് ഇവർക്കറിയില്ല. ഇവർ എപ്പോഴും എവിടെ സമരം ചെയ്യാം, എന്തിനെ എതിർക്കാം എന്നുമാത്രം ചിന്തിക്കുന്നവരാണ്. ഈ നാടിനെ കടക്കെണിയിലാക്കി ഒന്നുമില്ലാതെയാക്കി മാറ്റുകയാണ് ചെയ്തത്. എന്റെ നിയോജകമണ്ഡലത്തിൽ ഇവർ വരണം. പത്ത് വർഷം ഭരിച്ചപ്പോൾ ഇവർ ആ നാടിനുവേണ്ടി എന്തുചെയ്തു എന്ന് കാണിച്ചുതരണം. ഇവരിൽ ആര് വന്നാലും കൊണ്ടുപോകാൻ ഞാൻ തയ്യാറാണ്. കാൻസർ രോഗികളാൽ നിറഞ്ഞുകിടക്കുന്ന ഈ നിയോജകമണ്ഡലത്തിൽ പാവപ്പെട്ട മനുഷ്യർ ജീവിക്കുന്നുണ്ട്. അവരെ ഒരു രീതിയിലും മുന്നോട്ടുകൊണ്ടുപോകാൻ ഇവരൊന്നും ഒരു പ്രാവശ്യംപോലും ശ്രമിച്ചിട്ടില്ല. ഞാൻ ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ടും എല്ലാ ആശംസകളും അറിയിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഏറെ ദുരൂഹതകളും അതിലേറെ അവാസ്തവവും നിറഞ്ഞ ഒരു ബജറ്റ് എന്ന നിലയ്ക്ക് ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക ആരോഗ്യത്തെ സംബന്ധിച്ച് തികച്ചും അടിസ്ഥാനരഹിതമായ ഭീതി പരത്താനും അതുവഴി തങ്ങളുടെ ചില പ്രത്യേക താൽപര്യങ്ങളെ ഒളിച്ചുകടത്താനുമാണ് ഇപ്പോൾ അവതരിപ്പിച്ച ബജറ്റിലൂടെ യു.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രികൂടിയാണല്ലോ. അദ്ദേഹം പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിരുന്ന സമയത്ത് ഗവൺമെന്റിന്റെ പല പ്രഖ്യാപനങ്ങളെയും ചെയ്തികളെയും വിമർശിച്ചപ്പോൾ, തീർച്ചയായും അദ്ദേഹം രാജ്യത്തിന്റെ നേട്ടത്തിനുവേണ്ടിയുള്ളതും സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമായ

കാര്യങ്ങൾ ലഭിക്കുന്നതുമായ ഒരു ബജറ്റ് അവതരിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. പക്ഷെ അത് ആകെ അസ്ഥാനത്തായി എന്നുള്ളതാണ് വസ്തുത. ധവളപത്രവും പുതുക്കിയ ബജറ്റിന്റെ ആമുഖ ഭാഗവും കൃത്യമായി വായിച്ചുനോക്കിയാൽ കേരളം അഗാധമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന പ്രതീതി ജനിപ്പിക്കാൻ അദ്ദേഹം മികവ് കാണിച്ചിട്ടുണ്ടെന്ന് മനസ്സിലാകും. എന്നാൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഒട്ടും അപകടാവസ്ഥയിലല്ല എന്ന് തെളിഞ്ഞിരിക്കുന്നുവെന്നതാണ് തികച്ചും വിരോധാഭാസം. അതുകൊണ്ടാണ് ബജറ്റിന് മുമ്പുതന്നെ ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ ഈ സർക്കാരിന് കഴിഞ്ഞത്. സാമ്പത്തിക തകർച്ച എന്ന വാദത്തിന് ഒരു കഴമ്പുമില്ല. മാത്രമല്ല, 'ആകെ സാമ്പത്തിക തകർച്ചയിലാണ്, മുണ്ട് മുറുക്കിയുടുക്കണം' എന്നാണ് ബഹുമാന്യനായ എ. കെ. ആന്റണി പറഞ്ഞത്. സാധാരണഗതിയിൽ പുതുതായി ഒരു മുഖ്യമന്ത്രി ചുമതലയേറ്റ് രാജ്യത്തെ ഏറ്റവും വലിയ പ്രമാണിയായ ഒരു നേതാവിനെ കാണാൻ പോകുമ്പോൾ ഇതൊന്നും പറയേണ്ട ഒരു കാര്യവുമില്ല. അത് അദ്ദേഹത്തിന്റെ ഒരു മാസ്റ്റർ പീസാണെന്നാണ് ഞാൻ കാണുന്നത്. ഇതിനുമുമ്പും പല തവണ അദ്ദേഹം ഇക്കാര്യം ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് കമ്മ്യൂണിസ്റ്റുകാരോടുള്ള വിരോധം അവസാനിക്കില്ലെന്നത് അതിൽനിന്നും പ്രകടമാണ്. സമയമില്ലാത്തതുകൊണ്ട് ഞാനത് കൂടുതൽ വിശദീകരിക്കുന്നില്ല. പല തവണ അദ്ദേഹം ഇത് പ്രഖ്യാപിച്ചിട്ടുണ്ട്. 'നൂറ് കൊല്ലം അധികാരത്തിൽ വരില്ല' എന്ന രീതിയിൽ ശപിച്ച ആളാണ് അദ്ദേഹം. അതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. പുതുതായി ചാർജ്ജെടുത്ത മുഖ്യമന്ത്രി സന്ദർശിച്ചപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ഈ കേരളത്തോടും ജനങ്ങളോടും കമ്മ്യൂണിസ്റ്റ് പാർട്ടിയോടുമുള്ള എതിർപ്പ് എത്രമാത്രം വഴിഞ്ഞൊഴുകിയതാണെന്ന് സൂചിപ്പിക്കുന്നതാണ്. വസ്തുതകളെ മറച്ചുപിടിക്കുന്ന ഒരു സാമ്പത്തിക മായാജാലമാണ് ധനകാര്യമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് ബജറ്റ് വായിച്ചുനോക്കിയാൽ കൃത്യമായി മനസ്സിലാകും. കേരളത്തിന്റെ അടിസ്ഥാനപരമായ വികസനത്തിന് തുടക്കം കുറിക്കാൻ കിഫ്ബി പദ്ധതി വളരെ സഹായകരമായിട്ടുണ്ട്. ഒരിക്കലും നടക്കില്ലെന്ന് കരുതിയ പല പദ്ധതികളും കിഫ്ബിയിലൂടെയാണ് നടപ്പാക്കിയിട്ടുള്ളത്. അത്തരത്തിൽ നമ്മുടെ അടിസ്ഥാനസൗകര്യ

വികസനത്തിന്റെ ചാലകശക്തിയായി മാറിയ കിഫ്ബിയെ തകർക്കാനുള്ള ഗൂഢലക്ഷ്യം കോർപ്പറേറ്റ് മുതലാളിമാർക്ക് നമ്മുടെ നാടിനെ തീറെഴുതി കൊടുക്കാനുള്ള പ്രവർത്തനമായിട്ട് മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. വളരെ അടിസ്ഥാനപരമായി ഇന്ത്യാരാജ്യത്ത് മാത്രമല്ല, പല രാജ്യത്തുമില്ലാത്ത ഒരു സംഭവത്തിന് സാക്ഷ്യം വഹിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞുവെന്ന് നമുക്കറിയാം. കേരളത്തെ അതിദരിദ്രരില്ലാത്ത ഒരു സംസ്ഥാനമാക്കി മാറ്റിയതിന്റെ മെച്ചപ്പെട്ട വശം കാണാനോ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനോ ഒരു നടപടിയും ഈ ബജറ്റിലില്ല എന്നുപറഞ്ഞാൽ ഇത് സാധാരണക്കാരെ സംരക്ഷിക്കുന്ന ബജറ്റാണെന്ന് ആർക്കെങ്കിലും വിലയിരുത്താനാകുമോ? സത്യത്തിൽ ഒരു കുശുമ്പ് ഈ ബജറ്റിൽ തികട്ടിവരുന്നതായി നമുക്ക് കാണാൻ സാധിക്കും. (കുശുമ്പ് എന്നത് പാലക്കാട് ഭാഷയാണ്, അസൂയ എന്നാണ് അർഥം). ഇന്നല്ലെങ്കിൽ നാളെ എനിക്ക് ഒരു വീട് കിട്ടും എന്നുള്ള കാഴ്ചപ്പാടോടുകൂടി വളരെ പ്രതീക്ഷയിലിരിക്കുന്ന ആളുകളുടെ ആഗ്രഹങ്ങൾതന്നെ ഈ ഗവൺമെന്റ് തകർത്തില്ലേ? ലൈഫ് പദ്ധതിയില്ലാത്ത ഒരു അവസ്ഥ ഇവിടെയുണ്ടാകാൻ പോകുകകയാണ്. പാവപ്പെട്ടവന്റെ പാർപ്പിട സ്വപ്നങ്ങൾക്ക് ചിറക് നൽകിയ ഒന്നാണ് ലൈഫ് പദ്ധതി. അവരോട് കാണിക്കുന്ന ക്രൂരത ഇവർ അനുഭവിക്കേണ്ടിവരും എന്ന കാര്യത്തിൽ തർക്കമില്ല. അത് പുനഃസ്ഥാപിക്കുന്നതാണ് നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്.

മുമ്പൊന്നുമില്ലാത്തവിധം സമ്പദ്‌വ്യവസ്ഥയെ സ്വകാര്യവൽക്കരിക്കാനുള്ള പ്രവർത്തനം ഈ ബജറ്റിലുണ്ട്. തീവ്ര വലതുപക്ഷ നയങ്ങളാണ് രാജ്യത്ത് പ്രതിഫലനമുണ്ടാക്കുക എന്ന തിരിച്ചറിവ് അദ്ദേഹത്തിന് അറിയാതിരിക്കാൻ വഴിയില്ല. പക്ഷെ അറിഞ്ഞോ അറിയാതെയോ അവരുടെ വലയിൽപോയി കുടുങ്ങുന്ന ഒരു സമീപനം ഉണ്ടായിട്ടുണ്ടെന്നത് ബജറ്റിൽ നമുക്ക് തെളിഞ്ഞുകാണാം. സകലതും സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ അതേ പാതയിലാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ പോകുന്നത് എന്നത് ഏറെ ദുരൂഹമാണ്. എന്തായാലും ഈ കാര്യങ്ങളെക്കുറിച്ചൊക്കെ വളരെ ഗൗരവമായി കേരളം ചർച്ച ചെയ്യുന്നുവെന്നുള്ള കാര്യത്തിൽ തർക്കമില്ല. കരയും കടലും ആകാശവും കുത്തക മുതലാളിമാർക്ക് തീറെഴുതി

കൊടുത്തിരിക്കുകയാണ്. ഇതെല്ലാം പോയാൽ അതിനിടയിൽ രണ്ടുമൂന്ന് സാധനങ്ങളുണ്ട്. വല്ല കുടത്തിലോ പാത്രത്തിലോ ആക്കാൻ സാധിച്ചാൽ അതുകൂടി തൂക്കി വിൽക്കും. ഏതാണവ? ഒന്ന് മേഘങ്ങൾ, രണ്ട്, വീശിയടിക്കുന്ന കാറ്റ്. നമ്മുടെ മുഖ്യമന്ത്രി എന്തേ അതുകൂടി ആലോചിച്ചില്ല എന്ന് എനിക്ക് തോന്നിപ്പോകുകയാണ്. മാത്രമല്ല, അദ്ദേഹം ഈ കാര്യത്തെക്കുറിച്ച് ടി.വി.യിലൊക്കെ സംസാരിക്കുമ്പോൾ പറയുന്നത് ഇവിടെ മെക്കാനിക്കൽ എഞ്ചിനീയറിങ്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ് ഇവയൊക്കെ പഠിച്ചവർക്ക് തൊഴിൽ കൊടുക്കണ്ടേ എന്നാണ്. ഇതൊക്കെ കേൾക്കുമ്പോൾ നമ്മുടെ തലയ്ക്കുള്ളിൽ നാളെയല്ലെങ്കിൽ മറ്റന്നാൾ തൊഴിൽ കിട്ടും എന്ന് തോന്നിപ്പോകും. പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞതുപോലെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി തൊഴിലില്ലായ്മയും ദാരിദ്ര്യവും മാറിയിട്ടുള്ള ഒരനുഭവം ലോകത്ത് എവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ? മുതലാളിമാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ലാഭവും കൊള്ളലാഭവും നേടുമ്പോൾ മലയാളികൾക്ക് പണികൊടുക്കലാണോ അവരുടെ ജോലി? എന്തായാലും ദയവുചെയ്ത് ഗുരുതരമായ ആപത്തിൽപ്പോയി ചാടരുത് എന്നാണ് എനിക്ക് പറയാനുള്ളത്.

തിരഞ്ഞെടുപ്പ് കാലത്ത് ഇവർ എന്തൊക്കെയാണ് പറഞ്ഞത്. ഇന്ദിരാ ഗാരന്റിയെക്കുറിച്ച് പറഞ്ഞു. ഇന്ദിരാ പ്രിയദർശിനി ജീവിച്ചിരിക്കുന്ന സമയത്ത് പറഞ്ഞ 'ഗരീബി ഹഠാവോ' (ദാരിദ്ര്യം തുടച്ചുനീക്കുക) എന്ന മുദ്രാവാക്യംപോലും രാജ്യത്ത് നടപ്പാക്കിയിട്ടില്ല. ഇപ്പോൾ 105-ാമത്തെ സ്ഥാനത്ത് ആണ് ഇന്ത്യാ രാജ്യം. അതുപോലെതന്നെ അധികാരം കിട്ടുന്നതുവരെ ഇന്ദിരാ ഗാരന്റിയും കിട്ടിക്കഴിഞ്ഞപ്പോൾ നോ ഗാരന്റിയുമാണ്. ഇതാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒളിപ്പിച്ചുവച്ച വിസ്മയം. ഇതിപ്പോൾ നാട്ടുകാർക്കൊക്കെ മനസ്സിലായി.

ഈ സഭയിൽ ബഹുമാന്യനായ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച്, പറയുന്നതുമാത്രം ചെയ്യുകയും ചെയ്യുന്നതുമാത്രം പറയുകയും ചെയ്യുന്ന നേതാവാണെന്ന് പറയുന്നത് കേട്ടു. അദ്ദേഹം ഇന്ത്യയിൽ അധികാരത്തിൽ വരുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. എല്ലാവരുടെയും ജൻധൻ അക്കൗണ്ടിൽ 15 ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്ന് പറഞ്ഞിട്ട് 15 പൈസപോലും

ആരുടെയെങ്കിലും അക്കൗണ്ടിൽ നിക്ഷേപിച്ചോ; പ്രതിവർഷം രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിരുന്നു. ആ വാഗ്ദാനം നടപ്പായിരുന്നെങ്കിൽ 2014-നുശേഷമുള്ള പന്ത്രണ്ട് വർഷത്തിനിടെ 24 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും രാജ്യത്തെ തൊഴിലില്ലായ്മ മാറുകയും ചെയ്യുമായിരുന്നു, അത് ചെയ്തോ? ഇനി മറ്റൊരു കാര്യംകൂടി പറയാം, ലോകത്തെ ഞെട്ടിക്കുന്ന ഈ കാര്യം അദ്ദേഹം പോലും മറന്നിട്ടുണ്ടാകും, പക്ഷെ ഞങ്ങൾ അത് മറന്നിട്ടില്ല. ഒരു അമേരിക്കൻ ഡോളറിന് അന്ന് 48 രൂപ നൽകണം. 'ഞാനത് ഒപ്പം കൊണ്ടുവരുമെന്ന്" അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ഒരു അമേരിക്കൻ ഡോളറിന് 97 രൂപ നൽകേണ്ട അവസ്ഥയിലേക്കെത്തിച്ചിരിക്കുകയാണ് മോദി ഭരണം.

<u>ചെയർപേഴ്സൺ</u>: അങ്ങ് പ്രസംഗം ചുരുക്കു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, അദ്ദേഹം കേന്ദ്ര മന്ത്രിയായിരുന്ന ആളല്ലേ; ഞാൻ പറയുന്നത്, ശ്രീ. നരേന്ദ്ര മോദിയും ശ്രീ. വി. ഡി. സതീശനും ഒരേ തട്ടിലാകുന്നത് ശരിയല്ല. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള വിഹിതം വൻതോതിൽ വെട്ടിക്കുറയ്ക്കുകയും വീര്യം കുറഞ്ഞ മദ്യത്തിന്മേലുള്ള നികുതി വരുമാനത്തിൽ 600 കോടി രൂപയുടെ ഇളവ് നൽകുകയും ചെയ്തുവെന്ന് പറയുമ്പോൾ, ഈ ഗവൺമെന്റ് എവിടേക്കാണ് പോകുന്നതെന്ന് ആലോചിക്കാൻ മറ്റെന്തെങ്കിലും ഉദാഹരണം വേണോ എന്ന് നിങ്ങൾതന്നെ ആലോചിച്ച് നോക്കണം. ആളുകൾ ഇതെല്ലാം കാണുന്നുണ്ട്. ഇത്രയും വീമ്പ് പറയുന്ന ഒരു ഗവൺമെന്റ്. ദേവികുളം നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്ത ഒരു രാജ പോയിട്ടാണ് മറ്റൊരു രാജയെ ഇവിടേക്ക് തിരഞ്ഞെടുത്തത്. ഊഴലും അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞ ഭരണമാണെന്നും ആ ഭരണം പോയി എന്നുമാണ് അദ്ദേഹം പറഞ്ഞത്. ചിലപ്പോൾ ചെയറിന് തമിഴ് മനസ്സിലായിട്ടുണ്ടാകില്ല. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, "അഞ്ച് അഞ്ച് വാഴ്ന്തത് പോതും രാജാ, ആറ്റുവെള്ളം പോലെ പൊങ്ങി ഓട് രാജാ", എന്നതാണ്. ഈ പത്ത് വർഷക്കാലം ഭരിച്ച പിണറായി സർക്കാരിനെതിരെ ഒരു അഴിമതി ആരോപണമെങ്കിലും സഭയിൽ ഉന്നയിക്കാൻ സാധിച്ചിട്ടുണ്ടോ; ഓരോരുത്തരും അവരുടെ ഇംഗിതത്തിനനുസരിച്ച് കാര്യങ്ങൾ പറയുകയാണ്. ഞാൻ ഒരു ചെറിയ കഥ

പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. എന്റെ നാട്ടിലെ ഒരു കഥയുണ്ട്. മകളുടെ വിവാഹം ഉറപ്പിച്ചെങ്കിലും വിവാഹം നടത്താൻ സാധിക്കാതെ ഏകദേശം വിവാഹദിനം അടുത്തുവരുന്ന സാഹചര്യത്തിൽ, പത്തുവർഷം മുമ്പ് കാണാതായ സഹോദരൻ അവിടെ തിരിച്ചുവരികയുണ്ടായി...... (ബഹളം)

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. പ്രഭാകരൻ: സർ, ഇതുമാത്രം പറഞ്ഞ് ഇപ്പോൾ അവസാനിപ്പിക്കാം. ആ സഹോദരി അതിയായ ദുഃഖത്തിലും പ്രയാസത്തിലുമിരിക്കുകയായിരുന്നു.

മാഡം ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു, അഞ്ച് മിനിട്ട് കഴിഞ്ഞു. സമയക്ലിപ്തത പാലിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകം പറഞ്ഞിട്ടുള്ളതാണ്. പ്ലീസ്...........

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: സർ, ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി 2026 ജൂൺ 19-ാം തീയതി സഭയിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റിനെ ഞാൻ പൂർണ്ണ മനസ്സോടുകൂടി പിന്തുണയ്ക്കുകയാണ്.

പത്ത് വർഷത്തെ എൽ.ഡി.എഫ്. ഭരണം കൊണ്ട് കടം പെരുകി തകർന്നുപോയ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ ചാരത്തിൽനിന്നും ഉയർത്തെഴുന്നേൽക്കുന്ന ഫീനിക്സ് പക്ഷിയെപോലെ ഉയർത്തിക്കൊണ്ടുവരുന്ന അഭിമാനകരമായ കാഴ്ചയാണ് ഈ ബജറ്റിലൂടെ കേരളം കണ്ടത്. ഇത്തവണത്തെ ബജറ്റ് അവതരണത്തെ ജനങ്ങൾ വളരെ ആവേശത്തോടുകൂടിയാണ് വീക്ഷിച്ചത്. ദൃശ്യമാധ്യമങ്ങൾക്കുമുമ്പിൽ ലോകകപ്പ് ഫുട്ബോൾ കാണാനിരിക്കുന്ന ആവേശത്തോടുകൂടിയാണ് മലയാളികൾ കേരളത്തിന്റെ ബജറ്റ് അവതരണം കണ്ടത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് സമീപകാലത്തൊന്നും ഒരു തിരിച്ചുവരവില്ലെന്ന ചിന്തയിൽനിന്നും അവർ മാറിക്കഴിഞ്ഞിരിക്കുന്നു. 600 കിലോമീറ്ററിലധികം കടൽത്തീരമുള്ള കേരളത്തിന്റെ രണ്ട് ഇന്റർനാഷണൽ തുറമുഖങ്ങളെയും 17 നോൺ മേജർ തുറമുഖങ്ങളെയും കോർത്തിണക്കിക്കൊണ്ട് വികസനത്തിലേക്ക് നയിച്ചാൽ നമുക്കും സിംഗപ്പൂരിനെയും ദുബായ്-യെയുംപോലെ വളരാൻ സാധിക്കും. അതിന് പര്യാപ്തമായ കാഴ്ചപ്പാടാണ് 'മിഷൻ സമുദ്ര'-യിലൂടെയും 'മിഷൻ കേരള മാരിടൈം പോളിസി'-യിലൂടെയും പങ്കുവയ്ക്കപ്പെട്ടിട്ടുള്ളത്. നിരവധി വ്യാജ പ്രചരണങ്ങൾക്കിടയിലും തെറ്റായ

ആരോപണങ്ങൾക്കിടയിലും ദൃഢനിശ്ചയത്തോടുകൂടി വിഴിഞ്ഞം തുറമുഖം നമുക്ക് സംഭാവന ചെയ്ത, ഒരു ഋഷിയെപോലെ ജീവിക്കുകയും ഒരു രാജാവിനെപോലെ കേരളം ഭരിക്കുകയും ചെയ്ത ഉമ്മൻ ചാണ്ടിയെ ഓർമ്മിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ഭരണകാലത്ത് ശബരിമല ശാസ്താവിന്റെ ശ്രീകോവിലിൽ പതിപ്പിച്ച സ്വർണ്ണപ്പാളിപോലും അടിച്ചുമാറ്റപ്പെട്ടതുപോലെ വിഴിഞ്ഞം തുറമുഖത്തിന്റെ തീരങ്ങളെ സംരക്ഷിക്കാൻ വാങ്ങിയ കല്ലുകൾപോലും കവർന്നുപോയത് കേരളം കണ്ടതാണ്. ആരോഗ്യ രംഗത്ത് കേരളം നമ്പർ വൺ എന്നുപറയുമ്പോഴും നമ്മുടെ ആശുപത്രികളും മെഡിക്കൽ കോളേജുകളും ഇപ്പോഴും പരാതി ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങളാണ്. ഏതാനും സ്ഥാപനത്തിലെ ബൗദ്ധിക സാഹചര്യം മെച്ചപ്പെടുത്തിയതുകൊണ്ട് കാര്യമില്ലെന്ന് തിരിച്ചറിഞ്ഞ് സിസ്റ്റത്തിന് മൊത്തമായി 'കായകല്പ ചികിത്സ' നിർദേശിച്ച ആരോഗ്യ വകുപ്പുമന്ത്രിയുടെ ദീർഘ വീക്ഷണത്തോടുകൂടിയുള്ള നീക്കം ശ്ലാഘനീയമാണ്.

ഇന്ന് കേരളത്തിലെ ജയിലുകൾ തിങ്ങിനിറയുകയാണ്. അത്, കഴിഞ്ഞ ഗവൺമെന്റ് തടവുകാർക്ക് നൽകിയ കരുതലും പ്രോത്സാഹനവും കണ്ടുവന്നവരല്ല. നാടിന്റെ തലച്ചോർ കാർന്നുതിന്നിരിക്കുന്ന ലഹരി മാഫിയയ്ക്കെതിരെ ആഭ്യന്തര വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ശക്തമായ നടപടിയായ 'ഓപ്പറേഷൻ തൂഫാന്റെ' ഭാഗമായി ജയിലിലേക്ക് കടന്നുവന്നവരാണ്. Gen-Z-യെയും യുവാക്കളെയും വനിതകളെയും വയോജനങ്ങളെയും ചേർത്തുപിടിച്ച ബജറ്റാണിത്. വനിതകൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യ യാത്ര അനുവദിച്ചപ്പോൾ എന്റെ അമ്മയുൾപ്പെടെയുള്ള സ്ത്രീ സമൂഹം സന്തോഷത്തിലാണ്. കോഴിക്കോട് നിന്നും ഗുരുവായൂരിലേക്ക് 12 പ്രിയദർശിനി ബസ്സുകളാണ് ഇന്ന് സർവീസ് നടത്തുന്നത്. വയനാട്ടിലേക്ക് ഹോളിഡേ ആഘോഷിക്കാൻ പോകുന്ന വിമൺ ഒൺലി ട്രാവൽ ഗ്രൂപ്പിലുള്ള ആളുകളും ഇന്ന് വളരെ സന്തോഷത്തിലാണ്. ഈ പദ്ധതിയെയാണ് പ്രതിപക്ഷത്തിരിക്കുന്നവർ ഓർഡിനറി സർവീസ് എന്നുപറഞ്ഞ് പരിഹസിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ കേരളത്തിലെ വിദ്യാർത്ഥിനികൾക്ക് ആർത്തവ അവധി അനുവദിക്കുന്നതിനായി നടത്തിയിട്ടുള്ള തീരുമാനത്തെ പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള 'മകൾക്കൊപ്പം'

പദ്ധതിക്കും ബിഗ് സല്യൂട്ട് നൽകാൻ ആഗ്രഹിക്കുകയാണ്. സാറ്റലൈറ്റ് നിർമ്മാണ വിക്ഷേപണ മേഖലയിൽക്കൂടി ഒരു വാതിൽ ഈ ബജറ്റ് തുറന്നിട്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ ഒരു സ്റ്റാർട്ടപ്പായ HEX20-യാണ് ഇന്ത്യയുടെ ആദ്യത്തെ പ്രൈവറ്റ് പേലോഡ് ഹോസ്റ്റിങ് സാറ്റലൈറ്റ് 'നിള' നിർമ്മിച്ചിട്ടുള്ളത്. ഈ ബജറ്റ് മുന്നോട്ടുവച്ച "കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം" സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് വളരെ സഹായകരമാകും. പലപ്പോഴും കേരളത്തിന്റെ ബജറ്റിൽ മലബാറിനെ മറന്നുപോകാറുണ്ട്. അവിടെയാണ് കോഴിക്കോട് മറന്നുപോയ ലൈറ്റ് മെട്രോയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീരുമാനം ഈ ഗവൺമെന്റ് എടുക്കുന്നത്.

എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്കും മലബാർ ഫുട്ബോൾ സ്റ്റേഡിയവും വയനാടിൽ ട്രൈബൽ സർവകലാശാലയും സ്ഥാപിക്കുമെന്നും എൻഡോ സൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ആനുകൂല്യവുമുൾപ്പെടെ ഈ ബജറ്റ് മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ പ്രതിപക്ഷത്തിരിക്കുന്നവർ ഈ ബജറ്റ് അവതരിപ്പിച്ച ദിവസം മുതൽ സ്വകാര്യവൽക്കരണം എന്നുപറഞ്ഞുകൊണ്ട് ദിശാബോധമുള്ള ഈ ബജറ്റിനെ എതിർക്കുകയാണ്. ഒരു പൊതുമേഖലാ സ്ഥാപനത്തെയും സ്വകാര്യവൽക്കരിക്കാതെ സ്വകാര്യ നിക്ഷേപം സ്വീകരിക്കുമെന്ന് അർഥശങ്കയില്ലാതെ പറഞ്ഞിട്ടും ഇത് അവർക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ സഭയിൽ പറഞ്ഞത് നമുക്കെല്ലാവർക്കും അറിയാം. വളരെ വികാരാധീനനായി അദ്ദേഹം സംസാരിക്കുന്നത് കണ്ടു. കഴിഞ്ഞ പത്ത് വർഷക്കാലം അങ്ങയുടെ പോലീസ് അതിഭീകരമായാണ് അന്നത്തെ പ്രതിപക്ഷ സമരങ്ങളെ നേരിട്ടത്. ബി.ജെ.പി.-യുടെ എൻ.ആർ.സി., സി.എ.എ. നയങ്ങൾക്കെതിരെ സമരം നടത്തിയതിന് ബഹുമാന്യനായ ഇന്നത്തെ കൃഷി വകുപ്പുമന്ത്രി ശ്രീ. ടി. സിദ്ദിഖ്, കൊയിലാണ്ടി എം.എൽ.എ.-യായ ശ്രീ. കെ. പ്രവീൺ കുമാർ ഉൾപ്പെടെയുള്ള ആളുകൾ ജയിലിൽ കിടക്കേണ്ടതായി വന്നിട്ടുണ്ട്. അന്ന് ജയിൽവാസം അനുഷ്ഠിച്ച ഏകവനിതാ പ്രാതിനിധ്യമായതുകൊണ്ട് ഞാനും അവിടെയുണ്ടായിരുന്നു. ഇന്ന് ഈ സഭയിലിരിക്കുന്ന ശ്രീ. കെ. എം. അഭിജിത്തും ശ്രീ. വി. ടി. സൂരജും ശ്രീ. എ. ഡി. തോമസുമൊക്കെ അങ്ങയുടെ രക്ഷാപ്രവർത്തനത്തിന് ഇരയായ

ആളുകളാണ്. ഈ ബജറ്റിനെ പിന്തുണച്ച് സംസാരിക്കാനും ഈ സഭയുടെ ഭാഗമാകാനും എനിക്ക് അവസരം നൽകിയ എലത്തൂരിലെ ജനതയോടും എന്റെ പ്രസ്ഥാനത്തോടുമുള്ള നന്ദി ഈ അവസരത്തിൽ പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. നമുക്കെല്ലാവർക്കും അറിയാം, അന്നത്തെ പ്രതിപക്ഷനേതാവിനെ വനവാസത്തിന് അയയ്ക്കുമെന്ന് പറഞ്ഞ അന്നത്തെ വനം വകുപ്പുമന്ത്രിയെ വനവാസത്തിന് അയച്ച ജനതയാണ് എലത്തൂരിലുള്ളത്. എലത്തൂരിലെ ടൂറിസമാണ് അവിടത്തെ റവന്യൂവിന്റെ ഏറ്റവും പ്രധാനപ്പെട്ട സാധ്യത. ഡ്രൈവ്-ഇൻ ബീച്ചും അഴിമുഖവും ബാക്ക് വാട്ടർ ടൂറിസത്തിന് വലിയ സാധ്യതയുള്ള ഒളോപാറയും, കണ്ടൽകാടുകളും തുരുത്തുകളും വയനാടൻ സഹ്യനെയും അറബിക്കടലിനെയും ഒരു പോയിന്റിൽനിന്ന് രണ്ട് ദിശയിലായി കാണാൻ കഴിയുന്ന പൊക്കുന്ന് മലയും, ദശാവതാര ക്ഷേത്രങ്ങളും ശാന്തിഗിരി ആശ്രമവും ചരിത്ര പ്രാധാന്യമുള്ള പറമ്പിൽപ്പള്ളിയും ഉൾക്കൊള്ളുന്ന മണ്ഡലമാണ് എലത്തൂർ. അവിടെ ഇന്നും കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ഇത്രയധികം ജലാശയങ്ങളുണ്ടായിട്ടും കുടിവെള്ളക്ഷാമം നേരിടുന്ന ഒരു ജനതയാണ് എലത്തൂർ നിയോജകമണ്ഡലത്തിലുള്ളതെന്നുകൂടി ഈ അവസരത്തിൽ പറയുകയാണ്. എന്റെ മണ്ഡലത്തിലെ തുരുത്തിക്കടവ് പ്രദേശത്തെ വിദ്യാർഥികൾ ഈ മഴക്കാലത്തും തോണിയെ ആശ്രയിച്ചാണ് സ്കൂളിൽ പോകുന്നത്. തലക്കുളത്തൂർ, എലത്തൂർ പ്രദേശത്തെ ബന്ധിപ്പിക്കുന്ന അമ്പത് മീറ്റർ പാലം നിർമ്മിച്ചാൽ തീരാവുന്ന പ്രശ്നം മാത്രമാണ് അവിടെയുള്ളത്. ഒരു ആർട്സ് ആൻഡ് സയൻസ് കോളേജോ താലൂക്കാശുപത്രിയോ ഇല്ലാത്ത നിയോജകമണ്ഡലമാണ് എന്റേത്. ഇവയെല്ലാം അനുഭാവപൂർവം പരിഗണിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ എലത്തൂരിലേക്ക് കൊണ്ടുവരാൻ അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർഥിച്ചുകൊണ്ട് പുതുയുഗത്തിലേക്ക് നയിക്കാൻ ഉതകുംവിധം എല്ലാ മേഖലകളെയും പരിഗണിച്ച് പുതിയ നികുതി ഭാരങ്ങളൊന്നുംതന്നെ അടിച്ചേൽപ്പിക്കാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ജനകീയ ബജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

<u>ശ്രീ. സുധീർഷാ പാലോട്</u>: സർ, ഈ ബജറ്റിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. നിറഞ്ഞ സന്തോഷവും അതിലേറെ അഭിമാനവുമുള്ളൊരു മുഹൂർത്തമാണിത്. ഒരു സാധാരണ

പശ്ചാത്തലത്തിൽ നിന്ന് കടന്നുവന്ന എനിയ്ക്ക് കേരളത്തിന്റെ നിയമനിർമ്മാണ സഭയിൽ അംഗമാകാൻ അവസരം നൽകിയ എന്റെ പാർട്ടിയോടും വാമനപുരത്തെ എന്റെ പ്രിയപ്പെട്ട വോട്ടർമാരോടുമുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

കഴിഞ്ഞ 50 വർഷങ്ങൾക്കുശേഷമാണ് വാമനപുരത്ത് ഐക്യജനാധിപത്യ മുന്നണി വിജയിക്കുന്നത്. വലിയ ഉത്തരവാദിത്വമാണ് എനിക്കവർ നൽകിയിരിക്കുന്നത്. ആ ഉത്തരവാദിത്വത്തിന്റെ ഗൗരവം പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടും എന്നിൽ അർപ്പിച്ച വിശ്വാസം കാത്ത് സൂക്ഷിച്ചുകൊണ്ടും വാമനപുരം നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുമെന്നും ആ നാടിന്റെ വികസനപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുവാനും ആ നാട്ടിലെ സാധാരണക്കാരായ മനുഷ്യരുടെ പ്രയാസങ്ങളിലും സന്തോഷങ്ങളിലും ഒരു കൂടെപ്പിറപ്പായും കുടുംബാംഗമായും ഞാൻ ഉണ്ടാകുമെന്ന ഉറപ്പ് ഈ സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് നൽകാൻ ഞാനാഗ്രഹിക്കുന്നു. അവിടത്തെ നല്ല ഇടതുപക്ഷക്കാർ എനിക്ക് വോട്ട് നൽകിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ തെല്ലും അഹങ്കാരമോ അഹംഭാവമോ ഉണ്ടാകില്ലായെന്നും ആരോടും അമിത അധികാരപ്രയോഗം നടത്താതെ ജനങ്ങൾ എന്നിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച് മുന്നോട്ട് പോകുമെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു.

ഈ വർഷം നിയമസഭയുടെ പരിഗണനയ്ക്ക് വരുന്ന രണ്ടാമത്തെ ബജറ്റാണിത്. മുൻ ധനമന്ത്രി അദ്ദേഹത്തിന്റെ അവസാനത്തെ ബജറ്റ് അവതരിപ്പിച്ചപ്പോൾ കെട്ടിപ്പൊക്കിയ കാൽപ്പനിക കോട്ട തകർന്ന് വീഴുമെന്നും അതേവർഷം തന്നെ സഭയിലിരുന്ന് ക്രിയാത്മകമായ ഒരു ബജറ്റ് പ്രസംഗം കേൾക്കേണ്ടിവരുമെന്നും അദ്ദേഹം ഒരിക്കലും വിചാരിച്ചില്ലായെങ്കിലും ജനങ്ങൾ അന്നേ തീരുമാനിച്ചിരുന്നു. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഒരു ഗവൺമെന്റിന്റെ ധൂർത്തും ഫിനാൻഷ്യൽ മിസ് മാനേജ്മെന്റും കൊണ്ട് സാമ്പത്തികമായി തകർന്ന ഒരു സംസ്ഥാനത്തെ തിരിച്ചുപിടിക്കാനുള്ള ഏറ്റവും ക്രിയാത്മകവും ശാസ്ത്രീയവും സർവതലസ്പർശിയുമായ ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഈ സാമ്പത്തിക തകർച്ചയിലും ആ പ്രയാസം സാധാരണക്കാരെ ബാധിക്കരുതെന്ന മുൻകരുതലോടും നിർബന്ധബുദ്ധിയോടും കൂടി തയ്യാറാക്കിയ

ബഡ്ജറ്റാണിത്. കേരളത്തിന്റെ പൊതുവായ വികസനവും അതോടൊപ്പം നിയോജകമണ്ഡലങ്ങളിലെ പ്രാദേശിക വികസനങ്ങളും ഉൾക്കൊള്ളുന്ന ബജറ്റാണിത്. ഇത്തരത്തിലൊരു ക്രിയാത്മകമായ ബജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഈ പ്രതിസന്ധിയിലും യു.ഡി.എഫ്. പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി സമയബന്ധിതമായി നടപ്പാക്കുകയാണ്. കേരളത്തിൽ വിപ്ലവകരമായി നടപ്പാക്കിയ രണ്ട് ഗ്യാരന്റികളെക്കുറിച്ച് നമുക്കറിയാം. അവയെല്ലാം കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുകയാണ്. അധികാരമെന്നാൽ ധിക്കാരവും അഹങ്കാരവുമാണെന്ന് കരുതിയവർക്കുള്ള തിരിച്ചടിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിലുണ്ടായത്. ജനങ്ങളേക്കാൾ വലുതാണ് ഭരണാധികാരിയെന്ന് കരുതുകയും ആ ധാരണ അവകാശമായി കൊണ്ടുനടന്നവരെ തിരുത്തിയ ജനങ്ങളുടെ വിജയമാണിത്. പി. ആർ. വർക്കിൽ വീണുപോയവരെ ജനം തിരുത്തിയ ഒരു തിരഞ്ഞെടുപ്പായിരുന്നു കഴിഞ്ഞ തിരഞ്ഞെടുപ്പ്. കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ച പ്രിയദർശിനി സൗജന്യ യാത്രയെപ്പറ്റി നമുക്കറിയാം. എന്റെ നിയോജകമണ്ഡലത്തിൽ നിന്നും തിരുവനന്തപുരം നഗരത്തിലേക്ക് ജോലിക്കായി വരുന്ന സഹോദരിമാർക്ക് ഒരു ഭാഗത്തേക്ക് ശരാശരി അമ്പത് രൂപ യാത്രാക്കൂലിയായി വേണ്ടിവരുമ്പോൾ ഒരു ദിവസം ശരാശരി നൂറ് രൂപ അവരുടെ വരുമാനത്തിൽ നിന്നും സേവ് ചെയ്യാൻ സാധിക്കുകയാണ്. ഒരു മാസം തന്നെ 2,500/- രൂപയിലധികം ഒരു സഹോദരിക്ക് അല്ലെങ്കിൽ ഒരു കുടുംബത്തിന് അധികവരുമാനം ഉണ്ടാക്കിക്കൊടുത്തൊരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്.

തൊഴിലാളി പ്രസ്ഥാനമെന്ന് അവകാശപ്പെടുന്ന ഒരു പാർട്ടി, പിണറായി ഭരണക്കാലത്ത് 'നിരാശ വർക്കർമാരായ' സഹോദരിമാരെ ചേർത്തുപിടിച്ചുകൊണ്ട് പ്രത്യാശയും അഭിമാനവുമുള്ള ആശാ വർക്കർമാരായി മാറ്റിയെന്നതാണ് ഏറ്റവും അഭിമാനകരം. കേരളത്തിലെ ആരോഗ്യമേഖലയെ നമ്പർ വൺ ആക്കിയെന്ന് കഴിഞ്ഞ പത്ത് വർഷക്കാലം ഇവർ കൊട്ടിഘോഷിച്ചതാണ്. യാഥാർഥ്യം എന്തായിരുന്നു; രോഗികൾക്ക് മെഡിക്കൽ കോളേജിൽ പോയാൽ 'പാരസെറ്റമോൾ' മരുന്ന് പോലും

ലഭിക്കാത്ത അവസ്ഥയെക്കുറിച്ച് ഞാനല്ല, ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തിയ കേരളത്തിന്റെ മുൻ ആരോഗ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. പാമ്പ് കടിയേറ്റ് ചെല്ലുന്നവർക്ക് ആന്റി വെനം പോലും ലഭിക്കാതിരുന്നൊരു കാലഘട്ടം. ജീവൻരക്ഷാ ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് സർജറി പോലും നടക്കാതിരുന്നൊരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് ഡോക്ടർമാർ പോലും വിലപിച്ച ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുവന്നത്.

ഈ സഭയ്ക്ക് പുറത്ത് അനേകം സമരങ്ങൾക്ക് നേതൃത്വം നൽകിയ ഒരു വിദ്യാർഥി യുവജന സംഘടനാ പ്രവർത്തകനാണ് ഞാൻ. ജനാധിപത്യവും ന്യായവുമായ സമരങ്ങളെ കഴിഞ്ഞ സർക്കാർ നേരിട്ട രീതി നമുക്കറിയാം. പോലീസിന്റെ ക്രൂര മർദ്ദനത്തിൽ കാഴ്ച നഷ്ടപ്പെട്ട, കേൾവി നഷ്ടപ്പെട്ട, തല തല്ലിപ്പൊളിക്കപ്പെട്ട, കൈകാലുകൾ അടിച്ചൊടിക്കപ്പെട്ട നൂറ് കണക്കിന് സഹപ്രവർത്തകർ ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കെടുതികൾ ഏറ്റുവാങ്ങിയ കെ.എസ്.യു.-വിന്റെയും യൂത്ത് കോൺഗ്രസിന്റെയും നൂറുകണക്കിന് പ്രവർത്തകരുടെ പ്രതിനിധി കൂടിയായാണ് ഞാൻ നിയമസഭയിലെത്തിയത്. അത് വ്യക്തിപരമായ വിജയമായി ഞാൻ കാണുന്നില്ല, അവരെ ഓർക്കാതെ കടന്നുപോകാനും സാധിക്കില്ല. സമരം ചെയ്യുന്ന വിദ്യാർഥികളുടെയും യുവജനങ്ങളുടെയും തലതല്ലി പൊളിക്കാത്ത, കണ്ണടിച്ചുപൊട്ടിക്കാത്ത പോലീസാണ് കേരളത്തിലേതെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണമെന്നും ഇത്തരം പ്രയാസങ്ങൾ നേരിട്ടനുഭവിച്ച ഒരാളെന്ന നിലയിലും ജീവിതം വഴിമുട്ടി നിൽക്കുന്ന സഹപ്രവർത്തകരുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലും ഞാൻ പറയുകയാണ്. ഒരുപാട് അമ്മമാരുടെ കണ്ണുനീരിന്റെ ശാപം പേറിയവരാണ് പ്രതിപക്ഷത്തിരിക്കുന്നത്. ഒരമ്മയുടെയും കണ്ണുനീർ ഈ ഗവൺമെന്റിന്റെ മേൽ വീഴാൻ പാടില്ല. ഇന്നലെ ഒരു സമരവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പ്രതിപക്ഷനേതാവ് ഇവിടെ നടത്തിയ പ്രസംഗം വളരെ കൗതുകത്തോടെയാണ് കേട്ടത്. ഒരു ഇടത് വിദ്യാർഥി സംഘടന പത്ത് വർഷത്തെ കുംഭകർണ്ണ സേവ അവസാനിപ്പിച്ച് 'പി. എം. ശ്രീ'ക്കെതിരെ സമരം ചെയ്തപ്പോൾ ചെളിവെള്ളം ആയിരുന്ന ജലപീരങ്കിയിൽ നിന്നും വന്നതെന്നാണ് ഇന്നലെ കേരളത്തിന്റെ പ്രതിപക്ഷനേതാവ് പറഞ്ഞത്. നിരവധി സമരങ്ങൾ ചെയ്ത്

കടന്നുവന്നവരാണ് ഈ സഭയിലുള്ളത്. ഭരണസിരാകേന്ദ്രമെന്ന നിലയിൽ നിയമസഭയിലും സെക്രട്ടേറിയറ്റിലും അനവധി സമരങ്ങളിൽ പങ്കെടുത്ത ഒരാളെന്ന നിലയിൽ അന്നൊന്നും പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് "തിളപ്പിച്ചാറ്റിയ വെള്ളമല്ല" നമുക്ക് നേരെ പ്രയോഗിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സമരങ്ങളോട് ഒരു നീതിയും മര്യാദയും കാണിക്കാത്ത ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വെള്ളം ദേഹത്തടിച്ചാൽ അമീബിക് മസ്തിഷ്കജ്വരം വരുമെന്നാണ് പറയുന്നത്. അന്നത്തെ മുഖ്യമന്ത്രി സമരക്കാരുടെ മസ്തിഷ്കം അടിച്ച് പൊളിക്കുവാൻ നേതൃത്വം നൽകിയ ഒരു ഭരണാധികാരിയാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാധാരണക്കാർ താമസിക്കുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളൊന്നും കഴിഞ്ഞ അമ്പത് വർഷക്കാലം ആ നിയോജകമണ്ഡലത്തെ മാറിമാറി ഭരിച്ച ഇടതുപക്ഷത്തിന്റെ ജനപ്രതിനിധികൾ ഏറ്റെടുത്തിട്ടില്ലായെന്നത് വസ്തുതയാണ്. അവിടത്തെ ഒരു ആശുപത്രി താലൂക്കാശുപത്രിയുടെ നിലവാരത്തിലെങ്കിലും ഉയർത്തുവാൻ അമ്പത് വർഷം മാറിമാറി ഭരിച്ച ഇടതുപക്ഷത്തിന്റെ ജനപ്രതിനിധികൾക്ക് കഴിഞ്ഞിട്ടില്ല. അതിനുള്ള പരിഹാരം ഈ ഗവൺമെന്റ് ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പത്ത് പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്നൊരു സംരംഭം പോലും ഈ അമ്പത് വർഷക്കാലം കൊണ്ട് അവർക്ക് യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ലായെന്നതും ഒരു വസ്തുതയാണ്.

<u>മി. ഡെ. സ്പീക്കർ</u>: സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സുധീർഷാ പാലോട്</u>: സർ, ആ നാടിന്റെ വികസനപ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റിന്റെ പരിപൂർണ്ണമായ പിന്തുണയുണ്ടാകണം. സാധാരണക്കാർ താമസിക്കുന്ന ഒരു മലയോര നാടാണത്. അതുകൊണ്ടുതന്നെ പ്രത്യേകമായ പിന്തുണയും സഹകരണവും ഈ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഏറ്റവും ക്രിയാത്മകമായി പ്രതീക്ഷയർപ്പിക്കുന്ന ഈ ബജറ്റ് ഈ പ്രതിസന്ധി നിറഞ്ഞ സമയത്തും

അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ബജറ്റിന് ഒരിക്കൽക്കൂടി പരിപൂർണ്ണമായ പിന്തുണ അറിയിക്കുന്നു.

<u>ശ്രീ. കല്ലട്ര മാഹിൻ:</u> മാഡം ഡെപ്യൂട്ടി സ്പീക്കർ, കേരള നിയമസഭയുടെ അകത്തളത്തിൽ ഐക്യ ജനാധിപത്യ മുന്നണിയുടെ ഭാഗമായും ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ അംഗമായും കാസർഗോഡിനെ പ്രതിനിധീകരിക്കാൻ അവസരം ലഭിച്ചതിൽ അതിയായ അഭിമാനവും സന്തോഷമുണ്ട്. ജനസേവനത്തിന്റെ ഈ ഔദ്യോഗിക ചുമതലക്കായി എന്നെ നിയോഗിച്ച ആദരണീയനായ പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളോടും, കാസർഗോഡ് മണ്ഡലത്തിൽ എന്റെ വിജയത്തിനായി അഹോരാത്രം പ്രയത്നിച്ച യു.ഡി.എഫ്. നേതാക്കളോടും പ്രിയപ്പെട്ട പ്രവർത്തകരോടും, എന്നെ നെഞ്ചിലേറ്റിയ ജനങ്ങളോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും ആദ്യമായി ഞാൻ ഈ സഭയിൽ രേഖപ്പെടുത്തുന്നു. കേരള രാഷ്ട്രീയ ഭൂമികയിൽ ഏറെ സവിശേഷതകളുള്ള മണ്ഡലമാണ് കാസർഗോഡ് എന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. കോട്ടകളുടെ നാടായും കാസർകോടിനെ അറിയപ്പെടുന്നുണ്ട്. എന്നാൽ ഫാസിസത്തെ ചെറുക്കാൻ കാസർഗോഡ് യു.ഡി.എഫ്. തീർക്കുന്ന പ്രതിരോധ കോട്ടക്ക് പുരാതന കാലത്ത് നിർമ്മിച്ച കോട്ടകളേക്കാൾ ദൃഢതയുണ്ടെന്ന് പറഞ്ഞാൽ ആലങ്കാരികമാകില്ല, വാസ്തവം തന്നെയാണെന്ന് സംഘപരിവാർ ഫാസിസ്റ്റ് ശക്തികൾ കഴിഞ്ഞ 48 വർഷമായി രണ്ടാം സ്ഥാനത്ത് എത്താറുള്ള രാഷ്ട്രീയ സാഹചര്യം നിലനിൽക്കുന്ന ഒരിടമായിരുന്നിട്ടും തങ്ങൾ ജയിക്കില്ലെന്ന് പൂർണ്ണമായും സി.പി.ഐ.(എം)-ന് ബോധ്യമുണ്ടായിട്ടും യു.ഡി.എഫ്-നെ തകർത്ത് ബി.ജെ.പി.-യെ വിജയിപ്പിക്കാനുള്ള ഉദ്ദേശത്തോടെ മാത്രമായി അണിയറയിൽ നടത്തിയ രാഷ്ട്രീയ ഡീൽ എല്ലാവർക്കും പകൽ പോലെ വ്യക്തമായതാണ്. എന്നാൽ, കഴിഞ്ഞ പത്ത് വർഷക്കാലം കേരളം ഭരിച്ച എൽ.ഡി.എഫ്. സർക്കാരിന്റെ വികസന മുരടിപ്പിൽ മനം മടുത്തും, ബി.ജെ.പി.-യുടെ ഭിന്നിപ്പിന്റെ രാഷ്ട്രീയത്തെ തള്ളിക്കളഞ്ഞും, കാസർഗോട്ടെ മതനിരപേക്ഷ ജനത അവരുടെ കുടില തന്ത്രങ്ങളെ തകർത്തെറിഞ്ഞാണ് ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകി കാസർഗോട്ടെ വോട്ടർമാർ എന്നെ ഈ സഭയിലേക്ക് ജനപ്രതിനിധിയായി അയച്ചത്. സപ്ത ഭാഷകളുടെ ഈ വർണ്ണ ഭൂമിക

സഹവർത്തിത്വത്തിനും സഹാനുഭൂതിക്കും കേളികേട്ട നാടാണ്. പാടിയും എഴുതിയും മാനവീകതയെ മനോഹരമാക്കിയ മഹാകവി പി. കുഞ്ഞിരാമൻ നായരും, രാഷ്ട്രകവി ഗോവിന്ദ പൈയും, മാപ്പിള കവി ടി. ഉബൈദ് സാഹിബും കന്നട സാഹിത്യ കുലപതി കയ്യാർ കിൻഹണ്ണ റായ്-യും, മനുഷ്യസ്നേഹത്തിന്റെ തിളങ്ങുന്ന ബിംബമായ സായിറാം ഗോപാലകൃഷ്ണ ഭട്ടും ജീവിച്ച മനോഹരമായ എന്റെ നാട് വികസന പോരായ്മ കൊണ്ട് വീർപ്പുമുട്ടുകയാണ്. വലിയ പ്രതീക്ഷയോടെയാണ് ആകെയുള്ള അഞ്ചിൽ നാലുപേരെയും ഈ സർക്കാരിന് കരുത്ത് പകരാനായി ജനങ്ങൾ നിയോഗിച്ചത്.

പുതിയ കാലത്ത് നമ്മുടെ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ തികഞ്ഞ ദീർഘവീക്ഷണത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഡി. സതീശൻ അവർകൾ അവതരിപ്പിച്ച ഈ പുരോഗമനാത്മക ബജറ്റിനെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുകയും പൂർണ്ണമായി പിന്തുണയ്ക്കുകയും ചെയ്യുന്നു. നവകേരള നിർമ്മിതിക്ക് കരുത്തുപകരുന്ന ഒട്ടനവധി പ്രഖ്യാപനങ്ങൾ ഈ പുതുക്കിയ ബജറ്റിലുണ്ട്. ഈ സഭയിൽ ഞാൻ നിൽക്കുമ്പോൾ എന്റെ മനസ്സിൽ എന്റെ നാട്ടുകാരുടെ കടിച്ചമർത്തിയ വലിയൊരു നിരാശയും കടുത്ത വേദനയുമുണ്ട്. കേരളത്തിലെ മറ്റ് ജില്ലകളിൽ ആധുനിക സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ വളർന്ന് പന്തലിക്കുമ്പോഴും, ഒരു അടിയന്തിരഘട്ടമുണ്ടായാൽ തൊട്ടടുത്ത മംഗലാപുരത്തേക്കോ കണ്ണൂരിലേക്കോ ജീവനും കൊണ്ട് ഓടേണ്ടി വരുന്ന കാസർഗോഡുകാരുടെ ശ്വാസം മുട്ടുന്ന വേദനയാണത്. കോവിഡ് മഹാമാരിയുടെ കാലത്ത് വഴിയരികിൽ 20-ഓളം ജീവനുകൾ പൊലിഞ്ഞുപോയ ഓർമ്മകൾ ഞങ്ങളെ വേട്ടയാടുന്നുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന് 2013, നവംബർ മാസത്തിൽ അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രിയായിരുന്ന ജനനായകൻ ഉമ്മൻചാണ്ടി തറക്കല്ലിട്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ കഴിഞ്ഞ 10 വർഷത്തെ എൽ.ഡി.എഫ്. ഭരണകാലത്ത് ഈ സ്ഥാപനത്തിന് വലിയ രീതിയിലുള്ള അവഗണന നേരിടേണ്ടിവന്നു. തന്മൂലം ശൈശവദിശയിലുള്ള ഈ മെഡിക്കൽ കോളേജ് ഇന്ന് വലിയ അടിസ്ഥാന സൗകര്യ വികസന പ്രതിസന്ധികൾ നേരിടുന്നുണ്ട്. ആദ്യ ബാച്ചിലെ 50 കുട്ടികൾ പഠിക്കുന്ന അക്കാദമിക് ബ്ലോക്കിന് പൂർണ്ണമായ ഫയർ ആൻഡ് സേഫ്റ്റി ക്ലിയറൻസോ, നിർമ്മാണ ഏജൻസിയിൽ നിന്നുള്ള ഔദ്യോഗിക കൈമാറ്റമോ ഇനിയും

പൂർത്തിയാക്കാനുണ്ട്. ഒരു മെഡിക്കൽ കോളേജിന് അത്യാവശ്യമായ ആശുപത്രി, മോർച്ചറി, അനാട്ടമി പഠനത്തിന് ശേഷമുള്ള മൃതദേഹങ്ങളുടെ സംസ്കരണ സംവിധാനങ്ങളോ, വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങളോ ഇനിയും പൂർണ്ണതോതിൽ വികസിപ്പിക്കേണ്ടതുണ്ട്. ക്യാമ്പസിനകത്ത് ഒരു കാന്റീൻ പോലുമില്ലാത്തതിനാൽ വൈകുന്നേരം ചായ കുടിക്കാൻ പോലും വിദ്യാർത്ഥികൾ കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ട അവസ്ഥയാണുള്ളത്. 13 വർഷമായിട്ടും സ്വന്തം മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ യാഥാർഥ്യമാകാത്തതിലുള്ള കാസർഗോട്ടുകാരുടെ കടുത്ത നിരാശയും ജനങ്ങളുടെ വിലാപവും ഞാൻ ഈ സഭയെ അറിയിക്കുകയാണ്. എൽ.ഡി.എഫ്. കാലത്തുണ്ടായ ഈ കടുത്ത അവഗണന യു. ഡി. എഫ്. കാലത്ത് മാറിയേ തീരൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് വളരെ വിനയപൂർവമായൊരു അഭ്യർഥനയാണുള്ളത്, കാസർഗോഡിനെ നെഞ്ചോട് ചേർത്തുപിടിക്കുന്ന അങ്ങയുടെ കരുതൽ ഈ മെഡിക്കൽ കോളേജിന് വലിയൊരു ആശ്വാസമാകും എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. വികസന കാര്യത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന കാസർഗോഡ് ജില്ലക്കായിരിക്കും തന്റെ ഒന്നാമത്തെ പരിഗണന എന്ന അങ്ങയുടെ ആവർത്തിച്ചുള്ള പ്രഖ്യാപനങ്ങൾ ഞങ്ങൾക്കെന്നും ആശ്വാസം പകരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. കാലത്തുണ്ടായ അവഗണന കാരണം നാളിതുവരെ ജനങ്ങൾ അനുഭവിച്ച നിരാശയും വേദനയും മാറ്റാൻ അങ്ങയുടെ നേരിട്ടുള്ള ഒരു ഇടപെടൽ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. അതുപോലെ നഴ്സിങ്ങ് സ്കൂളിൽ മൂന്ന് ബാച്ചുകൾ ആരംഭിച്ചെങ്കിലും ഇതുവരെയും ഒരു കെട്ടിടമോ താമസസൗകര്യമോ ഇല്ലാത്തതിനാൽ 180-ഓളം കുട്ടികൾ വിവിധ വീടുകളിൽ വാടകയ്ക്ക് താമസിക്കുകയാണ്. അതിനുവേണ്ട പരിഹാരം കാണണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

കാസർഗോഡ് സർക്കാർ ജനറൽ ആശുപത്രിക്ക് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ എട്ട് നില കെട്ടിടം പണിയാനുള്ള 8.40 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കും മുമ്പേ നബാർഡിന്റെ കാലാവധി അവസാനിച്ചതിനാൽ കഴിഞ്ഞ 5 വർഷമായി മുടങ്ങി കിടക്കുകയാണ്. കരാറുകാരന് നൽകാനുള്ള രണ്ട് കോടിയോളം രൂപ നൽകി അതിന് പരിഹാരം കണ്ടെത്തി ആ കെട്ടിടത്തിന്റെ പ്രവൃത്തി

പൂർത്തീകരിച്ച് കൈമാറാൻ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. കേരളത്തിന് ഏറ്റവും അർഹതപ്പെട്ട എയിംസ് ആരംഭിക്കുന്നതിന് കഴിഞ്ഞ പല വർഷങ്ങളായി കേന്ദ്രഗവൺമെന്റ് അനുകൂല തീരുമാനം എടുക്കാതെ മുന്നോട്ടുപോവുകയാണ്. ഇതിന് ഏറ്റവും അനുയോജ്യമായ പ്രദേശമാണ് കാസർഗോഡ്. ആരോഗ്യ രംഗത്തെ അതിതീവ്രമായ പിന്നാക്കാവസ്ഥയും, എൻഡോസൾഫാൻ ബാധിതരുടെ ദുരിതവും കാസർഗോഡിന് എയിംസിന്റെ ആവശ്യകത അടിവരയിടുന്നു. കേരളത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഏറ്റവും കൂടുതൽ ഭൂമി ലഭ്യമായതും നാനാവിധത്തിലുള്ള യാത്ര സൗകര്യവും എയിംസ് സ്ഥാപിക്കാൻ കാസർഗോഡിനെ ഏറ്റവും അനുയോജ്യമാക്കുന്നു. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി എയിംസ് കാസർഗോഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ:</u> യെസ്... യെസ്...

<u>ശ്രീ. കല്ലട മാഹിൻ:</u> സർ, എന്റെ മണ്ഡലത്തിലെ ചെർക്കള - കല്ലടുക്ക അന്തർസംസ്ഥാന പാതയിൽ കഴിഞ്ഞ 7 വർഷമായി കാലപ്പഴക്കത്തിൽ ജീർണ്ണിച്ച് അപകടാവസ്ഥയിലായ പള്ളത്തടുക്ക പാലത്തിൽ "പാലം അപകടത്തിൽ" എന്ന ബോർഡ് സ്ഥാപിച്ചതല്ലാതെ പാലം പുതുക്കി നിർമ്മിക്കാനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇനിയെങ്കിലും പുനഃനിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> 'മെയ്ഡൻ സ്പീച്ച്' ആയതുകൊണ്ടാണ് ഇടപെടാത്തത്. പക്ഷേ, കഴിയുന്നത്ര നേരത്തെ കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. കല്ലട മാഹിൻ:</u> സർ, കാസർഗോഡ് മണ്ഡലത്തിലെ വിദ്യാർഥികൾ ഉപരിപഠനത്തിനായി ആശ്രയിക്കുന്ന കാസർഗോഡ് ഗവൺമെന്റ് കോളേജിൽ, തൊഴിൽ സാധ്യതകൾ മുൻനിർത്തി ന്യൂജൻ കോഴ്സുകളായ ഫോറൻസിക് സയൻസ്, സ്പേസ് & പ്ലാനറ്ററി സയൻസ്, ലോജിസ്റ്റിക്, എ.ഐ മീഡിയ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കാസർഗോഡ് അതിരൂക്ഷമായ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ ആവശ്യമാണ്. 2024 മുതൽ 2027 വർഷ കാലയളവിലേക്ക് സ്പെഷ്യൽ പാക്കേജിൽ അനുവദിച്ച 394.15 കോടി രൂപ ടെൻഡർ

നടപടികളുടെ സാങ്കേതിക കുരുക്കുകൾ കാരണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ആ കുരുക്കുകൾ തീർക്കുകയോ അല്ലെങ്കിൽ പ്രവൃത്തികൾ വൈദ്യുതി ബോർഡ് തന്നെ നേരിട്ട് നടത്താനോ തയ്യാറാകണമെന്നും പ്രസ്തുത മേഖലയിലെ പ്രശ്നങ്ങളുടെ സ്ഥിരപരിഹാരത്തിന് ബോർഡിന്റെ പരിഗണനയിലുള്ള കാസർകോഡ് ട്രാൻസ്മിഷൻ നെറ്റ്‌വർക്ക്, സബ്സ്റ്റേഷൻ സമഗ്ര പദ്ധതി വേഗം തന്നെ നടപ്പിലാക്കണമെന്നും അഭ്യർഥിക്കുകയാണ്. ജില്ലാ ആസ്ഥാന കേന്ദ്രമായ കാസർഗോഡ് നഗരത്തിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാനും, മുഖച്ഛായ മാറ്റുന്ന നവീകരണ പ്രവർത്തനങ്ങൾക്കും സ്ഥലം ഏറ്റെടുത്തുള്ള പദ്ധതിക്ക് പ്രത്യേക പാക്കേജും പ്രഖ്യാപിച്ചാൽ കാസർഗോഡ് നഗരത്തിന് ശാപമോക്ഷം ലഭിക്കുമെന്നതിൽ തർക്കമില്ല. ഈ ജില്ലയുടെ ചുമതലയുള്ള മന്ത്രി ശ്രീ. കെ. എം. ഷാജിക്കും ഇത് ബോധ്യപ്പെട്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്ന് അഭ്യർഥിക്കുന്നു. കൂടാതെ കാസർകോഡ് അടക്കാ കർഷകർക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കണമെന്നും, ഗ്രൂപ്പ് വില്ലേജ് ഓഫീസായ കുഡ്ലു, ചെങ്കള വില്ലേജ് ഓഫീസുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ജനകീയ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരള നിയമസഭയിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. ഈ ബജറ്റ് കേരളത്തെ സ്വകാര്യവൽക്കരണത്തിലേക്ക് അതിവേഗം മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇത് അതിതീവ്ര സ്വകാര്യവൽക്കരണ നയങ്ങൾക്ക് നേതൃത്വം നൽകുമെന്ന സൂചനയാണ് നൽകുന്നത്. കഴിഞ്ഞ പത്ത് വർഷക്കാലം നവകേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ചാലകശക്തിയായി പ്രവർത്തിച്ച സർവകാര്യങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ വർഗ്ഗീയ നയങ്ങളും സാമ്പത്തിക നയങ്ങളും സംസ്ഥാനങ്ങളുടെ ന്യായമായ വിഹിതം വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്. കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ ന്യായമായ വിഹിതം വെട്ടുക്കുറയ്ക്കുന്നതിനുവേണ്ടി അവർ നടത്തികൊണ്ടിരിക്കുന്ന നിലപാടുകളെ അല്പംപോലും സ്പർശിക്കാതെയും കേന്ദ്രവുമായി ഏറ്റുമുട്ടലിന് ഇല്ലായെന്നും പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ബജറ്റാണ് ഇവിടെ

അവതരിപ്പിച്ചിട്ടുള്ളത്. നയപ്രഖ്യാപനവേളയിൽത്തന്നെ നമുക്കത് ബോധ്യപ്പെട്ടതാണ്. നയപ്രഖ്യാപനം കഴിഞ്ഞപ്പോൾ ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് എല്ലാ പിന്തുണയും ഈ നയപ്രഖ്യാപനത്തിനുണ്ടെന്ന് പ്രഖ്യാപിച്ചു. ഞങ്ങളുടെ ധാരാളം നയങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റ് നിയമസഭയിൽ അവരുടെ നയപ്രഖ്യാപനമായി അവതരിപ്പിച്ചെന്നാണ് അവർ പറഞ്ഞത്. നയപ്രഖ്യാപനത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നുവെന്നാണ് അന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് സൂചിപ്പിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ ഈ ബജറ്റിന് കഴിഞ്ഞില്ല. അല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലം യു.ഡി.എഫ്. കേരളത്തിൽ ഉന്നയിച്ച വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു നിർദേശവും ഈ ബജറ്റിൽ ഇല്ല. പദ്ധതി അടങ്കൽതുക 5,380 കോടി രൂപ പുതുക്കിയ ബജറ്റിൽ വെട്ടിക്കുറച്ചിട്ടുണ്ട്. ആരോഗ്യമേഖലയെ സംബന്ധിച്ച് നമ്മൾ വലിയ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ആറ് മെഡിക്കൽ കോളേജുകൾക്കായി 100 കോടി രൂപയാണ് നീക്കിവച്ചത്. ഇത് തികച്ചും അപര്യാപ്തമാണെന്നുള്ളകാര്യം നമുക്കെല്ലാവർക്കുമറിയാം. പദ്ധതികളെല്ലാം കല്ലിലും കടലാസിലുമായി പോകാതിരിക്കാൻ ഈ ബജറ്റ് പാസാക്കുമ്പോൾ ആവശ്യത്തിനുള്ള തുക എല്ലാ വകുപ്പുകൾക്കും ഉൾപ്പെടുത്താൻ കഴിയണം. ലൈഫ് ഭവന പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു പദ്ധതിയാണ്. അഞ്ച് ലക്ഷത്തിലേറെ വരുന്ന ജനങ്ങൾ അടച്ചുറപ്പുള്ള വീടുകളിൽ താമസിക്കാനുള്ള സൗകര്യമൊരുക്കിയത് ആ പദ്ധതി മുഖാന്തരമാണ്. ആ പദ്ധതിയെ നേരത്തെതന്നെ തകർക്കാൻവേണ്ടിയുള്ള നീക്കം പല കോണുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. ഈ ബജറ്റ് അവതരണത്തിലൂടെ ലൈഫ് ഭവന പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ എന്താണെന്നുള്ള ആശങ്കകൾ മുന്നോട്ടുവരികയാണ്. യു.ഡി.എഫ്. ഉയർത്തിയ മറ്റൊരു പ്രധാനപ്പെട്ടകാര്യം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പണം എൽ.ഡി.എഫ്. സർക്കാർ വല്ലാതെ വെട്ടിക്കുറച്ചുവെന്നുള്ളതാണ്. എന്നാൽ ബജറ്റിലെ വിശദാംശങ്ങളിലൂടെ നാം കണ്ണോടിക്കുമ്പോൾ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ പട്ടികജാതി ഉപപദ്ധതിക്കുവേണ്ടി 9.81 ശതമാനമാണ് വകയിരുത്തിയത്. അതായത്, 3,507 കോടി രൂപ.

ഈ ബജറ്റിൽ അതിനായി ഒരുരൂപ പോലും അധികമായി വർധിപ്പിച്ചതായി കാണുന്നില്ല. പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി 2.83 ശതമാനമാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ വകയിരുത്തിയത്. അതായത്, 1,012 കോടി രൂപ. അത് ഇപ്പോൾ വർധിപ്പിച്ചതായി കാണുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് പട്ടികജാതി പട്ടിവർഗ്ഗത്തിനുള്ള തുക വെട്ടുക്കുറച്ചുവെന്നുള്ള യു.ഡി.എഫ്. കേന്ദ്രങ്ങളിലെ നുണഫാക്ടറിയിൽ തയ്യാറാക്കിയ നുണ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. കുടുംബശ്രീക്ക് ബജറ്റിൽ തുക വകയിരുത്തുകയോ കുടുംബശ്രീ എന്ന വാക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 5,533 കോടി രൂപയും പൊതുജനാരോഗ്യത്തിന് 424 കോടി രൂപയും പൊതുവിദ്യാഭ്യാസത്തിന് 200 കോടി രൂപയും ഗ്രാമീണവ്യവസായ മേഖലയ്ക്ക് 100 കോടി രൂപയും മത്സ്യമേഖയ്ക്ക് 38 കോടി രൂപയും പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ഇൻസെന്റീവ് 7 കോടി രൂപയും മൃഗസംരക്ഷണമേഖലയിൽ 59 കോടി 58 ലക്ഷം രൂപയും കാർഷിക മേഖലയിൽ 537 കോടി രൂപയും വിനോദസഞ്ചാര മേഖലയിൽ 88 കോടി 16 ലക്ഷം രൂപയും വെട്ടിക്കുറച്ചു. മത്സ്യ-വന്യമൃഗസംരക്ഷണം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അത് പരിഹരിക്കുന്നതിന് ബജറ്റിൽ ആവശ്യത്തിനുള്ള തുക വകയിരുത്തിയിട്ടില്ല.

സർക്കാർ ജീവനക്കാർ വിസ്മയം പ്രതീക്ഷിച്ചെങ്കിലും ബജറ്റിൽ ഒന്നുംതന്നെ അവതരിപ്പിക്കപ്പെട്ടില്ല. ഡി.എ. കുടിശ്ശികയുടെ കാര്യത്തിൽ പൂർണ്ണമൗനവും ലീവ് സറണ്ടറിനെക്കുറിച്ച് മിണ്ടിയിട്ടുമില്ല. ശമ്പള പരിഷ്കരണം അട്ടിമറിക്കപ്പെട്ടുമോയെന്ന ആശങ്ക നിലനിലനിൽക്കുകയാണ്. ജീവനക്കാരുടെ പ്രതീക്ഷയായ അഷ്വേഡ് പെൻഷൻ സ്കീം അട്ടിമറിക്കപ്പെട്ടുമോയെന്നുള്ള ആശങ്ക നിലനിൽക്കുന്നു. ചുരുക്കത്തിൽ വലിയ പ്രതീക്ഷയോടുകൂടിയാണ് ജീവനക്കാർ ഈ ബജറ്റിനെ നോക്കിക്കണ്ടത്. അവർക്ക് ഒരു ഗുണവും ലഭിച്ചിട്ടില്ല.

അരുവിക്കര നിയോജകമണ്ഡലത്തിലെ ചില വിഷയങ്ങൾ ഈ ബജറ്റിന്റെ ഭാഗമായി അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഈയൊരു അവസരം വിനിയോഗിക്കുന്നു. അരുവിക്കര നിയോജകമണ്ഡലത്തുലൽ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ ടൂറിസ്റ്റ്

മേഖലയ്ക്കുവേണ്ടി ഒരു പ്രധാനപ്പെട്ട പദ്ധതി ആവിഷ്കരിച്ചിരുന്നു. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ മനോഹരമായ മങ്ങാട്ട് പാറയിൽ സോഫ്റ്റ് അഡ്വഞ്ചർ ടൂറിസം പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കല്ലാർ, മീൻമുട്ടി, കോട്ടൂർ ആന പുനരധിവാസ കേന്ദ്രം, അരുവിക്കര ഡാം, പേപ്പാറ, വാഴ്വാന്തോൾ അടക്കമുള്ള തിരുവനന്തപുരം ജില്ലയിലെ നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ടൂറിസം പദ്ധതി. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്താണ് സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കിയത്. അതുകൊണ്ട് ആ പദ്ധതി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിഴിഞ്ഞം റിങ് റോഡിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അത് എന്റെ നിയോജകമണ്ഡലത്തിലൂടെയും കടന്നുപോകുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ലഭ്യമാകാനുള്ള തുക എത്രയും വേഗത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ, കഴിഞ്ഞ ബജറ്റിൽ വിഴിഞ്ഞം പദ്ധതി വരുന്നതോടുകൂടി ലോജിസ്റ്റിക് മേഖലയിൽ വൻ വിപ്ലവം സൃഷ്ടിക്കാനായി 17 കോടി രൂപ വകയിരുത്തിയിരുന്നു. അരുവിക്കര നിയോജകമണ്ഡലത്തിലെ കുറ്റിച്ചലിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 4 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ ബജറ്റിൽ ആ പദ്ധതിയും കാണാനില്ല. ഈ പദ്ധതികൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി സഭയിലുണ്ടെന്ന് കരുതുകയാണ്. മലയാളികളുടെ പ്രിയപ്പെട്ട ഗാനരചയിതാവും കവിയുമാണ് പൂവച്ചൽ ഖാദറിന്റെ സ്മാരകം പണിയുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. സജി ചെറിയാൻ സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്നപ്പോൾ 50 ലക്ഷം രൂപ അനുവദിച്ചു. രണ്ടാംഘട്ടം അനുവദിക്കുമെന്ന് ഉറപ്പും നൽകിയിട്ടുണ്ട്. അപ്പോൾ ഗവൺമെന്റ് മാറി. തുടർന്നും സ്മാരക പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഈ ബജറ്റ് പാസാക്കുന്ന സമയത്ത് പണം അനുവദിക്കണമെന്ന അഭ്യർത്ഥനയും മുന്നോട്ടുവയ്ക്കുകയാണ്. ആവശ്യമായ കാര്യങ്ങൾക്ക് പണം വകയിരുത്താത്ത പുതുക്കിയ ബജറ്റിനെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. സൂരജ്</u>: സർ, ചരിത്രപരമായ ഈ സഭയിൽ എന്നെപ്പോലുള്ള ഒരു സാധാരണക്കാരന് ചെറുപ്രായത്തിൽ അംഗമാകാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 2026-27 വർഷത്തെ പുതുക്കിയ ബജറ്റിന്മേലുള്ള ചർച്ചയിൽ പ്രസംഗിക്കാനും അവസരം നൽകിയ, കക്ഷിരാഷ്ട്രീയ ഭേദമന്യേ വോട്ടുചെയ്ത് വിജയിപ്പിച്ച് സ്നേഹവും പിന്തുണയും നൽകിയ, പ്രാർഥിച്ച എന്റെ ബാലുശ്ശേരിക്കാർക്ക് ഞാൻ ഈ അവസരത്തിൽ നന്ദി പറയുകയാണ്.

ജീവിതത്തിലുടനീളം കൈപിടിച്ചുനടത്തി വഴികാട്ടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിനും തിരഞ്ഞെടുപ്പ് കാലത്ത് വിജയത്തിനായി പ്രവർത്തിച്ച കോഴിക്കോട്, ബാലുശ്ശേരിയിലെ യു.ഡി.എഫ്. പ്രവർത്തകർക്കും സംഘടനാ ജീവിതവഴികളിൽ ഒപ്പം നടന്ന കോഴിക്കോട്ടുള്ള എന്റെ കെ.എസ്.യു. സഹപ്രവർത്തകരെയും കഴിഞ്ഞ പത്ത് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ജനവിരുദ്ധമായ നയങ്ങൾക്കെതിരെ കേരളത്തിന്റെ തെരുവോരങ്ങളിലും സെക്രട്ടേറിയറ്റ് നടയ്ക്കലും കളക്ടറേറ്റ് പടിയ്ക്കലും ക്രൂരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയ കെ.എസ്.യു., യൂത്ത് കോൺഗ്രസ്, എം.എസ്.എഫ്., യൂത്ത് ലീഗ് ഉൾപ്പെടെയുള്ള യു.ഡി.എഫ്.-ന്റെ യുവജനവിദ്യാഭ്യാസ സംഘടനാ പ്രവർത്തകരെയും, സംഘടനാപ്രവർത്തനം തുടങ്ങിയ നാൾ മുതൽ ജീവിതത്തിൽ ഏറെ പ്രചോദിപ്പിക്കുകയും ആവേശം പകരുകയും ചെയ്ത, കേരളത്തിലെ ജനലക്ഷങ്ങളെ സ്വാധീനിച്ച, ഈ സഭയിൽ ചരിത്രപരമായ ഒട്ടനവധി ഇടപെടലുകൾ നടത്തുകയും സാക്ഷ്യം വഹിക്കുകയും ചെയ്ത കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാറിനെയും ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്.

കേരളത്തിന്റെ സമഗ്രവികസനവും ജനക്ഷേമവും ലക്ഷ്യമിടുന്ന, ഈ കാലത്തിനും വരാനിരിക്കുന്ന കാലത്തിനും ദിശാസൂചികയായി മാറാൻ സാധിക്കുന്ന, കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പരിപൂർണ്ണമായി പിന്താങ്ങുന്നു. ഈ ലോകത്തെ അതിവേഗം മാറ്റിമറിക്കുന്ന, കാലത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കാനും രൂപപ്പെടുത്താനും സാധിക്കുന്ന, ജെൻസി തലമുറക്കായി പ്രതീക്ഷകൾ നൽകുന്ന, ഒരു ജീവായുസ്സ് മുഴുവൻ ഈ നാടിനും കുടുംബത്തിനും ജീവിച്ച് അത്യധ്വാനം ചെയ്ത

നമ്മുടെ നാട്ടിലെ വയോജനങ്ങൾക്ക് സംരക്ഷണവും ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ബജറ്റ് കൂടിയാണിത്.

യു.ഡി.എഫ്. സർക്കാരിന്റെ ഇന്ദിരാ ഗ്യാരന്റിയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ പ്രിയദർശിനി ബസ്സുകളിലെ സൗജന്യയാത്ര എന്നത് പ്രഖ്യാപനം മാത്രമല്ല. ഇച്ഛാശക്തിയോടെ ഈ ഭരണകൂടം അത് നടപ്പാക്കിയപ്പോൾ അതിനെ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്തവരാണ് ഇവിടെയുള്ള ഇടതുപക്ഷം. നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും ചേച്ചിമാരുടെയും സാമ്പത്തികവും സാമൂഹികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയ പദ്ധതിയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ രാജ്യത്തിലാകമാനം നടപ്പാക്കിയ 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി'. പ്രിയദർശിനി ബസ്സുകളിലെ അമ്മമാരുടെയും സഹോദരിമാരുടെയും ചേച്ചിമാരുടെയും സൗജന്യയാത്ര, തൊഴിലുറപ്പ് പദ്ധതിയുടെ സാമൂഹിക വിപ്ലവത്തിന്റെ തുടർച്ചയും കരുതലും അടയാളപ്പെടുത്തുകയാണ്. കടകളിലും ഹോട്ടലുകളിലും ടെക്സ്റ്റൈൽസുകളിലും ചെറിയ വരുമാനത്തിന് ജോലിചെയ്യുന്ന സാധാരണക്കാരായ നമ്മുടെ അമ്മമാരുടെയും ചേച്ചിമാരുടെയും സഹോദരിമാരുടെയും യാത്രാക്കൂലിയിൽനിന്നും മിച്ചം പിടിക്കാൻ സാധിക്കുന്ന ചെറിയ തുകകൊണ്ട് അവരുടെ കുടുംബങ്ങളിലുണ്ടാകുന്ന വലിയ സാമൂഹികമാറ്റം ഇനിയും കണ്ടില്ലെന്ന് നടിക്കുന്ന കേരളത്തിലെ ഇടതുപക്ഷത്തോട് സഹതപിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യാൻ സാധിക്കുക. നമ്മുടെ വേണ്ടപ്പെട്ടവർക്കും പ്രിയപ്പെട്ടവർക്കും ഒരസുഖം വന്നാൽ നല്ല ആശുപത്രിയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ ആഗ്രഹിക്കുന്നവരാണ് നാമെല്ലാം. പണമില്ലാത്തതിന്റെ പേരിൽ ചികിത്സ നിഷേധിക്കപ്പെടുന്ന സാധാരണക്കാരുടെ മുഖങ്ങൾ പൊതുപ്രവർത്തകരായ നമ്മൾ കണ്ടിട്ടുള്ളതിനാലാണ് അവർക്ക് സഹായഹസ്തം നീട്ടിക്കൊണ്ട് ഉമ്മൻചാണ്ടി സർക്കാർ കാരുണ്യ പദ്ധതി നടപ്പാക്കിയത്. വേണ്ട സമയത്ത് ആവശ്യമായ പണം അനുവദിക്കാത്തതിനാൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അത് നിലച്ചുപോയി. അത് ഈ നാട്ടിലെ സാധാരണക്കാരോട് ഇടതുപക്ഷം ചെയ്ത ക്രൂരതയായിരുന്നു. അത്തരം സാധാരണ മനുഷ്യരെ കണ്ടുകൊണ്ട് പണമില്ലാത്തതിന്റെ പേരിൽ കേരളത്തിൽ ഒരാൾക്കും ചികിത്സ നിഷേധിക്കപ്പെടരുതെന്ന ശ്രീ. വി. ഡി.

സതീശൻ സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ 'ഉമ്മൻ ചാണ്ടി ഇൻഷ്വറൻസ് പദ്ധതി' തുടങ്ങാൻ ഈ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയത്. അത് ഏറെ പ്രതീക്ഷയോടെയാണ് കേരളത്തിലെ ജനത നോക്കിക്കാണുന്നത്.

തിരുവനന്തപുരം നഗരത്തിൽനിന്നും ധാരാളം പ്രതീക്ഷകളോടെ വയനാടൻ ചുരം കയറി പൂക്കോട് വെറ്ററിനറി സർവകലാശാലയിലേക്ക് പഠിക്കാൻ ചെന്ന സിദ്ധാർഥൻ എന്ന വിദ്യാർഥിയെ ദിവസങ്ങളോളം ഒറ്റപ്പെടുത്തി, പട്ടിണിക്കിട്ട് അതിക്രൂരമായ റാഗിങിന് വിധേയനാക്കി കൊന്നതിന്റെ ഭീതിപ്പെടുത്തുന്ന ഓർമകൾ നമ്മുടെ രക്ഷിതാക്കളിലും കുട്ടികളിലും വലിയ ഭയമാണ് വിതച്ചത്. ആ റാഗിങ് കേസിലെ പ്രതികൾ എസ്.എഫ്.ഐ.-ക്കാർ ആയിരുന്നു. ആ വിദ്യാർഥിയുടെ അച്ഛന്റെയും അമ്മയുടെയും കണ്ണുനീർ ഇനിയും തോർന്നിട്ടില്ല. റാഗിങിന്റെ ഭീതിയിൽ നമ്മുടെ രക്ഷിതാക്കൾക്കും കുട്ടികൾക്കും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുകയാണ് സിദ്ധാർഥൻ സ്റ്റുഡന്റ് ഡിസ്ട്രസ്സ് ആപ്പും സിദ്ധാർഥൻ ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ്സ് വെൽഫെയർ ആക്ടും. ഈ ആക്ട് നടപ്പാക്കപ്പെടുന്നതിലൂടെ സിദ്ധാർഥനെ വേട്ടയാടിക്കൊന്ന എസ്.എഫ്.ഐ. പ്രവർത്തകരുടെ മുഖത്തേറ്റ അടിയായി മാറുകയാണ്.

കേരളത്തിന്റെ കൗമാരത്തെയും യുവത്വത്തെയും കാർന്നുതിന്നുന്ന മഹാവിപത്തായി ലഹരിമാഫിയ മാറുമ്പോൾ അതിനെ പിന്തുടർന്ന് വേട്ടയാടി ഉന്മൂലനം ചെയ്യുന്ന ഈ സർക്കാരിന്റെ അഭിമാനകരമായ പദ്ധതി 'ഓപ്പറേഷൻ തൂഫാൻ' കേരളത്തിന്റെ പൊതുസമൂഹവും വിദ്യാർഥിസമൂഹവും യുവത്വവും കൗമാരവും ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. ഓപ്പറേഷൻ തൂഫാൻ നടപ്പാക്കിയ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനെയും ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെയും അഭിനന്ദിക്കാനും സല്യൂട്ട് ചെയ്യാനും ഞാനീ അവസരം ഉപയോഗപ്പെടുത്തുകയാണ്.

കേരളത്തിന്റെ പൊതു-ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്രമാറ്റവും വിശാലമായ കാഴ്ചപ്പാടും ഉൾക്കൊള്ളുന്നതും ഉറപ്പുവരുത്തുന്നതുമാണ് ഈ ബജറ്റ്. പട്ടികജാതി പട്ടികവർഗ

വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, സമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മറ്റ് വിഭാഗങ്ങൾ എന്നിവരുടെ വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം, ജീവിതനിലവാരം എന്നിവയുടെ പുരോഗതിക്കായി സർക്കാർ വലിയ തുക ഈ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി 2979.32 കോടി രൂപയും അതുകൂടാതെ മുൻകാല കുറവുകൾ നികത്താൻ 527.68 കോടി രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് കേവലം ഒരു സാമ്പത്തിക സഹായം മാത്രമല്ല; പട്ടികജാതി സമൂഹത്തിന്റെ വിദ്യാഭ്യാസം, തൊഴിൽ, ഭവനം, ജീവിതനിലവാരം എന്നിവ ഉയർത്തുന്നതിനുള്ള ശക്തമായ പ്രതിബദ്ധതയുടെ പ്രഖ്യാപനം കൂടിയാണ്. പട്ടികവർഗ വിഭാഗത്തിനായി 859.48 കോടി രൂപയും മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി 164.16 കോടി രൂപയും ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ക്ഷേമത്തിനായി 77.91 കോടി രൂപയും ഈ ബജറ്റിൽ വകയിരുത്തുമ്പോൾ എല്ലാ സാമൂഹിക വിഭാഗങ്ങളോടും നീതി പുലർത്തിക്കൊണ്ട് കേരളത്തിന്റെ സമഗ്രവികസനം നടപ്പാക്കുമ്പോൾ ഒരു സാമൂഹികവിഭാഗവും പിന്നിലായിപ്പോകരുതെന്ന ഈ സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് വ്യക്തമാകുന്നത്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുപ്രകാരം സംസ്ഥാനത്തിന്റെ 2025-26-ലെ ആകെ കടബാധ്യത 5.7 ലക്ഷം കോടി രൂപയാണെന്നിരിക്കെ ആ അവസ്ഥയിലും കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റ് ഏറെ പ്രതീക്ഷ നൽകുന്നതാണ്. കേരളത്തിന്റെ സമഗ്രവികസനവും കരുതലും ഉറപ്പുവരുത്തുന്നതുമായതിനാൽ ഈ ബജറ്റിനെ ഞാൻ നിറഞ്ഞ മനസ്സോടെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ശ്രീ. കെ. എം. അഭിജിത്ത്: സർ, പതിനാറാം കേരള നിയമസഭയിലെ ഒരംഗമായി മഹനീയമായ ഈ സഭയിലേയ്ക്ക് കടന്നുവരാൻ എനിക്ക് അവസരം നൽകിയ നാദാപുരത്തെ ഓരോ മനുഷ്യരോടുമുള്ള കടപ്പാടും അറിയിക്കുകയാണ്. എനിക്ക് മത്സരിക്കാൻ അവസരം നൽകിയ പ്രസ്ഥാനത്തിനും മുന്നണിക്കും എന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച യു.ഡി.എഫ്. പ്രവർത്തകർക്കും വോട്ടുനൽകിയ യഥാർഥ ഇടതുപക്ഷ പ്രവർത്തകർക്കും നന്ദി അർപ്പിക്കുന്നു.

പൊതുപ്രവർത്തകർക്ക് സ്വന്തം ജീവിതം കൊണ്ട് മാതൃക കാണിച്ച, ഓരോ മനുഷ്യനെയും ഈ നാടിനെയും ചേർത്തുപിടിച്ച ബഹുമാനപ്പെട്ട നേതാവ് ഉമ്മൻചാണ്ടി സാറിന്റെ ഓർമകൾക്കുമുമ്പിൽ ശിരസ്സ് നമിക്കുകയാണ്. വിദ്യാർഥി സംഘടനാ പ്രവർത്തനകാലഘട്ടത്തിൽ ഞങ്ങളെ ചേർത്തുപിടിച്ച ഉമ്മൻചാണ്ടി സാറിന്റെ ഓർമകൾ തന്നെയാണ് പൊതുപ്രവർത്തകനായി മുന്നോട്ടുപോകുമ്പോൾ കൈമുതലായി കൂടെയുണ്ടാകേണ്ടതെന്നത് ഉറച്ച വിശ്വാസമാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മുൻ സാമാജികൻ, പി. ടി. തോമസ് ഉൾപ്പെടെ ഞങ്ങളുടെ നേതാക്കളുടെയെല്ലാം ഓർമകൾക്കുമുമ്പിൽ ശിരസ്സ് നമിക്കുകയാണ്. ഈ കാലഘട്ടത്തിൽ അതിഭാവുകത്വമില്ലാതെ യാഥാർഥ്യബോധങ്ങൾ ഉൾക്കൊണ്ട് കേരളത്തിന്റെ ഇന്നത്തെ ഭാവിക്കുവേണ്ടി മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും കൂടിയായ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ഞാനിവിടെ നിൽക്കുമ്പോൾ ഓർക്കുകയാണ്, 2024 ജൂലൈ മാസം 29-ാം തീയതി ഒരുപാട് പ്രതീക്ഷകളുമായി കിടന്നുറങ്ങിയ മനുഷ്യരെ വരവേറ്റത് ജൂലൈ 30-ാം തീയതിയിലെ പ്രകൃതി താണ്ഡവമാണ്, 160-ൽപ്പരം കുടുംബങ്ങൾ അനാഥമായിപ്പോയി. അന്നത്തെ പ്രകൃതിയുടെ താണ്ഡവത്തിൽനിന്നും മനുഷ്യരെ രക്ഷിക്കുന്നതിനിടയിൽ അവിടെയുള്ള ഒരു മാത്യു മാഷിന്റെ ജീവൻ നഷ്ടപ്പെട്ടുപോയി. ആ മാത്യു മാഷിന്റെ ഓർമകൾക്കുമുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. പക്ഷേ അന്നുമുതൽ നാദാപുരത്തെ വിലങ്ങാടുള്ള ജനങ്ങൾ ഞങ്ങളെ ചേർത്തുപിടിക്കാൻ ഒരു ഭരണകൂടമുണ്ടാകുമെന്ന് പ്രതീക്ഷയർപ്പിച്ചെങ്കിലും ദൗർഭാഗ്യവശാൽ ഒന്നുമുണ്ടായില്ല. 2024 ജൂലൈ മാസത്തിനുശേഷം രണ്ട് ബജറ്റുകൾ അവതരിപ്പിക്കപ്പെട്ടപ്പോഴും ആ മനുഷ്യർ ധരിച്ചു, ഞങ്ങളെ ചേർത്ത് പിടിക്കാൻ ഇവിടെ ഒരു ഭരണകൂടമുണ്ടാകുമെന്ന്. പക്ഷേ ഭരണകൂടമുണ്ടായിട്ടില്ലെങ്കിലും ഭരണത്തിന്റെ ഭാഗമായി പലരും ചെന്ന് അവിടെ വാഗ്ദാനങ്ങൾ നൽകുകയും ഞങ്ങൾ കൂടെയുണ്ടാകുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. പക്ഷേ അന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിലങ്ങാടുള്ള മനുഷ്യർക്ക് നൽകിയ ഉറപ്പ് ഞങ്ങൾ കൂടെയുണ്ടാകുമെന്നാണ്. അഭിമാനത്തോടെ പറയട്ടെ; ഈ പ്രതിസന്ധിയുടെ കാലത്ത് ഒരു

ബജറ്റ് അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളുടെ വിലങ്ങാടിനെ ചേർത്തുപിടിച്ചിരിക്കുന്നുവെന്ന സന്തോഷം പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. വെറുതെ ചേർത്തുപിടിക്കുക മാത്രമല്ല; ആദ്യഘട്ടത്തിൽ 5 കോടിരൂപ അവിടെ പാക്കേജായി പ്രഖ്യാപിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങളിൽ ജനങ്ങൾക്കൊപ്പമുണ്ടാകുമെന്ന് ഉറപ്പുകൂടി നൽകിയാണ് മുന്നോട്ടുപോകുന്നത്.

ഞാൻ ചെറിയൊരു കഥ സൂചിപ്പിക്കാം. ഒരു വഴിയാത്രക്കാരൻ യാത്രാമദ്ധ്യേ രണ്ട് കൽത്തൊഴിലാളികളെ കാണുകയാണ്. ആ ഘട്ടത്തിൽ യാത്രക്കാരൻ ആദ്യത്തെ തൊഴിലാളിയോട് നിങ്ങളെന്താണ് ചെയ്യുന്നതെന്ന് ചോദിച്ചപ്പോൾ, ഞാനിവിടെ കല്ല് ചെത്തുകയാണെന്നും രണ്ടാമത്തെ തൊഴിലാളിയോട് ചോദിച്ചപ്പോൾ, ഞാനൊരു ശില്പത്തെ നിർമ്മിക്കുകയാണെന്നും പറഞ്ഞു. രണ്ടുപേരും ഒരേ തൊഴിലാണ് ചെയ്യുന്നത്. ഒരാൾ മുന്നിലുള്ള കല്ല് മാത്രം കാണുമ്പോൾ, മറ്റൊരാൾ മുന്നിലുള്ള കല്ലിലൂടെ ഭാവിയെക്കണ്ടു. അതുപോലെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച ബജറ്റിലൂടെ കേരളത്തിന്റെ ഭാവിയെക്കൂടി കാണുകയാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള നാദാപുരം നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ പ്രവാസികളെ ചേർത്തുപിടിക്കാൻ ഇന്നലെകളിൽ ഭരണകൂടം മറന്നുപോയെങ്കിൽ നിങ്ങൾക്കൊപ്പം ഞങ്ങളുണ്ടെന്ന് ഈ ബജറ്റിലൂടെ സർക്കാർ പ്രവാസികൾക്ക് ഉറപ്പുനൽകുന്നതിനെ സ്വാഗതം ചെയ്യുകയുമാണ്. ഇടത്തരം പ്രവാസികൾ കുടുംബത്തെയും നാടിനെയും ചേർത്തുപിടിച്ച് മുന്നോട്ടുപോകുന്നതിനിടയിൽ പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരിച്ച് നാട്ടിലേക്ക് മടങ്ങി വരുമ്പോൾ വലിയ പ്രതിസന്ധികൾ നേരിടാറുണ്ട്. പലപ്പോഴും അവരുടെ ക്ഷേമപദ്ധതികൾ മുടങ്ങിപ്പോകുന്നൊരു അവസ്ഥയുമുണ്ട്. അവരെ ചേർത്തുനിർത്താൻ സർക്കാരിന് സാധിക്കണം. ഇൻവെസ്റ്റ്മെന്റിന്റെ ഭാഗമാക്കി പ്രവാസികളെ മാറ്റുമ്പോൾ അവർക്കുവേണ്ടി കുറച്ച് പദ്ധതികൾകൂടി ആവിഷ്കരിക്കണം. വിമാന ടിക്കറ്റുകളുടെ കാര്യത്തിൽ കമ്പനികൾ പ്രവാസികളെ കൊള്ളയടിക്കുകയാണ്. പ്രവാസികളെ സംബന്ധിച്ചിടത്തോളം അവർ ജോലി ചെയ്ത് സമ്പാദിക്കുന്നതിന്റെ ഭൂരിഭാഗവും ടിക്കറ്റിനുവേണ്ടിയാണ് ചെലവാക്കുന്നത്.

പ്രവാസികൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ശ്രമിക്കണം. മുമ്പ് പറഞ്ഞുകേട്ട എയർ കേരള ഉൾപ്പെടെയുള്ള കാര്യങ്ങൾ യാഥാർഥ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. വിനോദസഞ്ചാര മേഖലകളിൽ ഉൾപ്പെടെ പ്രവാസികളുടെ വലിയ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കണം. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വലിയ പ്രതിസന്ധികൾ അനുഭവിക്കുന്ന പ്രവാസികളെ ചേർത്തുനിർത്താൻ സാധിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

കേരളത്തിലെ ആരോഗ്യമേഖലയ്ക്കുവേണ്ടി ബജറ്റിൽ വലിയ തുകമാറ്റിവച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലും സൂചിപ്പിക്കുകയുണ്ടായി. ജീവിതത്തിൽ പ്രതിസന്ധി നിറഞ്ഞ ഒരുപാട് മനുഷ്യർ ഞങ്ങളെ കാണാൻ ഒരോ ദിവസവും വരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നാമധേയത്തിൽ ഒരു സൗജന്യ ഡയാലിസിസ് സെന്ററുണ്ട്. നൂറിലധികം മനുഷ്യരാണ് ഒരു ദിവസം അവിടെ ഡയാലിസിസ് ചെയ്യുന്നത്. അവിടത്തെ താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് സെന്റർ തുടങ്ങുമെന്ന് പറഞ്ഞപ്പോൾ ഏതാണ്ട് നൂറ്റിമുപ്പതിലധികം ആളുകൾ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ആളുകൾക്ക് ചികിത്സ ലഭ്യമാകാത്ത സാഹചര്യത്തിൽ അവരെ ചേർത്തുപിടിക്കാൻ സി.എച്ച്.സി/ എഫ്.എച്ച്.സി., താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയെല്ലാം ശക്തിപ്പെടുത്താനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. യുവജനങ്ങളെയും വിദ്യാർഥികളെയും ചേർത്തുപിടിച്ച ഒരു സർക്കാരാണിത്. ഗ്ലോബൽ ജോബ് വാച്ച് ടവർ, സ്പേസ് ഇക്കോണമി, സ്റ്റാർട്ടപ്പ് വികസനം, എം.എസ്.എം.ഇ. വികസനത്തിനുള്ള പ്രത്യേക കരുതൽ, കാലാനുസൃതമായി പരിഷ്കരിച്ച ന്യൂജെൻ കോഴ്സുകൾ എന്നിവ ആവിഷ്കരിക്കുന്നതിലൂടെ എല്ലാ പ്രതീക്ഷകളും അവസാനിച്ച് നാടുവിട്ടുപോയ ഒരു വിഭാഗത്തെ ചേർത്തുപിടിക്കാനാണ് ഈ ബജറ്റിലൂടെ സാധിക്കുന്നത്. കഴിഞ്ഞ പത്തുവർഷക്കാലം അധികാരത്തിൽ മത്തുപിടിച്ചുനിന്ന ആളുകൾ ക്യാമ്പസുകളിൽ ഫാസിസം കൊണ്ടുവരികയും അവിടെ കാട്ടിക്കൂട്ടിയ പല പ്രവർത്തനങ്ങളുടെയും ഇരകുടിയാണ് സിദ്ധാർത്ഥൻ എന്ന ചെറുപ്പക്കാരൻ. റാഗിങിന് ഇരയായി മരണമടഞ്ഞ ആ

കുട്ടിയുടെ അമ്മയുടെയും അച്ഛന്റെയും കുടുംബത്തിന്റെയും കണ്ണുനീർ ഇപ്പോഴും അവരുടെ മുഖങ്ങളിൽനിന്നും മാറിയിട്ടില്ല. ഈ ഘട്ടത്തിൽ സിദ്ധാർത്ഥിന്റെ നാമധേയത്തിൽ ഇനി ക്യാമ്പസുകളിൽ റാഗിങ്ങുണ്ടാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച ഈ ഭരണകൂടത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. തിരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇന്ദിരാ ഗ്യാരന്റി നടപ്പാക്കുമെന്ന് പറഞ്ഞു. സ്ത്രീശാക്തീകരണം നടത്താൻ കോടിക്കണക്കിന് രൂപ പരസ്യം ചെയ്ത ഒരു ഗവൺമെന്റായിരുന്നു മുമ്പുണ്ടായിരുന്നത്. നവോത്ഥാന മതിൽകെട്ടാൻ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ ചെലവാക്കിയശേഷം എന്തുഗുണമാണ് ഈ നാട്ടിലെ പാവപ്പെട്ടവർക്കും സ്ത്രീകൾക്കുമുണ്ടായത്; പരസ്യ വാചകങ്ങളിൽ മാത്രം ഒതുങ്ങിയ ഇന്നലെകളിലെ സ്ത്രീ ശാക്തീകരണമല്ല, യഥാർഥ സ്ത്രീ ശാക്തീകരണം ഇവിടെയാണെന്ന് തെളിയിച്ച ഭരണകൂടത്തെയും ബജറ്റിനെയും പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. വയോജനങ്ങൾക്കുവേണ്ടി പുതിയ വകുപ്പാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലൂടെ പാവങ്ങളുടെ പ്രതീക്ഷയാണ് പൂർത്തീകരിക്കുന്നത്. രണ്ടാം ഭൂപരിഷ്കരണം, ഇൻവെസ്റ്റ് കേരളം സെൽ, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, എന്നിവയെല്ലാം കോഴിക്കോടിനെ സംബന്ധിച്ച് പ്രതീക്ഷ നൽകുന്ന കാര്യങ്ങളാണ്. തിരുവനന്തപുരത്തും കോഴിക്കോട്ടും പുതിയ ലൈറ്റ് മെട്രോ പദ്ധതികൾ പ്രഖ്യാപിക്കുന്ന, സലിം കുമാർ, എം.ടി. വാസുദേവൻ നായർ ഉൾപ്പെടെയുള്ള പ്രമുഖർക്ക് ആദരവ് നൽകുന്ന, സമസ്ത മേഖലകളെയും ചേർത്തുപിടിക്കുന്ന ഈ ബജറ്റിനെ അഭിവാദ്യം ചെയ്യുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒപ്പം ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയെയും ഈ സഭയിൽവച്ച് പ്രത്യേകം അഭിനന്ദിക്കുകയാണ്. പ്രായ-ലിംഗ വ്യത്യാസമില്ലാതെ ചെറുപ്പക്കാരെ കാർന്നുതിന്നുന്ന ക്യാൻസറായി ലഹരി മാഫിയകൾ അഴിഞ്ഞാടിയ കാലമായിരുന്നു കഴിഞ്ഞ പത്തുവർഷക്കാലം. അവിടെയാണ് കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയും ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയും 'ഓപ്പറേഷൻ ത്വുഫാൻ' എന്ന ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിലൂടെ കേരളത്തിൽ ഒരു മികച്ച സർക്കാരും ആഭ്യന്തരവകുപ്പുമന്ത്രിയും ഉണ്ടെന്ന് തെളിയിച്ചതിൽ അഭിവാദ്യം ചെയ്യുകയാണ്.

ലക്ഷക്കണക്കിന് വരുന്ന അമ്മമാരും ഉമ്മമാരും രക്ഷിതാക്കളും ഈ സർക്കാരിനെ അഭിനന്ദിക്കുന്നതുപോലെ ഞാനും ഈ പദ്ധതിയെ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട വടകരയുടെ ജനനായകനും പാലക്കാടിന്റെ മുൻ എം.എൽ.എ.-യുമായ ശ്രീ. ഷാഫി പറമ്പിൽ എം.പി. എങ്ങനെയാണ് വടകരയിലൂടെ നടക്കുന്നതെന്ന് അന്വേഷിച്ചു. ശ്രീ. ഷാഫി പറമ്പിൽ കാലുവച്ചാണ് നടക്കുന്നത്. ജനങ്ങൾ തിരഞ്ഞെടുത്ത് സഭയിലേയ്ക്ക് അയച്ച ജനനായകനാണ് ശ്രീ. പാറക്കൽ അബ്ദുല്ല. അദ്ദേഹവും എങ്ങനെയാണ് നടക്കുന്നതെന്ന് നോക്കി, കാലുവച്ചുതന്നെയാണ് നടക്കുന്നത്. അത് പറയാൻ കാരണം, എം.പി.-യെയും എം.എൽ.എ.-യെയും അവിടെ കാലുകുത്താൻ അനുവദിക്കില്ലെന്ന് കഴിഞ്ഞ ദിവസം വടകരയിൽവച്ച് സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറി വെല്ലുവിളിക്കുകയുണ്ടായി. കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത് വടകരയിൽ ആർ.എസ്.എസ്.-ന് പഠിക്കുന്ന സി.പി.ഐ.(എം)-കാർ നാട്ടിൽ വർഗ്ഗീയ കലാപവും വിഭജനവും ഉണ്ടാക്കാൻ വേണ്ടി 'കാഫിർ സ്ക്രീൻഷോട്ട്' എന്ന ഒരു നാണം കെട്ട ഏർപ്പാടുമായി മുന്നോട്ടുപോയി. പോലീസ് അനങ്ങിയില്ല, ഇത് പ്രചരിപ്പിച്ചവരെ പിടിച്ചില്ല. എന്നാൽ ഇപ്പോൾ ഇവിടെ ഒരു സർക്കാരും മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയുമുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ ഇതിലെ പ്രതികൾ സി.പി.ഐ.(എം) പാർട്ടിക്കാരായിരുന്നു. സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റി അംഗത്തെ അറസ്റ്റ് ചെയ്തതിന്റെ പേരിൽ പ്രതിഷേധ പരിപാടി നടക്കുകയുണ്ടായി. സി.പി.ഐ.(എം) തോൽവിയെക്കുറിച്ച് പഠിച്ച് ജനങ്ങളോട് അടുക്കുകയാണെന്നാണ് ഞാൻ കരുതിയത്. പക്ഷെ രക്ഷയില്ല, ആ പ്രസ്താവനയോടുകൂടി സി.പി.ഐ.(എം)-നോട് താൽപര്യമുണ്ടായിരുന്ന ആളുകളുംകൂടി അതെല്ലാം അവസാനിപ്പിച്ചുവെന്നതാണ് യാഥാർഥ്യം. അതുകൊണ്ട് ദയവുചെയ്ത് നിങ്ങൾ പൊതുജനത്തിനെ വെല്ലുവിളിക്കരുത്. 'കാഫിർ സ്ക്രീൻഷോട്ട്' ഉണ്ടാക്കി ആളുകളെ സംരക്ഷിക്കാൻവേണ്ടി ഇതുപോലെ ജനനായകരെ വെല്ലുവിളിച്ചാൽ ജനങ്ങൾ നിങ്ങൾക്ക് ഇപ്പോൾ നൽകിയ പിന്തുണയുടെ അയലത്തുപോലും പിന്നീട് ഉണ്ടാകില്ലെന്ന് നിങ്ങൾ മനസിലാക്കിയാൽ നന്നായിരിക്കും. നിങ്ങളുടെ ഭീഷണിയും വെപ്രാളവുമെല്ലാം മാറ്റിവയ്ക്കണമെന്ന് ഇതോടൊപ്പം പറയാൻ ആഗ്രഹിക്കുകയാണ്. ഇനിയെങ്കിലും നിങ്ങൾ

ജനങ്ങൾക്കുവേണ്ടി നിലകൊള്ളാൻ തയ്യാറാകണമെന്ന് സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ബേപ്പൂർ അംഗം ഒന്ന് കരുതുന്നത് നല്ലതാണ്. കോഴിക്കോട്ടുള്ള നിയോജകമണ്ഡലങ്ങളിലെ പതിമൂന്ന് അംഗങ്ങളിൽ പന്ത്രണ്ടുപേരും ഭരണപക്ഷത്ത് ഇരിക്കുമ്പോൾ ഒരാളാണ് അപ്പുറത്ത്. അതുകൂടി ഇല്ലാതാക്കാൻവേണ്ടിയാണോ പാർട്ടി സെക്രട്ടറി അങ്ങനെ പറഞ്ഞതെന്ന് നിങ്ങൾ പരിശോധിച്ചാൽ നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ശരത് ലാൽ, കൃപേഷ്, ഷുഹൈബ്, അരിയിൽ ഷുക്കൂർ എന്നീ ചെറുപ്പക്കാരെ കൊന്നുകളഞ്ഞ നരാധമന്മാർ കഴിഞ്ഞ പത്തുവർഷം ജയിലുകളിൽ സുഖവാസകേന്ദ്രങ്ങളിലെന്നപോലെ കഴിയുന്ന വാർത്തകളും ഞങ്ങൾ കേൾക്കുകയുണ്ടായി. എന്താണ് ഭരണമെന്നും എന്താണ് പൊലീസെന്നും ഇവർക്ക് കാണിച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിക്കും സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. മുഖ്യമന്ത്രിയിലും ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയിലും ബജറ്റിലുമുള്ള വിശ്വാസം ഒരിക്കൽകൂടി പ്രകടിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ എല്ലാ രീതിയിലും പിന്തുണയ്ക്കുന്നു. ഇന്നലകളിൽ ഞങ്ങൾ സമരം നടത്തുമ്പോൾ ശരീരത്തിൽ പനിനീരും പനിനീർപൂവും തളിച്ച് വരവേറ്റവരായിരുന്നില്ല കഴിഞ്ഞ സർക്കാർ. ഞങ്ങളുടെ തല തല്ലി പൊളിച്ചതുപോലെയും ഞങ്ങളെ അക്രമിച്ചതുപോലെയും ഇപ്പോഴത്തെ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന വിശ്വാസംകൂടി പങ്കുവച്ച് ഈ ബജറ്റിനെ പൂർണ്ണമനസ്സോടെ പിന്തുണച്ച് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: സർ, ഇതൊരു ചരിത്ര ബജറ്റാണ്. ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിന്റെ വികസന ചരിത്രത്തിലെ ഏറ്റവും ക്രിയാത്മകവും സർഗാത്മകവുമായ ഒരു ബജറ്റ്. തികഞ്ഞ ദീർഘവീക്ഷണത്തോടുകൂടിയുള്ള, ഭാവികേരളത്തിന്റെ ഒരു ദർശനരേഖയാണ് ഈ ബജറ്റ്. ഒരു പുതുയുഗ കേരളം സൃഷ്ടിക്കാനുള്ള വ്യക്തമായ കാഴ്ചപ്പാടുകളും പദ്ധതികളും പരിപാടികളും അടങ്ങുന്ന ഒരു റോഡ് മാപ്പായി ഈ ബജറ്റിനെ കാണാവുന്നതാണ്. കഴിഞ്ഞ പത്തുവർഷക്കാലമായി വികസന മുരടിപ്പിന് സാക്ഷ്യം വഹിച്ച നമ്മുടെ കേരളം, ജനദ്രോഹ നയങ്ങളുമായി മുന്നോട്ടുപോയ ഇടതുപക്ഷ സർക്കാർ, ഈ കേരളത്തെ വീണ്ടെടുക്കുന്നതിനുവേണ്ടിയാണ്

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നത്. നമുക്ക് പുതിയൊരു കേരളം സൃഷ്ടിക്കണം. കേരളത്തെ ഒരു തുറമുഖ നഗരമാക്കാൻ ലഭ്യമിടുന്ന 'മിഷൻ സമുദ്ര' പദ്ധതി ദീർഘവീക്ഷണത്തോടുകൂടിയുള്ള ചുവടുവയ്പ്പാണ്. കേരളം, ഭാവിയിൽ ഒരു വിദ്യാഭ്യാസ ഹബ്ബായി മാറണമെന്ന ലക്ഷ്യത്തോടുകൂടിയുള്ള 'കേരള നോളജ് വാലി' പദ്ധതിയും ശ്രദ്ധേയമാണ്. സാമ്പത്തികമായ സ്വയംപര്യാപ്തതയാണ് ഒരു നാടിന്റെ പുരോഗതിക്ക് ആവശ്യം. അതിന് തൊഴിൽ ലഭ്യമാക്കാൻ കഴിയണം. ലോകത്തുള്ള തൊഴിൽ ആവശ്യകതയും ലഭ്യതയും മോണിറ്റർ ചെയ്യാനുള്ള 'ഗ്ലോബൽ ജോബ് വാച്ച് ടവർ' കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പ്രസക്തമാണ്. എറണാകുളം ജില്ലയ്ക്കും കോതമംഗലം നിയോജകമണ്ഡലത്തിനും സവിശേഷ പരിഗണന നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പ്രത്യേകമായ നന്ദി പറയുന്നു. കോതമംഗലത്തിന് ലഭിച്ച ചേലാട് സ്റ്റേഡിയം എടുത്തുപറയേണ്ടതാണ്. ഗ്ലോബൽ കൺവെൻഷൻ സെന്ററും ഫിലിം സിറ്റിയും ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടും. മലയാള സിനിമയ്ക്ക് നഷ്ടമായ ഗ്രാമീണ ജീവിതവും പച്ചപ്പും തേടിയെത്തുന്നത് കോതമംഗലത്താണ്. നിരവധി ഹിറ്റ് ചിത്രങ്ങൾ കോതമംഗലത്ത് ഷൂട്ട് ചെയ്തിട്ടുണ്ട്. എറണാകുളം, ഇടുക്കി എന്നീ ജില്ലകളോട് അടുത്തുകിടക്കുന്ന കോതമംഗലം ഫിലിം സിറ്റിക്ക് അനുയോജ്യമായ സ്ഥലമാണ്. റാമോജി പോലുള്ള ഫിലിം സിറ്റി പ്ലാൻ ചെയ്യുമ്പോൾ അതിന് അടിത്തറയുള്ള കോതമംഗലത്തെക്കൂടി പരിഗണിക്കണമെന്നതാണ് എന്റെ വിനീതമായ ആവശ്യം. കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്ത് ഫർണീച്ചറിന്റെ ഹബ്ബാണ്. ഫർണീച്ചറുകൾക്ക് കേരളത്തിലെതന്നെ പ്രമുഖ കേന്ദ്രമാണ് നെല്ലിക്കുഴി.

മി. സ്പീക്കർ: ശ്രീ. ഷിബു തെക്കുംപുറം, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ഷിബു തെക്കുംപുറം: സർ, നെല്ലിക്കുഴിയിൽ ഏകദേശം മുന്നൂറോളം സംരംഭങ്ങളുണ്ട്. പതിനായിരം ആളുകൾ തൊഴിൽ ചെയ്യുന്നുമുണ്ട്. എറണാകുളം ജില്ലയിൽ ഫർണീ ച്ചർ ഹബ്ബായി ഒരു സ്ഥലം പരിഗണിക്കുമ്പോൾ തീർച്ചയായും കോതമംഗലത്തെ അതിന്റെ ആസ്ഥാനമാക്കണമെന്നുള്ളതാണ് ജനങ്ങളുടെ വലിയ ആവശ്യം. വിവരസാങ്കേതികവിദ്യയിൽ ധാരാളം ആളുകൾ കോതമംഗലത്തുനിന്ന് തൊഴിൽ

ചെയ്യുന്നുണ്ട്. ഇൻഫോ പാർക്കിന്റെ ഒരു സബ്സെന്റർ കോതമംഗലത്ത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ടൂറിസത്തിന്റെ അനന്തസാധ്യതകളുള്ള ഒരു സ്ഥലമാണ് കോതമംഗലം. വടാട്ടുപാറയും തട്ടേക്കാടും ഭൂതത്താൻകെട്ടും മാമലക്കണ്ടവും കോർത്തിണക്കിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് പ്രഖ്യാപിക്കണം. ഞാൻ ചുരുക്കുകയാണ്. ഭാവി കേരളത്തിന് ദിശാബോധം നൽകുന്ന ഈ ബജറ്റിനെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, മഹദ്വചനങ്ങൾക്ക് മാർദവമില്ലെങ്കിൽ ഉദ്ദേശ്യശുദ്ധിയാൽ മാപ്പുനൽകീടുക എന്ന പ്രമാണത്തെ മുൻനിർത്തി ഈ ബജറ്റിനെ സർവാത്മനാ പിന്തുണയ്ക്കുകയാണ്. വഴക്കുകൾ പരിഹരിക്കാൻ കല്ലുകൾക്കുപകരം വാക്കുകൾ മതിയാകുമെന്ന് മനസ്സിലാക്കിയ മനുഷ്യനാണ് ആദ്യത്തെ സാംസ്കാരിക മനുഷ്യനെന്ന് സിഗ്മണ്ട് ഫ്രോയിഡ് പറഞ്ഞുവച്ചിട്ടുണ്ട്. വാക്കുകളെയും ആശയങ്ങളെയും ആയുധമാക്കി ഈ ജനാധിപത്യ കേരളത്തോട് വാചാലമായി സംസാരിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി പ്രിയപ്പെട്ട ശ്രീ. വി. ഡി. സതീശൻ മുന്നോട്ടുവച്ച ഈ ബജറ്റ് പുതിയ കേരളത്തിന്റെ പുരോഗതിയിലേക്കുള്ള ബ്ലൂ പ്രിന്റാണ്.

ജനാധിപത്യ ഭരണക്രമത്തിന്റെ ഈ ഉന്നതസഭയിൽ പങ്കാളിയാകാൻ എനിക്ക് നിമിത്തമായത് എന്റെ പ്രിയപ്പെട്ട പ്രസ്ഥാനമായ മുസ്ലീം ലീഗാണ്. ഞങ്ങളുടെ അവസാന വാക്ക് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളാണ്, ഒരു പുതിയ ജനറേഷൻ ലീഡർഷിപ്പിന് കൈകൊടുത്ത പ്രിയപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അടക്കമുള്ള നേതാക്കളാണ്, ജീവിതവഴിയിൽ നെഞ്ചോട് ചേർത്തുപിടിച്ച മാതാപിതാക്കൾ, ഗുരുവര്യന്മാർ, സ്നേഹജനങ്ങൾ എല്ലാവരെയും ഈ സന്ദർഭത്തിൽ ശിരസ്സ് നമിച്ച് ഓർക്കുകയാണ്.

ഒരു മലയാളി സ്വന്തം ഹൃദയദേശമായി കരുതുന്ന കേരളത്തെ പുതിയ രൂപത്തിൽ എങ്ങനെ മാറ്റിപ്പണിയണമെന്ന് പ്രഖ്യാപിക്കുന്ന ഈ ബജറ്റിന് പിന്തുണ നൽകാതിരിക്കാൻ നിർവാഹമില്ല. അടിസ്ഥാനസൗകര്യങ്ങളോടൊപ്പം ജനങ്ങളുടെ ക്ഷേമവുമാണ് ഒരു നാടിന് ആവശ്യം. അതിനെ രണ്ടിനെയും ഏറ്റവും മികച്ചതാക്കുന്ന ലിഖിതരേഖയാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള ബജറ്റ്. അതുകൊണ്ട് ഒരു നവസാമാജികനെന്ന നിലയില്ല, ഒരു സാധാരണ

മലയാളി എന്ന നിലയിൽ ഈ ബജറ്റ് ഉള്ളടക്കത്തിനുതാഴെ ഞാൻ എന്റെ സന്തോഷത്തിന്റെ കയ്യൊപ്പ് ചാർത്തുകയാണ്.

പുതുയുഗ കേരളത്തെക്കുറിച്ച് വാചാലനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ വികസനരേഖയിൽ പുതുയുഗ കോഴിക്കോടിനെ അഥവാ ഒരു ന്യൂ കാലിക്കട്ട് സ്വപ്നങ്ങളെ മനോഹരമായി താലോലിക്കുന്നുണ്ട്. പേജ് നം. 34-ൽ ലൈറ്റ് മെട്രോ പദ്ധതിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. Impossible is nothing എന്നാണ് പ്രിയപ്പെട്ട മുഖ്യമന്ത്രി അതിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. പദ്ധതി നടക്കുമോയെന്ന് പലരും എന്നോട് ചോദിച്ചു. ഞാൻ ആ പേജിലെ വരികൾ അവർക്ക് വായിച്ച് കേൾപ്പിച്ചു. കാലാകാലങ്ങളായി വിവിധ സർക്കാരുകൾ വാഗ്ദാനം ചെയ്യുകയും എന്നാൽ ഇതുവരെ നടപ്പിലാക്കാൻ സാധിക്കാതെ വന്നതുമായ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാകാൻ പോകുകയാണെന്ന ശുഭവാർത്ത ആ നഗരത്തിന്റെ പ്രതിനിധിയെന്ന നിലയിൽ എന്നെ പ്രചോദിപ്പിക്കുന്നുണ്ട്. മലയാളിയുടെ പരിഹാസപ്പേരിൽനിന്നും കുതിരവട്ടം എന്ന പേര് മാഞ്ഞുപോകുമെന്ന് ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി ഇരിക്കുന്ന ഈ സദസ്സിൽ ഈ വികസനരേഖയിൽ സൂചനയുണ്ട്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, കുതിരവട്ടം അങ്ങയുടെ നിയോജകമണ്ഡലത്തിലാണെങ്കിൽ ഊളമ്പാറ എന്റെ നിയോജകമണ്ഡലത്തിലാണ്. സ്ഥലത്തിന്റെ പേരുവച്ച് കളിയാക്കുന്നത് ശരിയല്ല.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, എന്റെ പ്രിയ സഹസാമാജികൻ ശ്രീ. കെ. ജയന്ത് ഈ സഭയിലുണ്ട്. ഞങ്ങൾ പ്രതിനിധീകരിക്കുന്നത് സഹസ്രാബ്ദങ്ങളുടെ കിസ്സകളുള്ള മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് നഗരത്തെയാണ്. എന്നാൽ ഒരു മഴ പെയ്താൽ പുഴയാണ് ഞങ്ങളുടെ നഗരം. മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കാണ് കോഴിക്കോടിന്റെ ശാപമെന്ന് പറയുന്നത്. ആ ശാപമോക്ഷം സാധ്യമാകേണ്ടതുണ്ട്. അതിന് മാങ്കാവ് പാലവും തൊണ്ടയാട് ജങ്ഷനും അടിയന്തര പ്രാധാന്യത്തോടെ ചെയ്തുതീർക്കേണ്ടതുണ്ട്. കോതിയിലെയും കപ്പക്കല്ലിലെയും നൈനാംവളപ്പിലെയും മത്സ്യത്തൊഴിലാളികൾക്ക് പറയാൻ പ്രാരാബ്ധങ്ങൾ ഏറെയുണ്ട്. ഈ ബജറ്റ് അവർക്ക് പ്രതീക്ഷയാണ്. ശ്രീരമ്പടയുടെ തിരുവണ്ണൂരും തളിക്ഷേത്രവും

ചാലപ്പുറം മിശ്കാൽപ്പള്ളിയും കുറ്റിച്ചിറ മുഗ്ദാറും കോവൂരും കോട്ടൂളിയും കിണാശ്ശേരിയും കൊമ്മേരിയും നെയ്ത്തുകാരുടെ കണ്ണഞ്ചേരിയും രണ്ടരപതിറ്റാണ്ടിന്റെ പൈതൃകമുള്ള സെന്റ് ജോസഫ്സും ബോറകളും ബറാമികളും ഗുജറാത്തി സ്ട്രീറ്റും നായർ നാലുകെട്ടും തിയ്യ സഹവർത്തിത്വവും ബ്രാഹ്മണ അഗ്രഹാരങ്ങളും ദളിത് വീടുകളും പാഴ്സി ക്ഷേത്രവും സൗരാഷ്ട്രിയൻ ക്ഷേത്രവും ഉൾപ്പെടെ ഇന്ത്യയുടെ ബഹുസ്വരതയെ കോഴിക്കോട് അടയാളപ്പെടുത്തുന്നുണ്ട്. ഇങ്ങനെ വിഭിന്ന സാമൂഹികതയുടെ വൈവിധ്യം വഹിക്കുമ്പോഴും ഞങ്ങൾ കോഴിക്കോട്ടുകാർ എന്ന ഏകകം വികാരവായ്പോടെ പുണരുന്ന ഒരു നാടിന്റെ പ്രതിനിധിയായി സഭയിൽ എഴുന്നേറ്റുനിൽക്കാൻ സാധിച്ചതിൽ ഭാഗ്യവാനാണ്. പതിനായിരത്തിലേറെ കൈയ്യടികളോടെയും ഭൂരിപക്ഷത്തോടെയുമാണ് ഇടതുമന്ത്രിയുണ്ടായിരുന്ന സിറ്റിങ് സീറ്റിൽനിന്ന് സ്നേഹവായ്പയോടെ കോഴിക്കോട് സൗത്തിലെ ജനങ്ങൾ എന്നെ ഈ സഭയിലേക്ക് പറഞ്ഞുവിട്ടത്. അങ്ങയിലൂടെ അവരോട് ഞാൻ കടപ്പാട് അറിയിക്കുകയാണ്. സാമൂതിരിയുടെ കരയിലെ കോട്ടയ്ക്ക് കടലിൽ കാവൽകവചമൊരുക്കിയ കുഞ്ഞാലിമരയ്ക്കാരുടെ കഥയാണ് കോഴിക്കോടിന് പറയാനുള്ളത്. പറങ്കികൾ മിശ്കാൽ പള്ളിയുടെ ഓടിളക്കിയപ്പോൾ ഓടിക്കൂടിയ സാമൂതിരിയുടെ കഥയുണ്ട്. കണ്ണംപറമ്പിലെ ഖബർസ്ഥാനിലെ മീസാൻകല്ലിൽ മൊയ്തു മൗലവിയുടെയും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയൊക്കെ പേരുകളുണ്ട്. വെറുപ്പിന്റെ രാഷ്ട്രീയം വേഷം മാറി കാടടക്കി പ്രചാരണം നടത്തിയിട്ടും മണ്ഡലത്തിൽ വിലപോകാതിരുന്നത് കോഴിക്കോട്ടുകാരുടെ നന്മയാണ്. ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞ 'മൊഹബ്ബത്ത് കി ദുകാൻ' എന്നതിന് ഒരു നഗരസ്വരൂപം തിരഞ്ഞാൽ അത് ഞങ്ങളുടെ കോഴിക്കോടാണ്. നിലാവുള്ള രാത്രിയിൽ മിഠായി തെരുവിലെ എസ്. കെ. പൊറ്റക്കാടിന്റെ പ്രതിമ കാണാൻ നല്ല ഭംഗിയാണ്. കര കടന്നെത്തുന്ന കാറ്റിന് ബാബുക്കയുടെ ഗസൽ പറയാനുണ്ട്. ഇവിടെ ബഹുമാന്യനായ വർക്കല നിയോജകമണ്ഡലത്തിൽനിന്നുള്ള അംഗം ഒരു ഡീലിനെക്കുറിച്ച് പറയുകയുണ്ടായി. ഈ ബജറ്റ് മുഴുവൻ ഡീലാണെന്ന്. ശരിയാണ് ബജറ്റ് മുഴുവൻ ഡീലാണ്. ബജറ്റിലെ പേജ് നമ്പർ 7-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഒരു ഡീൽ പറഞ്ഞിട്ടുണ്ട്. കേരളത്തെ മുഴുവൻ ഒരു മിഷൻ സമുദ്ര പ്രോജക്ടിലൂടെ പോർട്ട്

സിറ്റിയാക്കുമെന്ന ഡീലാണത്. നാനൂറ് കോടി രൂപയുടെ ആ ഡീലിനെ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. സ്റ്റാർട്ടപ്പുകളിലൂടെ, ടെക്നോ-മെന്റർഷിപ്പിലൂടെ പ്രിയങ്കരനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ജെൻ-Z കമ്മ്യൂണിറ്റിയോട് ഒരു ഡീൽ ഉറപ്പിച്ചിട്ടുണ്ട്. 100 കോടി രൂപനൽകി കേരളത്തിലെ ചെറുപ്പക്കാർക്ക് പ്രതീക്ഷ നൽകുന്നൊരു ഡീലാണത്. ഗ്ലോബൽ വാച്ച് ടവർ, സ്പേസ് പാർക്ക്, സ്പേസ് ഇക്കോണമി, ഡാറ്റ അനലിറ്റിക്സ് എന്നിങ്ങനെയുള്ള ഡീലുകളുമുണ്ട്. വിദ്യാഭ്യാസരംഗത്തെ ഡീലായ 'കേരള നോളജ് വാലി'യെക്കുറിച്ച് ബജറ്റിലെ പേജ് നമ്പർ 17-ൽ പറയുന്നുണ്ട്. വയനാട്ടിലെ ആദിവാസികൾക്ക് ട്രൈബൽ യൂണിവേഴ്സിറ്റിയിലൂടെ ഒരു ഡീൽ പറയുന്നുണ്ട്. പ്രവാസികളെ സംരംഭകരായും നിക്ഷേപകരായും സ്വീകരിക്കുമെന്ന ഡീൽ ഈ ബജറ്റിന്റെ പേജ് നമ്പർ 32-ൽ പറഞ്ഞിട്ടുണ്ട്. ഓപ്പറേഷൻ ട്രൂഫാനിലൂടെ ഒരു നോ-ഡീൽ പറയുന്നുണ്ട്. കേരളത്തിലെ കഞ്ചാവുകാരോടും മയക്കുമരുന്നുകാരോടും ഒരു തരത്തിലും വിട്ടുവീഴ്ച ചെയ്യില്ലെന്ന ഒരു ഡീലാണത്. അങ്ങനെ പുതിയ കേരളത്തിലേയ്ക്ക് കുതിച്ചുചാടാനുള്ള മനോഹരമായ ആശയങ്ങൾ പറയുന്ന ഈ ബജറ്റിനെ ഞാൻ സർവാത്മനാ അഭിവാദ്യം ചെയ്യുന്നു. ഇവിടെ ബഹുമാന്യനായ ബി.ജെ.പി. അംഗം യു.ഡി.എഫ്.-നോട് വികസനത്തെക്കുറിച്ച് പറയുകയുണ്ടായി. 123 രാജ്യങ്ങളുടെ പട്ടികയിൽ, ഗ്ലോബൽ ഹങ്കർ ഇൻഡക്സിൽ ഇന്ത്യക്ക് 102-ാം സ്ഥാനവും വേൾഡ് ഹാപ്പിനസ് ഇൻഡക്സിൽ 116-ാം സ്ഥാനമാണുള്ളതെന്നാണ് പബ്ലിക് ഡൊമയിനിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ എനിക്ക് കാണാൻ സാധിച്ചത്. 140 കോടി ജനങ്ങൾക്ക് ഒരു പാത്രം ചോറ് നൽകാൻപോലും കഴിയാത്ത കേന്ദ്ര സർക്കാരാണ് യു.ഡി.എഫ്.-ന് ക്ലാസ് എടുത്തുകൊണ്ടിരിക്കുന്നത്. ബഹു. മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ പുതുയുഗ കേരളത്തിന്റെ ബ്ലൂ പ്രിന്റായ ഈ ബജറ്റിലൂടെ നമ്മോട് പറയുന്നത്, പതിരുകളുണ്ടാകാം, അബദ്ധങ്ങളുണ്ടാകാം പക്ഷെ ഈ ബജറ്റ് "പാതി ഹൃത്തിനാൽ പൊറുത്തുകൊള്ളുക, പാതി ഹൃത്തിനാൽ വെറുത്തുകൊള്ളുക"യെന്നാണ്. "നിങ്ങൾക്ക് യോജിക്കാം വിയോജിക്കാം. പക്ഷെ, ഇതെന്റെ ജീവനാണ്, ഇതെന്റെ മാംസമാണ്, എടുത്തുകൊള്ളുക" എന്ന ഒരു ഭരണാധികാരിയുടെ സമർപ്പിതമായ ഒരു സന്ദേശം

ഈ ബജറ്റിലുണ്ടെന്ന് നമുക്ക് പറയാൻ സാധിക്കുന്ന പഴുതടച്ച ബജറ്റിനെ ഞാൻ എല്ലാ അർത്ഥത്തിലും അഭിവാദ്യം ചെയ്യുന്നു. എല്ലാവർക്കും നന്ദി.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. കേരളത്തോട് കേന്ദ്ര സർക്കാർ കഴിഞ്ഞ പത്ത് വർഷമായി കാണിക്കുന്ന ഉപരോധത്തിന്റെ ഒരു സാക്ഷ്യപത്രം ഈ ബജറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകാതെപോയ പത്ത് വർഷത്തെ കുടിശ്ശിക തുക എത്രയാണെന്ന് കാണിക്കുന്ന ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് ഇറക്കണമെന്നാണ് എന്റെ വിനയപൂർവമുള്ള അഭ്യർത്ഥന. കഴിഞ്ഞ പത്ത് വർഷമായി കേന്ദ്ര സർക്കാർ കേരളത്തിന് രണ്ട് ലക്ഷം കോടി രൂപ നൽകാതിരുന്നുവെന്നാണ് പ്രഥമികമായി ഞാൻ വിലയിരുത്തുന്നത്. എന്തായാലും അതിന്റെ നിജസ്ഥിതി അറിയാൻ താൽപര്യമുണ്ട്. കിഫ്ബി മോഡിഫൈ ചെയ്യുമെന്ന് അങ്ങ് പറഞ്ഞെങ്കിലും, അതിനെ തകർക്കുന്ന ഒരു പ്രവർത്തനവും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം, രാഷ്ട്രീയ വ്യത്യസമില്ലാതെ, കേരളത്തിലെ ബഹുമാന്യനായ സ്പീക്കർ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിൽ നാഷണൽ ഹൈവേയും പി.ഡബ്ല്യൂ.ഡി. റോഡുകളും നാന്നൂറോളം പാലങ്ങളും ആയിരക്കണക്കിന് സ്കൂളുകളും, കോളേജുകളും ആശുപത്രി കെട്ടിടങ്ങളും മലയോര ഹൈവേയും ദേശീയ ജലപാതയും കുടിവെള്ള പദ്ധതികളുമായി ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. അതിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അതുസംബന്ധിച്ച് ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുപകരം ഇത് പൂർണ്ണമായി തകർക്കുന്ന തരത്തിലുള്ള ഒരു നീക്കവും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകരുതെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ഭാവിക്ക് അത് വളരെ പ്രധാനമാണ്. ധാരാളം പ്രതിസന്ധികൾ നിറഞ്ഞ മൂന്ന് മാസങ്ങളാണ് കടന്നുപോയത്. ഇന്ധന വിലയിലുണ്ടായ വർധനവ്, രൂപയുടെ മൂല്യത്തിൽവന്ന തകർച്ച, സ്വർണ്ണ വിലയിലെ വർധനവ് എന്നിവയുടെ ഫലമായി രൂക്ഷമായ വിലക്കയറ്റമാണുമുണ്ടായിട്ടുള്ളത്. വിലക്കയറ്റത്തെ പ്രതിരോധിക്കാൻ കഴിയുന്ന എന്തെല്ലാം നിർദേശങ്ങളാണ് ഈ ബജറ്റിലൂടെ മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പേരിൽ സ്ത്രീ സുരക്ഷ പെൻഷൻ നിർത്തലാക്കരുത്. രണ്ട് മാസത്തെ സ്ത്രീ സുരക്ഷ പെൻഷൻ നൽകുകയുണ്ടായി. രണ്ട് മാസം മുമ്പാണ് ഈ പദ്ധതി പ്രഖ്യാപിച്ചതെന്ന ന്യായം നിങ്ങൾക്ക് പറയാൻ സാധിക്കും. 1640343 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്. കേരളത്തിലെ പാവപ്പെട്ട, സാധാരണക്കാരായ സ്ത്രീകൾക്ക് വളരെ പ്രയോജനമാണെന്നതുകൊണ്ട് ഏതെങ്കിലും തരത്തിൽ ഇതിനുള്ള തുക കണ്ടെത്തി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. 1,000/- രൂപ വീതമാണ് പ്രതിമാസം നൽകുന്നത്.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ നിക്ഷേപങ്ങളെ സംബന്ധിച്ച് ഈ ബജറ്റിൽ അങ്ങ് പറഞ്ഞിട്ടുള്ളത് കേരളത്തെ 'ഡെസ്റ്റിനേഷൻ പോയിന്റായി' ഉയർത്തുമെന്നാണ്. ഈ മേഖലകളിൽ സ്വകാര്യവൽക്കരണമെന്ന ആശയം കൊണ്ടുവന്നതിനെ ഞാൻ ഗൗരവമായി കാണുകയാണ്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയും വിദ്യാഭ്യാസ മേഖലയും യാതൊരു കാരണവശാലും സ്വകാര്യവൽക്കരിക്കാൻ പാടില്ല. അത് കേരളത്തിന്റെ ഭാവിയെ തകർക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇക്കാര്യത്തിൽ ശരിയായ നിലപാട് പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അങ്ങ് വളരെ ബുദ്ധിമാനാണെന്ന് എനിക്ക് അറിയാം. പദ്ധതി അടങ്കലിലെ വെട്ടിച്ചുരുക്കൽ മുൻ സർക്കാരിന്റെ തലയിൽ വച്ചുകെട്ടാൻ അങ്ങ് ശ്രമിച്ചിട്ടുണ്ട്. 20,500 കോടി രൂപ അധിക കേന്ദ്രവിഭവം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കഴിഞ്ഞ സർക്കാരിന്റെ ബജറ്റിൽ 20,000 കോടി രൂപയുടെ പ്ലാൻ അവതരിപ്പിച്ചിരുന്നത്. അതിൽനിന്ന് കുറവ് വന്നപ്പോൾ ബജറ്റിന്റെ പ്ലാൻ ഔട്ട്ലേ 30,370 കോടി രൂപയായി അങ്ങ് വെട്ടിക്കുറച്ചു, 5,380 കോടി രൂപ കുറഞ്ഞിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രത്തിൽ ഇത്തരം പ്രവണതകൾ കൈകാര്യം ചെയ്യുമ്പോൾ ഫിസ്കൽ കൺസോളിഡേഷൻ അഥവാ ധനദൃഢീകരണം എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ചെലവ് കുറച്ച് ഈ പ്രശ്നം പരിഹരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ നൽകുമെന്ന പ്രതീക്ഷയിൽ പ്ലാൻ ഔട്ട്ലെയിൽ വച്ച തുക പൊതുവായി കുറയ്ക്കുന്ന സമീപനം ശരിയായില്ല. അത് പുതിയ ഒരു സന്ദേശമാണ് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് നൽകുന്നത്. കാരണം ക്ഷേമ പദ്ധതികളെല്ലാം വെട്ടിക്കുറച്ചു.

ഞാൻ മത്സ്യ മേഖലയെക്കുറിച്ച് മാത്രം പറയാം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ബജറ്റിൽ മത്സ്യ മേഖലയ്ക്ക് 484.10 കോടി രൂപ നൽകിയപ്പോൾ അങ്ങയുടെ ഈ ബജറ്റിൽ അത് വെട്ടിച്ചുരുക്കി 410.191 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. 73 കോടി രൂപ കുറവ് വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ 35 കോടി രൂപയും പഞ്ഞമാസത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്ന പദ്ധതിയിൽനിന്ന് 44 കോടി രൂപയും മത്സ്യകൃഷി വികസന പദ്ധതിയിൽനിന്ന് 40 ശതമാനവും പുനർഗേഹം പദ്ധതിയുടെ 24 കോടി രൂപയും വെട്ടിക്കുറച്ചു. മണ്ണെണ്ണയുടെ സബ്സിഡി 50 രൂപയിൽനിന്ന് 75 രൂപയായി വർധിപ്പിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട പണത്തിൽ വെട്ടിക്കുറവ് വരുമ്പോൾ അങ്ങ് പറയുന്ന ന്യായം നമ്മുടെ പ്ലാൻ ഔട്ട്ലെയിൽവന്ന കുറവ് സംബന്ധിച്ചാണ്. അത് പരിഹരിക്കേണ്ടത് ഇങ്ങനെയല്ല, പകരം ചെലവും ധൂർത്തും കുറച്ച് പരിഹരിക്കണമെന്ന നിർദേശമാണ് എനിക്ക് നൽകാനുള്ളത്.

അങ്ങ് ബുദ്ധിപരമായി മറ്റൊരു കാര്യം പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതികളിൽ ചിലതെല്ലാം മാറ്റി വളരെ തന്ത്രപരമായി 'മിഷൻ സമുദ്ര' എന്ന പദ്ധതി ആവിഷ്കരിച്ചു. കേരളത്തിലെ ജനങ്ങളെ വല്ലാതെ ആശങ്കപ്പെടുത്തുന്ന ധാരാളം സംശയങ്ങൾ അതിലുണ്ട്. കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം ഉപയോഗപ്പെടുത്തി മാരിടൈം സമ്പദ് വ്യവസ്ഥയുണ്ടാക്കുമെന്ന് പറഞ്ഞു. കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ പതിമൂന്ന് നോൺ-മേജർ തുറമുഖങ്ങൾ ഉൾപ്പെടുത്തിയുള്ളതാണ് മാരിടൈം പോളിസി. സതേൺ കേരളാ ഇക്കണോമിക് കോറിഡോർ, റെയർ എർത്ത് ആൻഡ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ എന്നീ പദ്ധതികളിൽ സതേൺ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മേഖല ഒന്നിൽ തിരുവനന്തപുരത്തെ കേരളത്തിന്റെ നോളജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ്ബാക്കി മാറ്റുമെന്നും മേഖല രണ്ടിൽ കൊല്ലത്തെ ധാതു സംസ്കരണത്തിന്റെയും അപൂർവ ധാതുക്കളുടെ കേന്ദ്രമാക്കുമെന്നും മേഖല മൂന്നിൽ ആലപ്പുഴയെ ഇന്ത്യയുടെ ബ്ലൂ ഇക്കോണമി തലസ്ഥാനമാക്കിമാറ്റുമെന്നും പറയുന്നുണ്ട്. അങ്ങേയ്ക്ക് ആലപ്പുഴയോട് വളരെ സ്നേഹമുണ്ടെന്ന്

അറിയാം. ദയവുചെയ്ത് ഞങ്ങളെ ഉപദ്രവിക്കരുത്. ഞങ്ങൾക്ക് ബ്ലൂ ഇക്കോണമിയൊന്നും വേണ്ട. ഇപ്പോഴുള്ള ഇക്കോണമി തന്നെ വലിയ കുഴപ്പമില്ലാതെ പോകുന്നുണ്ട്. ഒരു സമ്മിശ്ര സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുകയും സ്വകാര്യ നിക്ഷേപം ആകർഷിക്കുകയും ഭാവിയിൽ കേരളത്തെ രാജ്യത്തിന്റെ തന്ത്രപ്രധാനവും സമുദ്രബന്ധിതവുമായ വികസിത മേഖലയാക്കിമാറ്റുമെന്ന് ബജറ്റിന്റെ പത്താമത്തെ പേജിൽ അങ്ങ് പറയുന്നുണ്ട്. ഇതുതന്നെയാണ് ഇന്ത്യയിലെ ബി.ജെ.പി. സർക്കാർ പറയുന്നത്. ഇന്ത്യയിലെ ബി.ജെ.പി. സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റും ഒന്നുതന്നെയാണെന്ന് പറയുന്നത്. അന്ന് ഈ രാജ്യത്തെ ധാതു ഖനനത്തെയും സ്വകാര്യവൽക്കരണത്തെയും എതിർത്ത നിങ്ങൾ എന്തിനാണ് ഇപ്പോൾ ഈ പുതിയ version ഇതിൽ കൊണ്ടുവന്നിട്ടുള്ളത്. 2023 ഫെബ്രുവരി മാസം 9-ന് കേന്ദ്ര ഖനന മന്ത്രാലയം ഖനനവുമായി ബന്ധപ്പെട്ട രണ്ട് നിയമങ്ങളിൽ ഭേദഗതി കൊണ്ടുവന്നിരുന്നു. 11-03-2023-ൽ എൽ.ഡി.എഫ്. സർക്കാർ നിയമ ഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കടലും കായലും കരയും നാടും കടൽസമ്പത്തും ഇല്ലാതാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ പത്ത് പ്രധാന സ്ഥലങ്ങളിലാണ് ഇതിന് സാധ്യതയെന്ന് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ കണ്ടെത്തിയിരുന്നു. ഇപ്പോൾ അങ്ങ് പറഞ്ഞ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ തീരദേശ മേഖലകളിലാണ് ഖനനം നടത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അതിന് ടെൻഡർ നൽകിക്കഴിഞ്ഞു. ഈ ബജറ്റിലെ പ്രഖ്യാപനവും കേന്ദ്ര സർക്കാരിന്റെ ഖനനവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്നകാര്യം അങ്ങ് വിശദീകരിക്കുന്നത് നല്ലതായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പദ്ധതി നടപ്പായാൽ കടൽ ജലം മലിനമാകും, മത്സ്യ സമ്പത്ത് പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെ പൂർണ്ണമായി ഇല്ലാതാകും, കടലിലെ മറ്റ് ജീവജാലങ്ങളുടെ നിലനിൽപിനെ ബാധിക്കും, മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടാകും, ഉൾനാടൻ മത്സ്യമേഖലയെ ബാധിക്കും. അതിനാൽ ഈ പദ്ധതി അപകടകരമാണ്. കൊല്ലം ജില്ലയിലെ പരപ്പ് എന്ന പ്രദേശം മത്സ്യ സമ്പത്തിന്റെ വലിയ കേന്ദ്രമാണ്, വലിയ ധാതു സമ്പത്ത് അവിടെയുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ

എന്നീ ജില്ലകളിലായി 275 മുതൽ 375 മീറ്റർ വരെ ആഴത്തിൽ 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലാണിത് വ്യാപിച്ചുകിടക്കുന്നത്. ചെമ്മീൻ, ഞണ്ട്, മത്തി, അയല, കിളിമീൻ, കണവ, നീരാളി എന്നിവയുൾപ്പെടെ സമ്പന്നമായ ഫലഭൂയിഷ്ഠമായ പ്രദേശമാണിത്. ആലപ്പുഴയെപ്പറ്റി അങ്ങ് പറയുന്നത് ഇന്ത്യയുടെ ബ്ലൂ ഇക്കണോമിക് കോറിഡോർ എന്നാണ്. ഞാൻ ആദ്യമെ പറഞ്ഞു ദയവായി ഞങ്ങളെ ഉപദ്രവിക്കരുത്. ഞങ്ങളുടെ ജില്ലയിൽ കടലും കായലുമായി ബന്ധപ്പെട്ട് ഒരു നാഷണൽ ഹൈവെ മാത്രമേയുള്ളൂ. നാഷണൽ ഹൈവെ തകർന്നാൽ കടൽ കരയിലേയ്ക്ക് കയറും. കുട്ടനാട്ടും അപ്പർ കുട്ടനാട്ടും ചെങ്ങന്നൂരുമെല്ലാം കടൽ കൊണ്ടുപോകും. ഈ ധാതു ഖനനം ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കില്ല. ഇതിനെതിരെ അതിശക്തമായ സമരം ആലപ്പുഴ ജില്ലയിൽ നടത്തിയിട്ടുള്ളതാണ്. അങ്ങയുടെ നേതാവ് ശ്രീ. വി. എം. സുധീരൻ ഉൾപ്പെടെയുള്ളവർതന്നെ ഇപ്പോൾ ഇതിനെതിരെ രംഗത്ത് വന്നിരിക്കുകയാണ്. അതുകൊണ്ട് വളരെ ഗൗരവമായി വേണം ഈ പ്രശ്നത്തെ കാണേണ്ടത്. പണം കണ്ടെത്താൻ വേറെ ഏതെങ്കിലും മാർഗം ആലോചിക്കണം. ഇപ്പോഴുള്ള പ്ലാനിലേയ്ക്ക് പോകരുതെന്ന വിനീതമായ അഭ്യർഥന എനിക്കുണ്ട്. അങ്ങനെ ചെയ്താൽ ഭൂമിയുടെ അവകാശം നഷ്ടപ്പെടുകയും മത്സ്യത്തൊഴിലാളികളുടെ ജീവിതം അപകടത്തിലാകുകയും ചെയ്യും. ഭൂമിയുടെ ഘടനയിൽ മാറ്റംവരും, മാലിന്യ പ്രശ്നമുണ്ടാകും, സാമ്പത്തിക പ്രശ്നമുണ്ടാകും കടൽ കടന്നുകയറി നാട്ടുമുഴുവൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുമെന്ന് വളരെ വ്യക്തമായി മനസ്സിലാക്കിയാണ് ഞാൻ സംസാരിക്കുന്നത്. ഈ കോറിഡോർ ആലപ്പുഴക്കാർക്ക് വേണ്ട. അതിശക്തമായ സമരം ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരും. എൽ.ഡി.എഫ്. സർക്കാർ അടിസ്ഥാനസൗകര്യ വികസനത്തിനാണ് മുൻഗണന നൽകിയിരുന്നത്. ഈ ബജറ്റ് അതിന് ഘടകവിരുദ്ധമാണ്. അതിവേഗ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എനിക്ക് ഒരുപാട് ആക്ഷേപങ്ങൾ നേരിടേണ്ടിവന്നു. അങ്ങ് അതിവേഗ റെയിൽ പദ്ധതി ഇപ്പോൾ റദ്ദാക്കിയതിനെക്കുറിച്ചൊന്നും ഞാൻ തർക്കിക്കുന്നില്ല. പക്ഷെ കേരളത്തിന്റെ പ്രശ്നമെന്താണ്? റോഡിലൂടെ വണ്ടിയോടിക്കാൻ സാധിക്കുന്നില്ല. നല്ല വിഷനും മിഷനുമുള്ള അങ്ങ് ഒരു പ്രോജക്ട് ഇതിന്റെ ഭാഗമായി പ്രഖ്യാപിക്കണം. അങ്ങ് ഇപ്പോൾ പറയുന്ന പ്രോജക്ടുകൾ കേരളത്തിൽ വിലപ്പോവുന്നതല്ല. ലോകത്തെ പല

രാജ്യങ്ങളിലും അതിവേഗ റെയിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്, അതിൽ സഞ്ചരിച്ചിട്ടുള്ള ആളാണ് ഞാൻ. അതിവേഗ റെയിൽ പദ്ധതിയുടെ ഭാഗമായുള്ള മാറ്റം ലോകത്തുണ്ടായിട്ടുണ്ട്. കേരളത്തിലും അങ്ങനെ ഒരു പദ്ധതി അങ്ങയുടെ കാലത്ത് പ്രഖ്യാപിച്ച് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷിക മേഖലയ്ക്കും ലൈഫ് മിഷനും ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് ശരിയല്ല, കുറയ്ക്കാൻ പാടില്ല. ആലപ്പുഴയിലെ ഉൾപ്പെടെ പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകാനുള്ള പണം നൽകുന്നതിന് ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി നടപടി സ്വീകരിക്കണം. മുൻ സർക്കാരിന്റെ കാലത്ത് പണം നൽകാൻ കഴിയാതിരുന്നതിൽ ഞാൻ കുറ്റസമ്മതം നടത്തുകയാണ്. ആരോഗ്യവകുപ്പിനുള്ള വിഹിതത്തിൽനിന്ന് 2705 കോടി രൂപ വെട്ടിക്കുറച്ചു. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി, ആ പണം തിരികെ ലഭിക്കുന്നതിനുള്ള ശ്രമം നടത്തണം. പ്രവാസികൾ ഈ നാടിന്റെ സ്വത്താണ്. അവർക്കായുള്ള ഒരു പദ്ധതിയും ബജറ്റിലില്ല. തൊഴിലുറപ്പ് പദ്ധതിയ്ക്ക് 2500 കോടി രൂപ ആവശ്യമുണ്ടെങ്കിലും 1400 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ബജറ്റ് പാസ്സാക്കുമ്പോൾ ആ തുക പൂർണ്ണമായും അനുവദിക്കണം. ഞാൻ ഇവിടെ ഒരു രാഷ്ട്രീയ പ്രശ്നവും പരാമർശിച്ചില്ല, ബജറ്റിലെ ന്യൂനതകൾ മാത്രമാണ് ചൂണ്ടിക്കാണിച്ചത്. അങ്ങയുടെ വാദം ശരിയാണ്, കേരളത്തിന് പണം വേണം. എന്നാൽ കുറുക്കുവഴിയിലൂടെ പണമുണ്ടാക്കാൻ സാധിക്കില്ല. പണമുണ്ടാക്കാൻ നേരെയുള്ള വഴി ചിന്തിക്കണമെന്നും എല്ലാവരെയും കൂട്ടിച്ചേർത്ത് കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ബഹു. മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്നാണ് പറയാനുള്ളത്. പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള ഈ ബജറ്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. വി. എസ്. ജോയി</u>: സർ, കേരളത്തിന് പ്രതീക്ഷയുടെ പുതിയ പ്രഭാതം സമ്മാനിച്ചുകൊണ്ട് ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട പുതുക്കിയ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരള നിയമസഭയിലെ എന്റെ കന്നി പ്രസംഗം ബഹുമാനപ്പെട്ട ചെങ്ങന്നൂർ അംഗത്തിന്റെ തൊട്ടുപിറകെയായത് കാലത്തിന്റെ നിയോഗമായി കരുതുകയാണ്. കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഞങ്ങൾ മലപ്പുറത്ത്

അഭൂതപൂർവമായ വിജയം നേടി. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി മഹാഭൂരിപക്ഷം വാർഡുകളും തൂത്തുവാരി വിജയിച്ചപ്പോൾ, ആ വിജയത്തിന് മതത്തിന്റെ നിറം നൽകി, വിജയിച്ച ആളുകളുടെ മതം തിരഞ്ഞ് പരിശോധന നടത്തണമെന്ന് അന്ന് മന്ത്രിയായിരുന്ന പ്രിയപ്പെട്ട അംഗം ഒരു പരാമർശം നടത്തി* തീർച്ചയായും മലപ്പുറത്തെ പ്രബുദ്ധരായ തവനൂരിലെ വോട്ടർമാർ അതിന് ബാലറ്റിലൂടെ നൽകിയ ഏറ്റവും മധുര മനോഹരമായ മറുപടിയാണ് എന്റെ വിജയമെന്ന് അഭിമാനത്തോടെ ഈ സന്ദർഭത്തിൽ പറയുകയാണ്. കഴിഞ്ഞ മന്ത്രിസഭയിലെ മുഖ്യമന്ത്രിതന്നെ മലപ്പുറത്തെ സംബന്ധിച്ച് വളരെ മോശം പരാമർശങ്ങൾ നടത്തിയത് നമുക്കറിയാം. അത് യാഥാർഥ്യമാണ്. മലപ്പുറത്ത് ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന പ്രചാരണം കേരളത്തിന്റെ മുഖ്യമന്ത്രി നടത്തി. മലപ്പുറം എന്ന മതേതരത്വത്തിന്റെ ഈറ്റില്ലവും പോറ്റില്ലവുമായ പ്രദേശത്തെ അപമാനിക്കാനും അവഹേളിക്കാനും ഈ രാജ്യത്തെ സംഘപരിവാർ ശക്തികൾ കഴിഞ്ഞ കാലങ്ങളിൽ വലിയ പരിശ്രമങ്ങൾ നടത്തുമ്പോൾ അവരുടെ പ്രചാരണങ്ങൾക്ക് ആക്കം കൂട്ടുന്നതും വീര്യം കൂട്ടുന്നതുമായ രീതിയിൽ കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ മന്ത്രിയുമെല്ലാം വലിയ പരാമർശങ്ങളും പ്രതികരണങ്ങളും നടത്തിയിട്ടുണ്ട്. മലപ്പുറം എന്നത് മതേതരത്വത്തിന്റെ ഈറ്റില്ലവും പോറ്റില്ലവുമാണ്. ആ മണ്ണ് മലയാള ഭാഷ പിറന്നുവീണ തുഞ്ചന്റെ മണ്ണാണ്. ജ്ഞാനപ്പാന എഴുതിയ പൂന്താനത്തിന്റെ മണ്ണാണ് മലപ്പുറം. ഇ.എം.എസ്. എന്ന, ഇവരുടെ നേതാവ് ജനിച്ചുവീണ മണ്ണാണ്. സ്വാതന്ത്ര്യസമരത്തിനുവേണ്ടി ഒരുപാട് വിലകൊടുത്ത വാഗൺ ട്രാജഡിയുടെ ചരിത്രമുറങ്ങുന്ന മണ്ണാണ്. എം. പി. ഗോവിന്ദ മേനോൻ, കോഴിപ്പുറത്ത് മാധവ മേനോൻ, എ. വി. കുട്ടിമാളു അമ്മ, ഇ. മൊയ്തു മൗലവി എന്നിവരെപ്പോലെ ഒരുപാട് സ്വാതന്ത്ര്യ സമരസേനാനികൾക്ക് ജന്മം നൽകിയ മണ്ണാണ് മലപ്പുറം. ബാബറി മസ്ജിദിന്റെ മിനാരങ്ങൾ തകർന്നുവീണപ്പോൾ മലപ്പുറത്തെ ക്ഷേത്രങ്ങൾക്ക് മുസ്ലീം സഹോദരന്മാർ കാവലിരിക്കണമെന്ന് പറഞ്ഞ പാണക്കാട് ശിഹാബ് തങ്ങൾ ഉയർത്തിപ്പിടിച്ച, ആ മതേതരത്വത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന മലപ്പുറത്തിന്റെ മണ്ണിനെ അപമാനിക്കാനും അവഹേളിക്കാനും നടത്തിയ ശ്രമങ്ങൾക്കെതിരെ,

---

* ബഹു. സഭാധ്യക്ഷന്റെ 24-06-2026-ലെ ഉത്തരവുപ്രകാരം (ഫ.നം. 3597/2026/Edtg ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

വ്യാജ സ്റ്റോറികൾക്കെതിരെയുള്ള ഏറ്റവും റിയൽ മലപ്പുറം സ്റ്റോറിയായി ഈ വിജയം ചരിത്രത്തിൽ എഴുതപ്പെട്ടുമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്. മലപ്പുറത്തിന് എതിരെയുള്ള പരാമർശങ്ങൾ കേവലം പ്രതികരണങ്ങളിൽ മാത്രമായിരുന്നില്ല, പ്രവർത്തനങ്ങളിലുമുണ്ടായിരുന്നു. കഴിഞ്ഞ പത്ത് വർഷം ഇവിടെ അവതരിപ്പിക്കപ്പെട്ട എല്ലാ ബജറ്റിലും മലപ്പുറം അവഗണിക്കപ്പെട്ടു. ഓരോ ബജറ്റ് വരുമ്പോഴും പൊതു ബജറ്റ് എന്നല്ല പക ബജറ്റ് എന്നാണ് ഞങ്ങൾ അതിനെ വിളിച്ചുകൊണ്ടിരുന്നത്. മലപ്പുറത്തെ ഒരു പകയോടുകൂടി സമീപിച്ച, അവഗണിക്കപ്പെട്ട ബജറ്റുകളാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായതെങ്കിൽ ഈ ബജറ്റിൽ മലപ്പുറത്തിന് വലിയ പ്രതീക്ഷയാണുള്ളത്. പുതിയ ഒരു ജില്ലയെ സംബന്ധിച്ചുള്ള ചർച്ചകൾക്ക് തുടക്കംകുറിച്ചിരിക്കുന്നു. ജനസംഖ്യാനുപാതികമായി ആനുകൂല്യങ്ങൾ ലഭ്യമാകാത്ത ജില്ലയ്ക്ക് അത് പ്രതീക്ഷയുടെ വലിയ പ്രകാശമാണ് നൽകിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം ഒരു അന്താരാഷ്ട്ര സ്റ്റേഡിയം മലബാറിൽ വരുമെന്ന് പറയുമ്പോൾ ധാരാളം ഫുട്ബോൾ പ്രേമികളുള്ള മലപ്പുറത്തുകാർക്ക് അത് വലിയ പ്രതീക്ഷയാണ്. മലപ്പുറത്ത് ഒരു ക്യാൻസർ സെന്റർ വരാൻ പോകുന്നു. കഴിഞ്ഞ കാലങ്ങളിൽ കരിപ്പൂർ വിമാനത്താവളത്തിന്റെ ചിറകുകൾ ഇവർ അരിഞ്ഞിട്ടുണ്ടെങ്കിൽ ആ ചിറകിന് പുതിയ വേഗം നൽകാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. കൊഹിനൂരിൽ നിന്ന് കരിപ്പൂരിലേയ്ക്കുള്ള എലിവേറ്റഡ് പാത ഉൾപ്പെടെ ധാരാളം നിർദേശങ്ങൾ മലപ്പുറത്തെ സംബന്ധിച്ചുണ്ട്. എന്റെ നിയോജകമണ്ഡലമായ തവനൂരിൽനിന്ന് കഴിഞ്ഞ പത്ത് വർഷം ഭരണകക്ഷിയിൽപ്പെട്ട ഒരു ജനപ്രതിനിധിയുണ്ടായിരുന്നു. പക്ഷെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ ഒരു പൊലീസ് സ്റ്റേഷൻ പോലുമില്ലാത്ത ഏക നിയോജകമണ്ഡലമായിരുന്നു തവനൂർ. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യംതന്നെ അവിടെയൊരു പൊലീസ് സ്റ്റേഷൻ പ്രഖ്യാപിച്ചിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ആദ്യത്തെ പൊലീസ് സ്റ്റേഷനാണത്. അതുപോലെ തിരൂർ പൊന്നാനിപ്പുഴയുടെ കുറുകെയുള്ള കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജ് തകർന്നുവീണിട്ട് നാല് വർഷമായി, ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. അതിനുശേഷം നാല് ബജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടെങ്കിലും അതിനായി ഒരു രൂപപോലും നീക്കിവച്ചില്ല. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് ഈ സാമ്പത്തിക

പ്രതിസന്ധിയുടെ കാലത്തും അതിനുവേണ്ടി അഞ്ച് കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. മലപ്പുറത്തെ, തവനൂരിനെ ചേർത്തുപിടിച്ച ഈ ബജറ്റിനെ ഞാൻ ഹൃദയംകൊണ്ട് അഭിവാദ്യം ചെയ്യുകയാണ്.

പുരാതന ഭാരതത്തിലെ വിഖ്യാത കവി കാളിദാസൻ രചിച്ച 'രഘുവംശം' എന്ന മഹാകാവ്യത്തിൽ 'ഭരണം' എന്ന പ്രക്രിയയെ നിർവചിച്ചിട്ടുണ്ട്. സൂര്യനാകുന്ന രാജാവ് സൂര്യരശ്മികളാകുന്ന പ്രജകളെ ഭൂമിയിലേക്ക് അയച്ച് സസ്യലതാദികളുടെ മുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികളെ വലിച്ചെടുത്ത് അത് നീരാവിയാക്കി, മേഘങ്ങളാക്കി, മഴയാക്കി മാറ്റി ആയിരം മടങ്ങാക്കി തിരികെ നൽകുന്നതാണ് ഭരണം എന്ന പ്രക്രിയ എന്നാണ് കാളിദാസൻ പറഞ്ഞിരിക്കുന്നത്. കാളിദാസന്റെ ആ നിർവചനത്തെ അന്വർഥമാക്കുന്ന രീതിയിലാണ് നമ്മുടെ ഗവൺമെന്റിന്റെ പുതിയ ബജറ്റ് വന്നിട്ടുള്ളത്. കാലങ്ങളായി നമ്മൾ കണ്ടെടുക്കാതെ പോയ കേരളത്തിന്റെ വിഭവങ്ങളെ വരുമാനമാക്കി മാറ്റി ഈ നാടിന്റെ വികസനത്തിനുവേണ്ടി എങ്ങനെ വിനിയോഗിക്കാം എന്നതിന്റെ ഏറ്റവും വലിയ പ്രഖ്യാപനമാണിത്. കേരളത്തിന് 600 കിലോമീറ്റർ നീണ്ടുകിടക്കുന്ന കടൽത്തീരമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നമ്മൾ കടപ്പുറത്ത് പോയി തിരമാലകൾ കണ്ട് തിരിച്ചുപോരുകയായിരുന്നെങ്കിൽ ആ സമുദ്രത്തിന്റെ സമ്പത്തും സാധ്യതകളും ഈ നാടിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയുന്ന 'മിഷൻ സമുദ്ര' എന്ന പദ്ധതി പുറത്തുവരാൻ പോകുകയാണ്. നമ്മുടെ അഭിമാനമായ സുഗന്ധവ്യഞ്ജനങ്ങളെ ലോകത്തിനുമുമ്പിൽ പ്രത്യേക ബ്രാൻഡ് ആക്കി മാറ്റുന്ന 'ബ്രാൻഡ് കേരളം' പുറത്തുവരാൻ പോകുകയാണ്. കേരളത്തിൽ ഫിലിം സിറ്റി, സയന്റിഫിക് സിറ്റി, മെഡിക്കൽ സിറ്റി, ഏവിയേഷൻ ഹബ്, നോളജ് വാലി തുടങ്ങിയ ഒരുപാട് പദ്ധതികൾകൊണ്ട് വിസ്മയം തീർക്കുകയാണ് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി. അദ്ദേഹം ശ്രീ. വി. ഡി. സതീശനല്ല, വിസ്മയങ്ങളുടെ സതീശനായി നമ്മുടെ മുമ്പിൽ മാറുകയാണ്. ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത ഇതൊരു പുതുക്കിയ ബജറ്റാണ് എന്നതാണ്. അതിന് ഒരുപാട് പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിന് വലിയ പ്രതീക്ഷ നൽകാൻ ഈ ബജറ്റിന് കഴിയുന്നു.

എന്നുമാത്രമല്ല, കടത്തിന്റെ മുകളിലാണ് കേരളം. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിനുണ്ടായിരുന്നത് 1 ലക്ഷം കോടിയിൽപരം രൂപയുടെ കടമായിരുന്നെങ്കിൽ അതിപ്പോൾ 5 ലക്ഷം കോടി രൂപയായി, അതായത് അഞ്ചിരട്ടിയായി വർധിച്ചിരിക്കുന്നു. ആറ് പതിറ്റാണ്ടുകൾകൊണ്ട് കേരളത്തിനുണ്ടായ കടം പത്ത് വർഷംകൊണ്ട് അഞ്ചിരിട്ടിയായി വർധിപ്പിച്ച് കേരളത്തെ കടത്തിന്റെ കൊടുമുടിയിൽ എത്തിച്ച ഒരു ഗവൺമെന്റാണ് അധികാരത്തിൽനിന്നും പുറത്തുപോയത്. ആ പരിമിതികൾക്കുള്ളിൽനിന്നാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നതെന്ന യാഥാർഥ്യം നമ്മുടെ മുമ്പിലുണ്ട്.

കേരളത്തിൽ പകർച്ച വ്യാധി പടർന്നുപന്തലിക്കുന്നുവെന്ന ആക്ഷേപമുണ്ട്, ഇതല്ലാതെ ഇവിടെ മറ്റൊരു പകർച്ചവ്യാധി പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്ത് വർഷമായി അധികാരത്തിലിരുന്ന് പ്രതിപക്ഷത്തേക്ക് മാറിയ ആളുകൾക്കിടയിലാണ് ഈ പകർച്ചവ്യാധി പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷ നിരയിൽ അതിവേഗം ഈ അസുഖം പടരുകയാണ്. അൽഷിമേഴ്സ് എന്നാണ് ഈ അസുഖത്തിന്റെ പേര്. ഇവരെല്ലാം മറക്കുകയാണ്, കഴിഞ്ഞ പത്ത് വർഷം ഇവർ ചെയ്തുകൂട്ടിയ മുഴുവൻ കാര്യങ്ങളും ഇവർ മറന്നുകൊണ്ടിരിക്കുകയാണ്. പത്ത് വർഷം മുമ്പ് കടൽക്കൊള്ള എന്ന് ആക്ഷേപിച്ച വിഴിഞ്ഞം പദ്ധതി ഇവർ അധികാരത്തിൽ വന്നപ്പോൾ അദാനിയെ ആശ്ലേഷിച്ച് നടപ്പാക്കി. ഇപ്പോൾ 'മിഷൻ സമുദ്ര' എന്ന പദ്ധതി വരുമ്പോൾ, അദാനിയെന്ന് കേൾക്കുമ്പോൾ ഇവർക്ക് അലർജി വീണ്ടും വരികയാണ്. പി.എം. ശ്രീ പദ്ധതിയെ ഞങ്ങൾ എതിർത്തതാണ്. ഇവർ ആരോടും ആലോചിക്കാതെ ആ പദ്ധതിയിൽ ഒപ്പുവച്ച് പകുതി പണം വാങ്ങി കീശയിലിട്ട് ഇന്ന് ഈ പദ്ധതിയെ എതിർക്കുകയാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽപ്പോയി മണിയടിച്ച് മസാല ബോണ്ട്‌വഴി നിക്ഷേപം സ്വീകരിച്ചവർ ഇന്ന് സ്വകാര്യവൽക്കരണമെന്നുപറഞ്ഞ് എല്ലാറ്റിനെയും ആക്ഷേപിക്കുകയാണ്. കേരളത്തിലെ ബാറുകളുടെ എണ്ണം 29-ൽ നിന്നും 900 ആക്കി വർധിപ്പിച്ചുകൊണ്ട് മദ്യവ്യാപനത്തിന് വഴിതെളിച്ചവർ ഇന്ന് മദ്യത്തിന്റെ നികുതിയുടെ പേരിൽ ഈ ഗവൺമെന്റിനെ ആക്ഷേപിക്കുകയാണ്. എല്ലാം മറക്കുകയാണ്, എല്ലാം

മറന്നുകൊണ്ട് അൽഷിമേഴ്സ് ബാധിച്ചവരെപ്പോലെ ഇവർ മാറുകയാണ്. മുമ്പ് പറഞ്ഞ കാര്യങ്ങൾ മുഴുവൻ വിഴുങ്ങുകയും ഓന്തിനെപ്പോലെ നിറം മാറുകയും അരണയെപ്പോലെ മറക്കുകയും കരാളൻ പക്ഷി പാട്ടുകൾ മാറ്റിമാറ്റി പാടുന്നതുപോലെ അഭിപ്രായങ്ങൾ മാറ്റിമാറ്റി പറയുന്നവരായി കേരളത്തിന്റെ പ്രതിപക്ഷം മാറിക്കൊണ്ടിരിക്കുകയാണ്. ഇവർക്ക് സമനില നഷ്ടപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കലക്കവെള്ളത്തിന്റെ ഒരു കുപ്പിയുമായി ഇന്നലെ ഈ സഭയിലെത്തി. ഞങ്ങളൊക്കെ ജലപീരങ്കിയുടെ മുന്നിൽ ധാരാളം സമരം ചെയ്തവരാണ്, ജലപീരങ്കി അടിക്കുമ്പോൾ കുപ്പിയിൽ ഈ വെള്ളം ശേഖരിക്കാൻ കഴിയുന്നത് എങ്ങനെയാണെന്ന ചോദ്യം ഞങ്ങൾ ഉന്നയിച്ചതാണ്. ഇന്ന് മെട്രോ വാർത്തയിൽ ശ്രീ. കെ. ബി. ജയചന്ദ്രൻ എന്ന ഫോട്ടോഗ്രാഫർ എടുത്ത ചിത്രം സഹിതമുള്ള ഒരു വാർത്ത വന്നിരിക്കുകയാണ്. ജലപീരങ്കിയിൽനിന്നും അടിച്ച വെള്ളം റോഡിൽ തളം കെട്ടിനിൽക്കുകയും ഈ വെള്ളം AIYF പ്രവർത്തകർ കുപ്പിയിൽ കോരിയെടുക്കുകയുമാണ്. റോഡിൽനിന്നും കലക്കവെള്ളം കോരിയെടുത്ത് (......ബഹളം.....) അത് കുപ്പിയിലാക്കി കൊണ്ടുവന്ന ചിത്രം സഹിതം ഞങ്ങൾ തരികയാണ്. റോഡിലെ വെള്ളം കുപ്പിയിലാക്കി കൊണ്ടുവരികയാണ്, ഇതൊരു മാധ്യമത്തിൽ വന്ന വാർത്തയാണ്. ശ്രീ. കെ. ബി. ജയചന്ദ്രൻ എന്ന ഫോട്ടോഗ്രാഫർ എടുത്ത ചിത്രത്തോടൊപ്പം മെട്രോ വാർത്തയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വാർത്ത പരിശോധിക്കണം. കലക്കവെള്ളം റോഡിൽനിന്ന് കോരിയെടുത്തുകൊണ്ടുവന്ന് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ ആധികാരികമായാണ് ഇക്കാര്യം പറയുന്നത്. ബാറുടമകൾ കേരളത്തിന്റെ ഖജനാവിലേക്ക് കൊടുക്കേണ്ടിയിരുന്ന നൂറ് കോടി രൂപ നികുതി അടച്ചിട്ടില്ല, ഈ നൂറ് കോടി രൂപ ഖജനാവിൽനിന്നും നഷ്ടപ്പെട്ടിരിക്കുകയാണെന്ന് കഴിഞ്ഞ ദിവസം മലയാള മനോരമയിൽ ഒരു വാർത്ത വന്നിരുന്നു. അത് ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ തിരഞ്ഞെടുപ്പ് ഫണ്ടിലേക്ക് പോയിട്ടുണ്ടോയെന്ന ന്യായമായ, ബലമായ സംശയം നമുക്കുണ്ട്. ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബജറ്റ് നടപ്പിലാക്കാൻ പോകുന്ന ബജറ്റാണ്, പ്രകടനപത്രികയിൽ ഞങ്ങൾ പറഞ്ഞ

വാഗ്ദാനങ്ങൾ അച്ചടിച്ച് മഷി ഉണങ്ങുംമുമ്പ് കേരളത്തിലെ സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര അനുവദിച്ച ഗവൺമെന്റാണിത്. അധികാരത്തിൽ വന്ന് മാസങ്ങൾക്കുള്ളിൽ 'ഓപ്പറേഷൻ തൂഫാൻ' ഉൾപ്പെടെ വലിയ മാറ്റമുണ്ടാക്കി. അതുകൊണ്ട് ഈ ബജറ്റിലെ ഒരു വാചകത്തിനോ, വാക്കിനോ, കുത്തിനോ, കോമയ്ക്കോ, വള്ളിക്കോ, പുള്ളിക്കോ മാറ്റമില്ലാതെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കും. ഉമ്മൻചാണ്ടി സർക്കാരിന്റെ 'അതിവേഗം ബഹുദൂരം' എന്ന ആശയം സാക്ഷാൽക്കരിച്ച് കേരളത്തിൽ കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം തുറമുഖവും സ്മാർട്ട് സിറ്റിയും നടപ്പാക്കിയതുപോലെ, കോഴി മുട്ടയ്ക്ക് മുകളിൽ അടയിരിക്കുന്നതുപോലെ നിങ്ങൾ പത്ത് വർഷമായി അടയിരുന്ന ലൈറ്റ് മെട്രോ ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കും. കഴിഞ്ഞ പത്ത് വർഷത്തെപ്പോലെ പാഴ്വാക്കുകളുടെ ഒരു പഴങ്കെട്ടായി ഈ ബജറ്റ് മാറില്ല. പ്രായോഗികമായി കേരളത്തിൽ നടപ്പിലാകാൻ പോകുന്ന പദ്ധതികളായിരിക്കും ഈ ബജറ്റിൽ ഉൾക്കൊള്ളുകയെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**ക്രമപ്രശ്നം**

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം വോട്ടുവാങ്ങി വിജയിച്ചതിൽ എനിക്ക് തർക്കമില്ല. അദ്ദേഹം മിടുക്കനാണ്, കോൺഗ്രസിന്റെ ജില്ലാ പ്രസിഡന്റാണ്. പക്ഷെ, ഞാൻ പറയാത്ത കാര്യങ്ങൾ ഇവിടെ പറഞ്ഞുവെന്നതാണ് എന്റെ പ്രശ്നം. മുമ്പ് ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ ഈ വിഷയം ഉന്നയിച്ചപ്പോഴും അക്കാര്യം ഞാൻ പറയുകയുണ്ടായി. കാരണം ഞാൻ ഏതെങ്കിലും ഒരു സമുദായത്തെയോ സമൂഹത്തെയോ മോശപ്പെടുത്തിയിട്ടില്ല. പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് വീണ്ടും ആവർത്തിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് സഭാരേഖയിൽനിന്നും ഒഴിവാക്കണമെന്നതാണ് എന്റെ ആവശ്യം, കാരണം ഞാൻ പറഞ്ഞിട്ടില്ല*. ഒരുകാര്യം

---

* ബഹു. സഭാധ്യക്ഷന്റെ 24-06-2026-ലെ ഉത്തരവുപ്രകാരം (ഫ.നം. 3597/2026/Edtg ) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ചൂണ്ടിക്കാണിക്കാനുള്ളത്, ഈ പറയപ്പെടുന്ന വിഭാഗത്തിന്റെ 75 ശതമാനം വോട്ടുവാങ്ങി ജയിച്ചയാളാണ് സജി ചെറിയാൻ എന്ന കാര്യം നിങ്ങൾ ഓർക്കേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. ജോയി എന്നെ മതേതരത്വമൊന്നും പഠിപ്പിക്കേണ്ട.

മി. സ്പീക്കർ: അത് പരിശോധിക്കാം. അവസാന നിമിഷത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഒരു വെല്ലുവിളി വേണ്ട.